Reg. No C. 101, M: 2293

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 കന്നി 19 | ലക്കം 8

# ജപമാല
## കത്തോലിക്കൻെറ കനകമാല

(ഫാദർ ലേത്തൂസ്, സി. ഡി.)

കത്തോലിക്കനു കനകമാല ജപമാലയാണു്; ആധുനികകാലത്തു പ്രത്യേകിച്ചു്. പണ്ടവർ പുഷ്പമാലകളപ്പിച്ചിരുന്നു; ദൈവപ്രസൂവിനെ പ്രസാദിപ്പിക്കുവാൻ. കവിപുംഗവനായ ഗ്രിഗരി നസിയാൻസൻെറ ഭാവനാദർപ്പണത്തിലാണു് സുന്ദരമായ ജപമാലയുടെ ആശയം ഒന്നാമതുദിച്ചതു്. മരിയാഭക്തനായ ആ വേദപാരംഗതൻ അദ്ധ്യാത്മമലർവാടിയിലേക്കു പ്രവേശിച്ചു. പ്രാത്ഥനാകുസുമങ്ങൾ ശേഖരിച്ചു. പുഷ്പമാല്യങ്ങളുടെ സ്ഥാനത്തു് ജപമാല്യങ്ങൾ നിമ്മിച്ചു മരിയക്കു സമപ്പിച്ചു. ഈ ഭക്തസമ്പ്രദായം പ്രചരിപ്പിക്കുവാനദ്ദേഹം പരിശ്രമിക്കുകയും ചെയ്തിട്ടുണ്ടു്. "ആകാശങ്ങളിലിരിക്കുന്ന" ജപവും "നന്മനിറഞ്ഞ മറിയ" ദശകങ്ങളും ചേർത്തു് ഒരു കനകമാല്യം മാതാവിനു ഒന്നാമതു സമപ്പിച്ചതു് വി. ബ്രിജീഡ് ആണെന്നു ചരിത്രം പറയുന്നു. പക്ഷേ വിശുദ്ധയുടെ ഉദ്യമത്തിനു വലിയ വിജയമുണ്ടായില്ല. ജപമാല സാഗ്ഗനാഥയുടെ വിമലഹൃദയത്തെ കുളിപ്പിക്കുന്നു എന്നറിയിക്കുവാൻ മറിയം തിരുമനസ്സായി. ജപമാലേ പ്രചുരപ്രചാരത്തിൽ വരുത്തുവാൻ 13-ാം നൂററാണ്ടിൽ വി. ഡൊമ്നിക്കിനോടു ദൈവജനനിതന്നെ അരുളിച്ചെയ്തെന്നാണു് ഐതിഹ്യം. പിൽക്കാലത്തു് ലൂർദിലും 1917-ൽ ഫാത്തിമായിലും ഇന്നു ലിപ്പായിലും പ്രത്യക്ഷയായി മറിയം ജപമാലഭക്തിയെ ഉത്തേജിപ്പിക്കുകതന്നെ ചെയ്യുന്നു. 'ഞാൻ ജപമാലയുടെ നാഥയാണു്" എന്നു മാതാവു ഫാത്തിമായിൽ പ്രസ്താവിച്ചു.

ജപമാലയുടെ സഹായത്താൽ ചുരുങ്ങിയ കാലഘട്ടത്തിനിടയിൽ ഒരു ലക്ഷത്തിൽപ്പരം പാപികളേയും പാഷണ്ഡികളേയും രക്ഷാമാഗ്ഗത്തിലേക്കു നയിക്കുവാൻ വി. ഡൊമ്നിക്കിനു സാധിച്ചു അനന്തരകാലത്തു് പതിമൂന്നാം ഗ്രിഗോരിയോസ് മാപ്പാപ്പാ ഒരു തിരുവെഴുത്തുമൂലം ജപമാലയുടെ സാഗ്ഗീയോത്ഭവത്തെ പ്രഖ്യാപനം ചെയ്യുകയുണ്ടായി. അങ്ങനെ ഒരു തിരുവെഴുത്തല്ല, 350 ഓളം തൃക്കത്തുകൾ പരിശുദ്ധപിതാക്കന്മാർ ഓരോ കാലത്തായി ജപമാലഭക്തിയെ സംബന്ധിച്ചു പ്രസിദ്ധീകരിച്ചിരിക്കുന്നു. "ജപമാല പാഷണ്ഡോപദേശവിനാശിനിയാണു്." അതു "സാഗ്ഗവും ഭൂമിയും തമ്മിൽ സംഘടിപ്പിക്കുന്ന ആകാശവില്ലാണു്." ജപമാല "ക്രിസ്തുമതപ്രചരണത്തിനുള്ള ജീവച്ഛക്തിയാണു്" എന്നെല്ലാമാണു പരിശുദ്ധപിതാക്കന്മാർ ജപമാലയെ പ്രകീത്തിച്ചിരിക്കുന്നതു് ഈ തിരുവെഴുത്തുകളിൽ.

ഒക്ടോബർ ഒന്നാം ഞായറാഴ്ച നമുക്കു് ജപമാലത്തിരുനാളായിരുന്നു. 1571-ൽ ജപമാലവഴി ക്രിസ്ത്യാനികൾക്കു് ഒരു വലിയ വിജയമുണ്ടായതു് ചരിത്രപ്രസിദ്ധമാണല്ലോ. അന്നു തിരുസ്സഭാഭരണം കൈവിളങ്ങിയിരുന്ന വി. അഞ്ചാം പിയൂസാണു് ജപമാലത്തിരുനാൾ ഒന്നാമതു സ്ഥാപിച്ചതു്. പതിനൊന്നാം ക്ലീമൻറു, ജപമാലമൂലമുണ്ടായ വേറൊരു വിജയത്തിൻെറ കൃതജ്ഞതാപ്രകടനമായിട്ടാണു് ഒക്ടോബർ ആദ്യത്തെ ഞായറാഴ്ച ജപമാലരാജ്ഞിയെ വിശേഷവിധിയായി ബഹുമാനിക്കുവാൻ ആണ്ടുതോറും തിരുനാൾ ഘോഷിക്കണമെന്നു കല്പിച്ചുത്തരവുനല്കിയതു്. ഒക്ടോബർ മാസത്തിൽ ലോകത്തെങ്ങുമുള്ള സകല പള്ളികളിലും "ജപമാല" സമപ്പിക്കപ്പെടേണ്ടതാണെന്നു് 1885-ൽ പരിശുദ്ധപിതാവു് 13-ാം ലെയോ നിദ്ദേശമരുളിയിരിക്കുന്നു. പതിനൊന്നാം പിയൂസ് പരിശുദ്ധകർബാനയുടെ സമക്ഷം "കൊന്ത" ജപിക്കുന്നവക്കു് പൂണ്ണദണ്ഡവിമോചനംതന്നെയാണു് കല്പിച്ചരുളിയിരിക്കുന്നതു്. എവുജിൻ പാച്ചെല്ലിയുടെ കൈയിൽ കുട്ടിക്കാലത്തുമുണ്ടായിരുന്നു സദാപി ഒരു ജപമാല. പന്ത്രണ്ടാം പിയൂസിൻെറ ഒരു പിരിയാത്ത കൂട്ടുകാരൻ അവിടുത്തെ കൊന്തയാണു്. കാറത്താൽ മൂന്നു പ്രാവശ്യമെങ്കിലും അനുദിനം അവിടുന്നു "അൻപത്തിമൂന്നുമണി" ജപിക്കാറുണ്ടു്. വിശ്രമം ഭരിക്കുന്ന തിരുമേനി എങ്ങനെ ഇതിനു സമയം കണ്ടെത്തുമെന്നുള്ളതു ചിന്താർഹംതന്നെ. കൊന്തഭക്തന്മാക്കു കൊടുത്തിരിക്കുന്ന ദണ്ഡവിമോചനങ്ങൾ തിരുസ്സഭാഭണ്ഡാഗാരത്തെ ശോഷിപ്പിക്കുമാറു് അത്ര അധികമാണെന്നു് ഫലിതപ്രിയനായകൻ പതാം പിയൂസ് ഒരിക്കൽ അതിശ്രദ്ധയാകർഷകമായി പറയുകയുണ്ടായി.

കത്തോലിക്കാസഭയിൽ ഇത്ര സർവ്വലോകപ്രചാരം സിദ്ധിച്ചിട്ടുള്ള ഒരു പ്രാർത്ഥന വേറെയില്ല. ഉദ്ദിഷ്ടകാര്യങ്ങൾ സാധിക്കുന്നതിനു ജപമാലയ്ക്കുള്ള ശക്തി പരിമാണലംഘിതമെന്നേ പറയാവൂ. ജപമാലപോലെ ആകുലന്മാക്കു് ആശ്വാസമരുളുന്ന ഒരപേക്ഷ വേറെ ഏതാണുള്ളതു്? ലോകത്തെവിടെയും ഒരു കത്തോലിക്കാദേവാലയത്തിൽ കയറി നോക്കുക, വിശ്വാസികൾ രഹസ്യത്തിൽ "കൊന്ത ഉരുട്ടുന്നതു കാണാം. എന്നാൽ മരിയാഭക്തിക്കു പണ്ടേ കേളികേട്ടിട്ടുള്ള നമ്മുടെ പ്രിയപ്പെട്ട മാതൃഭൂമിയായ കേരളത്തെപ്പററി പറഞ്ഞാൽ കരത്തിലോ കഴുത്തിലോ ഒരു ജപമാലയില്ലാത്തതായി ആരുണ്ടു കത്തോലിക്കരുടെ ഇടയിൽ ഉള്ളതും? കേരളത്തിൻെറ ഒരററംമുതൽ മറേറ അററംവരെ സന്ധ്യയിലും ഉഷസ്സന്ധ്യയിലും ജപമാലാപാരായണത്തിൻെറ മനോഹരനാദം ഭവനങ്ങൾതോറും മുഴങ്ങുന്നതുകേൾക്കുക എത്ര ആനന്ദപ്രദമാണു്. എത്ര ഹൃദയസ്പൃക്കമാണു്? ഈ വിഷയത്തിൽ കേരളത്തിലെ കത്തോലിക്കാവനിതാലോകം സർവ്വോപരി പ്രശംസാർഹരത്രെ. കൊന്തനമസ്കാരത്തിൽ മലങ്കരവിശ്വാസികൾക്കുള്ള വിശ്വാസം അജയ്യമാണെന്നുള്ളതു് അനിഷേധ്യവും അഭിമാനകരവുമായ ഒരു പരമാത്ഥമാണു്. കേരളീയർ പ്രാചീനകാലംമുതൽക്കേ ജപമാലഭക്തിയിൽ അദ്വിതീയരായിരുന്നു എന്നതു് തിരുസിംഹാസനത്തിനുതന്നെ സമ്മതമുള്ള കാര്യമാണു്. 1577-ൽ അന്നു തിരുസ്സഭയെ ഭരിച്ചിരുന്ന 13-ാമത്തെ ഗ്രിഗോരിയോസ് 50000 ത്തിൽപ്പരം ജപമാലകൾ സ്വകരംകൊണ്ടു ആശീർവ്വദിച്ചു മലയാളക്കരയിലേക്കു — മരിയാഭക്തരായ നമ്മുടെ പിതാക്കന്മാക്കു് — അയച്ചുകൊടുത്ത സംഭവംതന്നെ ഇതിനു മൂർദ്ധാഭിഷിക്ത ദൃഷ്ടാന്തമല്ലേ?




ജപമാലരാജ്ഞീ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

എന്നാൽ, ഇന്നു് അപൂർവ്വം ചില ഭവനങ്ങളിലും, ചില വ്യക്തികളിലും നമ്മുടെ അഭിമാനാംബിളിക്കു കളങ്കം വരുത്തുമാറു്, നമ്മുടെ കത്തോലിക്കാചൈതന്യത്തിൻെറ മാററിനു മങ്ങൽ വരുമാറു്, ജപമാലഭക്തിയിൽ മാന്ദ്യം ഭവിച്ചുകാണുന്നുണ്ടെന്നു പറയാതെ നിവൃത്തിയില്ല. കേരളീയസഭയുടെ വീരസന്താനങ്ങളായി ഭാവികാലത്തു് പരിലസിക്കേണ്ടവരായ കത്തോലിക്കായുവാക്കന്മാരേ, അനുദിനജപമാലപ്പണമെന്ന ഈ അനുഗ്രഹസരസ്സു് നിങ്ങൾക്കു് വരണ്ടുപോകാറുണ്ടെങ്കിൽ കേരളസഭയുടെ യശസ്സേറിയ പാരമ്പയ്യ വെൺസൗധമിടിച്ചുമറിക്കുന്ന മഹാപാതകത്തിനു നിങ്ങൾ കാറക്കാരാണു്. ഈ പ്രശ്നം നിങ്ങളെ തുറിച്ചുനോക്കുന്നുവോ എന്നു കാണുക. കൃത്യാന്തരബാഹുല്യംകൊണ്ടു കൊന്ത ജപിക്കുവാൻ സമയം ലഭിക്കുന്നില്ലെന്നുള്ള മുടന്തൻന്യായം എടുത്തിടുവാൻ വല്ലവരും മുതിരുന്നുവെങ്കിൽ ഈ ലേഖകനു അവരോടു പറയുവാനുള്ള സമാധാനം സ്പെയിനിലെ ആഭ്യന്തരകലഹകാലത്തു് ദേശീയകക്ഷിയുടെ നേതാവെന്ന നിലയിൽ സമരത്തിൻെറ സൂത്രധാരത്വം വഹിച്ചിരുന്ന ജനറൽ ഫ്രാങ്കോ അനുദിനം ജപമാല ജപിക്കുവാൻ സമയം കണ്ടെത്തിയിരുന്നു എന്നാണു്. രാജ്യകാര്യഭാരമെല്ലാം വഹിക്കുന്ന ഓസ്ട്രേലിയയിലെ ചിഫ്ലീക്കു, ഭരണധുരന്ധരനായിരുന്ന ഐർലണ്ടിലെ ദിവലേരയ്ക്കു്, ഉള്ളിടത്തോളം ജോലിത്തിരക്കിൽപ്പെടുന്നവരാരുണ്ടു നാമാരെങ്കിലും. അവക്കു് സമയമുണ്ടു് അനുദിനം കൊന്ത മുടക്കാതിരിക്കുവാൻ. ഐറിഷ് ജനതയുടെ സ്വാതന്ത്ര്യലബ്ധിക്കു വേണ്ടിതൻെറ വാഗ്ധാടികൊണ്ടെന്നതിനെക്കാൾ ജപമാലകൊണ്ടാണു് കൂടുതൽ ചെയ്യുവാൻ സാധിക്കുന്നതെന്നു മഹാനായ ഡാനിയൽ ഒക്കോണൽ പറയുകയുണ്ടായി. കൊന്തഭക്തി വെറും മുത്തശ്ശിഭക്തിയാണെന്നോ, പാണ്ഡിത്യത്തിനോ പരിഷ്കാരത്തിനോ യോജിച്ചതല്ലെന്നോ, വല്ല പച്ചപ്പരിഷ്കാരികളായ പട്ടപാവങ്ങളും ചിന്തിച്ചുപോകുന്നുണ്ടെങ്കിൽ ലോകമഹാശാസ്ത്രജ്ഞനും പണ്ഡിതശിഖാമണിയുമായ മക്കോണി പ്രഭുവിൻെറ മരണശയ്യയിൽ അദ്ദേഹം എന്താണു ചെയ്തിരുന്നതെന്നു ഇക്കൂട്ടർ ആരായുകതന്നെ ചെയ്യട്ടെ. "മുത്തിക്കൊന്ത" ഭക്തിപൂർവ്വം മുത്തിക്കൊണ്ടത്രെ ആ മഹാരഥൻ മരണമടഞ്ഞതു്.

മകുടംചൂടുന്ന മന്നവനും പിച്ചയിരക്കുന്ന ഭിക്ഷുകിയും, വയലിൽ വേലചെയ്തുവിയർക്കുന്ന കർഷകനും കൃത്യാന്തരബാഹുല്യത്തിലമരുന്ന വർത്തകനും ഒന്നുപോലെ ജപമാലയിൽ അഭയംതേടുന്നു. വയോവൃദ്ധൻ അന്ത്യദിനങ്ങളിൽ ആത്മസഖിയായും, ഇളംബാലിക കോമളഗളത്തിൽ പ്രേമഹാരമായും ജപമാലയെ സ്വീകരിക്കുന്നു. ദുഃഖിതർക്ക് ജപമാല ആശ്വാസമാണ്. അന്ധകാരത്തിലാണ്ടവർക്ക് ജപമാല പ്രകാശമാണ്. മരുവിദേശികൾ കണ്ണീരൊമായിരുന്ന വാൾട്ടയർതന്നെ അനന്യശരണനായപ്പോൾ ജപമാലയിലാണല്ലോ അഭയം പ്രാപിച്ചതു്!

ക്രിസ്തുമതത്തിന്റെ അസ്തിവാരങ്ങളായിരിക്കുന്ന രഹസ്യങ്ങളെയത്രെ ജപമാല നമ്മുടെ സ്മൃതിപഥത്തിൽ കൊണ്ടുവരുന്നതു്. ദൈവത്തെ സ്നേഹിക്കുന്നതിനും പാപത്തെ ദ്വേഷിക്കുന്നതിനും ജപമാല ശക്തിമത്തായന്യായങ്ങൾ കാണിച്ചുകൊണ്ടു നമ്മെ പ്രേരിപ്പിക്കുന്നു. ക്രിസ്തീയജീവിതത്തിന്റെ "പരിപൂർണ്ണതയി"ലൂടെ പുരോഗമിക്കുന്നതിനു് ജപമാല നമ്മെ സഹായിക്കുന്നു. ദൈവകുമാരനെയും അവിടുത്തെ വത്സലമാതാവിനെയും സന്തോഷിപ്പിക്കുന്നതിനു് ഏറ്റം പറ്റിയ ഒരു മാർഗ്ഗവുമാണു ജപമാലഭക്തി. ഈ ജപം ദൈവജനനിക്കു ഏറ്റം പ്രിയംകരമാണെന്നു് എത്രയെത്ര പ്രാവശ്യം നമ്മുടെ കാലത്തുതന്നെ അവിടുന്നു വെളിപ്പെടുത്താതിരുന്നിട്ടില്ല. ലൂർദിലെ ബെർണ്ണദീത്തായ്ക്കും ഫാത്തിമായിലെ ജസീന്താക്കും ലിസ്സ്യായിലെ തെരസീറ്റായ്ക്കും കൊന്തയും കൈയിലേന്തിക്കൊണ്ടല്ലേ, ദൈവപ്രസൂ പ്രത്യക്ഷയായതു്? "നീ ജനങ്ങളോടു പ്രസംഗിക്കേണ്ട വിഷയം ഇതാണ്. എനിക്കും കുമാരനും ഏറ്റം പ്രസാദജനകമായ ഭക്തവിഷയവും ഇതുതന്നെ. തിന്മ ഉന്മൂലനം ചെയ്യപ്പെടുന്നതിനും സുകൃതസമൃദ്ധി സാധിതമാകുന്നതിനും എന്റെ സംരക്ഷണത്തിൽ ജീവിക്കുന്നതിനും ഈ മാർഗ്ഗം സ്വീകരിച്ചുകൊള്ളുക" എന്നു 700 സംവത്സരങ്ങൾക്കു മുമ്പു് വി. ഡൊമിനിക്കിനോടു് കല്പിച്ചരുളിയ ജഗൽപാവന അവിടുത്തെ അഭിവാഞ്ഛയെ തുടരെ പ്രത്യക്ഷമാക്കിക്കൊണ്ടാണല്ലോ ഇന്നു ലിസ്സ്യായിൽ അത്ഭുതവർഷം പൊഴിക്കുന്നതു്.

ജപമാല അൽമായജനതയുടെ "കാനോനനമസ്കാരം" എന്നു പ്രകീർത്തിക്കപ്പെടുന്നു. വൈദികർക്കു് പരിശുദ്ധ കുർബാനയുടെ സമക്ഷം കാനോനനമസ്കാരം ജപിച്ചുകൊണ്ടു പ്രാപിക്കാവുന്ന പൂർണ്ണ ദണ്ഡവിമോചനംതന്നെയാണ് അൽമായർക്കു് അവിടെ കൊന്തജപിച്ചുകൊണ്ടു് നേടുവാൻ പാടുള്ളതു്. ജപമാലോച്ചാരണത്തിനു തിരുസ്സഭ നല്കിയിരിക്കുന്ന മററനുഗ്രഹങ്ങൾ നിരവധിയാണെന്നു നമുക്കറിയാം. അതിനാൽ, കമ്മ്യൂണിസം മുതലായ നാരകീയശക്തികൾ ഭൂവത്തു പ്രബലപ്പെട്ടുവരുന്ന ആധുനികകാലത്തു് ആത്മീയാഭ്യോധനത്തിൽ നമ്മൾ ഉപയോഗിക്കേണ്ട ബലവത്തായ ആയുധം ജപമാലയത്രെ. ഇപ്പോൾ സമാരംഭിച്ചിരിക്കുന്ന ഒക്ടോബർ മാസം ജപമാലഭക്തിക്കുവേണ്ടി തിരുസ്സഭ പ്രത്യേകം മാററിവച്ചിരിക്കുന്ന ദിനങ്ങളാണ്. മരിയാഭക്തരായ കേരളീയ കത്തോലിക്കരുടെ സന്താനങ്ങളെന്നഭിമാനിക്കുന്ന ഓരോ വ്യക്തിയുടെയും കൈയിൽ ഉണ്ടായിരിക്കട്ടെ ഒരു ജപമാല. ഈ കനകമാല കൈയിലെടുത്തു ജപിക്കുവാൻ, ഭക്തിപൂർവ്വം ചുംബിക്കുവാൻ, അഭിമാനപൂർവ്വം അണിയുവാൻ ഉന്മേഷപൂർവ്വം വെമ്പൽകൊള്ളാത്ത കത്തോലിക്കർ നാമമാത്രകത്തോലിക്കർമാത്രമേ ആയിരിക്കയുള്ളു എന്നു പറയുന്നതിനു മടിക്കണമോ? ജപമാല ആപത്തുകാലത്തു അഭയമരുളുന്ന ഒരു കോട്ടയാണ്. സ്വർഗ്ഗത്തിലേക്കുള്ള യാത്രക്കു് ഒരു "പാസ്പ്പോർട്ടു"മാണതു്. അതിനാൽ ജപമാല്യധാരിയായി ജീവിക്കുക. ജപമാല്യധാരിയായി വർത്തിക്കുക. ജപമാല്യധാരിയായിത്തന്നെ മരിക്കുകയും ചെയ്യുക. നിത്യന്യായാധിപനായ മിശിഹാ മരിയഭക്തരായ നമ്മെ തിരിച്ചറിയുന്നതിനുവേണ്ടി ജപമാല്യമണിഞ്ഞവരായിത്തന്നെ അവിടുത്തെ ന്യായാസനത്തിങ്കലേക്കും നമുക്കു് അണയാം. അങ്ങനെ ജപമാല്യമാകുന്ന കനകമാല അണിഞ്ഞവരായിത്തന്നെ നിതരാം സ്വർഗ്ഗാനന്ദമനുഭവിക്കുന്നതിനും ജപമാലറാണി നമ്മെ അനുഗ്രഹിക്കുമാറാകട്ടെ!



## ബോസ്കോ ബാലരംഗം

പ്രയത്നം പ്രാർത്ഥന പ്രസന്നത

### Bosco Children's Club (ബി. സി. സി.)

# വാഗ്ദാനംചെയ്യപ്പെട്ട രക്ഷകൻ

"തരുണികം നിനക്കുംപിൻ—
പിരുവർഗ്ഗത്തിലും ക്രമാൽ
പെരുകുന്നാക്കമന്യോന്യ—
മരുളും പക നാം സദാ.
ലലനാതനയൻ നിന്റെ
തലമണ്ട തകർത്തിടും
വലഞ്ഞു തൽപ്പദത്തിങ്കൽ
ഖലനാം നീ കിടന്നുഴേം."

പ്രിയ കുഞ്ഞുങ്ങളേ,

പഴയനിയമഗ്രന്ഥങ്ങളിലെല്ലാം ഇടയ്ക്കിടെ കാണുന്ന ഒരു നാമമാണിതു്— "വാഗ്ദാനംചെയ്യപ്പെട്ട രക്ഷകൻ", "പറഞ്ഞൊക്കപ്പെട്ട മിശിഹാ." ആരു ആരോടു എപ്പോഴാണു ഈ വാഗ്ദാനംചെയ്തതെന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ക്രിസ്തുമതത്തിന്റെ അടിസ്ഥാനത്തെയാണു് അതു സ്പർശിക്കുന്നതെന്നു പറയാം. ആദിമാതാപിതാക്കന്മാരുടെ അധഃപതനദിവസംതന്നെ ദൈവം ആദൻതോട്ടത്തിൽ പ്രത്യക്ഷനായി. അവരെ ശാസിച്ചു ശിക്ഷിച്ചെങ്കിലും, കരുണാകരനായ പിതാവു, മത്സരിച്ച മാലാഖാമാരോടു ചെയ്തതുപോലെ നിത്യശിക്ഷയ്ക്കു അവരെ വിധിച്ചില്ല. രക്ഷയുടെ ഒരു പ്രത്യാശ അന്നേ അവർക്കു നൽകി. നരകസർപ്പത്തിന്റെ തലയെ തകർത്തു്, മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുന്നതിനു സ്ത്രീയുടെ സന്തതിയായി ഒരു രക്ഷകൻ സമാഗമിക്കുമെന്നുള്ള വാഗ്ദാനം ആദത്തിനും ഹവ്വായ്ക്കും നൽകപ്പെട്ടു. ഇങ്ങനെ ദൈവപുത്രന്റെ മനുഷ്യാവതാരപരമരഹസ്യവും, പരിശുദ്ധ കന്യകാമറിയത്തിന്റെ ദൈവമാതൃത്വമഹത്വവും, പറുദീസായിൽവച്ചുതന്നെ നിത്യപിതാവായ സർവ്വേശ്വരൻ പ്രഖ്യാപനം ചെയ്യുകയുണ്ടായി.

സൃഷ്ടിയുടെ പുസ്തകം 3-ാം അദ്ധ്യായത്തിൽ ആ രംഗം വർണ്ണിച്ചിരിക്കുന്നതു നോക്കുക. "ദൈവമായ കർത്താവു് സർപ്പത്തോടു് അരുളിച്ചെയ്തു: നീ ഇതു ചെയ്തതുകൊണ്ടു് സകല മൃഗങ്ങളിലും, കാട്ടിലെ സകല ജീവികളിലുംവച്ചു് നീ ശപിക്കപ്പെട്ടിരിക്കുന്നു. നീ ഉരസ്സുകൊണ്ടു സഞ്ചരിക്കയും, നിന്റെ ജീവകാലം മുഴുവൻ പൊടി തിന്നുകയും ചെയ്യും. നീയും സ്ത്രീയും തമ്മിലും, നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുതയുണ്ടാക്കും. അവൻ നിന്റെ തലയിൽ ചവിട്ടും. നീ അവന്റെ കുതികാലിൽ കടിക്കും." (സൃഷ്ടി III. 14. 15).

പ്രിയ കുഞ്ഞുങ്ങളേ, നരകസർപ്പത്തിന്റെതലയെ ചവിട്ടിത്തകർത്തു് മനുഷ്യവർഗ്ഗത്തെ നിത്യനാശത്തിൽനിന്നു രക്ഷിച്ച ആ സ്ത്രീയുടെ സന്തതി, മർത്ത്യാവതാരംചെയ്ത ദൈവപുത്രനായ മിശിഹായാകുന്നുവെന്നു നാം അറിയുന്നു; വിശ്വസിക്കുന്നു. ആ സ്ത്രീയോ, ദൈവകുമാരനെ ഗർഭംധരിച്ചു പ്രസവിച്ച അമലോത്ഭവ കന്യകാമറിയമാകുന്നു. ദൈവാനുഗ്രഹത്തെ സ്തുതിക്കുക, നിത്യനാശത്തിനും നരകദാസ്യത്തിനും നമ്മെ കൈവെടിഞ്ഞുകളയാതെ, ഇത്രനല്ല ഒരു രക്ഷനാഥനെ നമുക്കു വാഗ്ദാനം ചെയ്യാൻ കൃപതോന്നിയ അവിടുത്തെ കരുണാതിരേകത്തെ ആരാധിക്കുക. ആ രക്ഷകന്റെ രക്ഷണീയഫലങ്ങൾ അനുഭവിപ്പാൻ തക്കകാലത്തുംസ്ഥലത്തും പിറന്നുവളരുവാൻ ഇടയായതിൽ ആനന്ദിക്കുക. ഇനിയും ആ ദിവ്യരക്ഷകനെ അറിഞ്ഞു വിശ്വസിപ്പാൻ ഭാഗ്യം സിദ്ധിക്കാതെ മരണനിഴലിലും നാശഗർത്തത്തിലും കിടന്നുഴലുന്ന അനേകലക്ഷങ്ങൾക്കുവേണ്ടി ഉള്ളഴിഞ്ഞു പ്രാർത്ഥിക്കുക.

പറുദീസായിൽ മുഴങ്ങിയ ആ വാഗ്ദാനത്തിന്റെ മധുരസ്വരം (Proto Evangelium) പ്രഥമ സുവിശേഷം എന്ന പേരിലാണു് അറിയപ്പെടുന്നതു്. അതു നരവർഗ്ഗത്തിനു ആകമാനമുള്ള പ്രത്യാശാഭണ്ഡാരമായിരുന്നതുപോലെതന്നെ, കാലാവസാനത്തോളമുള്ള ഒരു മുന്നറിയിപ്പുമായിരുന്നു. സ്ത്രീയുടെ സന്തതിയും സർപ്പത്തിന്റെ സന്തതിയും തമ്മിലുള്ള നിരന്തരശത്രുത അവിടെ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. അതൊരു യുദ്ധപ്രഖ്യാപനംതന്നെയായിരുന്നു. അന്നു അവിടെ പരാജയമടഞ്ഞ നരകശത്രു, അതുകൊണ്ടു പിന്മാറുന്നതല്ലെന്നും, ലോകാവസാനപര്യന്തം അവൻ ആക്രമണത്തിനു മുതിരുമെന്നും, ദൈവമക്കൾ നരകത്തോടും നരകസന്തതികളോടും പോരാടുന്നതിനു സദാ സന്നദ്ധരായിരുന്നുകൊള്ളണമെന്നും അവിടെ നമുക്കു മുന്നറിയിപ്പുതന്നിരിക്കുന്നു. ഈ യുദ്ധമാകുന്നു ഇന്നു നാം ലോകത്തിലെവിടെയും കാണുന്നതു്. മിശിഹായോടും, മിശിഹായുടെ സഭയോടും നരകസൈന്യങ്ങൾ സർവ്വത്ര ഘോരസമരം ചെയ്തുകൊണ്ടിരിക്കുന്നു. ലജ്ജാവഹമായ പരാജയമാണു് അവന്റെ അനുഭവമെന്നും ഇന്നുവരെയുള്ള ചരിത്രം സാക്ഷിക്കുന്നു. നാളെത്തേതും അതുതന്നെയായിരിക്കും. എന്നാൽ ഉണർന്നിരുന്നു പ്രാർത്ഥിപ്പാൻ ദൈവമക്കൾ സദാ ജാഗരൂകരായിരിക്കണം. കൊടുങ്കാറ്റുകൾ എത്രശക്തിപ്പെട്ടാലും അത്രയ്ക്കു കർത്താവിന്റെ പക്ഷംചേർക്കുന്നതിനു അവർ ശ്രദ്ധാലുക്കളായിരിക്കണം. "കർത്താവേ, ഞങ്ങൾ നശിക്കാൻ പോകുന്നു; ഞങ്ങളെ രക്ഷിക്കുക" എന്നു ഉച്ചസ്വരത്തിൽ അവർ ഉരുവിട്ടുകൊണ്ടിരിക്കണം. അമലോത്ഭവകന്യകേ! ക്രിസ്ത്യാനികളുടെ സഹായമായ മാതാവേ! ഞങ്ങളെ സഹായിച്ചുകൊള്ളണമേ!

### ജന്മദിനസമ്മാനങ്ങൾ

32 ആൺകുട്ടികളും 47 പെൺകുട്ടികളും ഉൾപ്പെടെ 79 അംഗങ്ങളുടെ ജന്മദിനമാണു ഒക്ടോബർമാസത്തിലുള്ളതു്. എല്ലാവർക്കും ഞങ്ങളുടെ അനുമോദനങ്ങളും ആശംസകളും! സമ്മാനാർഹരുടെ പേരുകൾ:—

126. ടി. വി. തോമസ്, പുളിംകുന്നു.
377. ജോസഫ് തോമസ്, നെല്ലിക്കൽ, എരുമേലി.
430. റോസ്‌ലി പോൾ ഓലിയപ്പുറം, കോതമംഗലം.
149 റോസമ്മ കുര്യൻ കുറിച്ച്യാപറമ്പിൽ, വൈക്കം.

### പദ്യരചനക്ലാസ്സ്

നിരവദ്യാനി പദ്യാനി യദ്യനാഢ്യ സ്യകാ ക്ഷതിഃ
ഭിക്ഷുകക്ഷേവിനിക്ഷിപ്തഃ കിമിക്ഷു നീരസോഭവേൽ.

എന്നു സംസ്കൃതത്തിൽ ഒരു ശ്ലോകമുണ്ടു്. അതായതു (അനാഢ്യസ്യപദ്യാനി) താഴ്ന്നതരക്കാരന്റെ കവിതകളാണെങ്കിലും, (യദിനിരവദ്യാനി) നിരാക്ഷേപങ്ങളായിരുന്നാൽ (കാക്ഷതി) എന്തു പോരായ്മയാണുള്ളതു്? എന്തുപോലെയെന്നാൽ, (ഭിക്ഷുകക്ഷേവിനിക്ഷിപ്തഃ) ഒരു ഭിക്ഷക്കാരന്റെ കക്ഷത്തിലിരിക്കുന്ന (ഇക്ഷു) കരിമ്പു (കിംനിരസോഭവേൽ) മധുരമില്ലാത്തതായി തീരുന്നുണ്ടോ? അതുകൊണ്ടു, ഞങ്ങൾ കുഞ്ഞുങ്ങളാണല്ലോ. ഞങ്ങളെക്കൊണ്ടു കവിതയെഴുതാൻ സാധിക്കുമോ? എന്നും മറ്റും പേടിച്ചു ആരും പിൻവാങ്ങിക്കളയരുതു്. നമ്മുടെ സരോജിനി നായിഡു ഏഴുവയസ്സിൽ ഒന്നാംതരം കവിതകൾ എഴുതിയിരുന്നു. ചെറുപ്പത്തിലേ അഭ്യസിച്ചാൽ വാസനയുള്ളവർക്കു നല്ല കവിതകൾ എഴുതാൻ സാധിക്കും. ഇന്ദ്രവജ്റയും ഉപേന്ദ്രവജ്റയുമാണു് അടുത്തയാഴ്ചത്തേക്കു കുറേക്കൂടെയൊന്നു പരിശീലിക്കണം. പാഠപ്പുസ്തകത്തിലെ ആ പദ്യങ്ങൾ വീണ്ടുംവായിച്ചുപഴകുക. പാഠാഭ്യസനത്തിനു ഞാൻ തന്നിരുന്ന പദ്യഖണ്ഡങ്ങളും വീണ്ടും ഉരുവിട്ടുനോക്കുക. താനതായി കുറേയൊക്കെ അപ്പോൾ താനേ നാവിൽ ഉദിച്ചുവരും. അവ കടലാസിലാക്കി തെററുതിരുത്തിനോക്കണം. ഇങ്ങനെ ഈ വൃത്തങ്ങൾ രണ്ടും ഉറച്ചുകഴിഞ്ഞിട്ടു അടുത്തയാഴ്ച വേറൊരു വൃത്തത്തിലേക്കു കടക്കാം.

### ബാലദീപിക ഗ്രന്ഥാവലി

ബാലരംഗത്തിനുവേണ്ടി സത്യദീപം ഒരു പ്രസ്ഥാനംകൂടി ആരംഭിക്കാൻ നിശ്ചയിച്ചിരിക്കുന്നവിവരം നിങ്ങളെ അറിയിപ്പാൻ അത്യധികം സന്തോഷമുണ്ടു്. കൊച്ചുകുഞ്ഞുങ്ങൾക്കു അമ്മമാർ അമ്മിഞ്ഞികൊടുത്തല്ലേ വളർത്തുക. എന്തുകൊണ്ടാണു്? അതേ അവർക്കു ദഹിക്കൂ. അതുപോലെ കുഞ്ഞുങ്ങൾക്കു ദഹിക്കുന്നതരം ഓരോ ചെറുപുസ്തകങ്ങൾ "ബാലദീപിക ഗ്രന്ഥാവലി" എന്ന പേരിൽ ഇടയ്ക്കിടെ പ്രസിദ്ധപ്പെടുത്താനാണുദ്ദേശിക്കുന്നതു്. തൊട്ടാലൊട്ടുന്ന ചപ്പുചവറുകൾ അവിടവിടെ ഇപ്പോൾ ധാരാളമുണ്ടു്. അതൊന്നും നിങ്ങൾ തൊടാതിരിക്കേണ്ടതു അത്യാവശ്യമാണു്. നിങ്ങൾക്കു തനതായി വല്ലതുമൊന്നില്ലെങ്കിൽ ആ മുടക്കപ്പെട്ട കനികൾ എടുത്തു ഭക്ഷിച്ചുപോകും. സ്വന്തംവക പറിച്ചു ഭക്ഷിക്കുമ്പോൾ അതിനു രുചികുറവായിരിക്കയും ചെയ്യും. അതുകൊണ്ടാക്കെയാണു് അധികൃതന്മാർ ഈ വഴിക്കു ശ്രദ്ധപതിച്ചിരിക്കുന്നതെന്നു പറയേണ്ടതില്ലല്ലോ. നിങ്ങളുടെ ഉത്സാഹവും ഉന്മേഷവും അനുസരിച്ചു ബാലദീപിക ഗ്രന്ഥാവലിയെ വികസിപ്പിച്ചുകൊണ്ടു പോകുവാനും നിങ്ങൾക്കു സാധിക്കും. കൂടുതൽ വിവരങ്ങൾ പിന്നാലെ അറിയിച്ചുകൊള്ളാം.

### കാവൽമാലാഖാ

ഒക്ടോബർമാസം കാവൽമാലാഖാമാരുടെ മാസമാണെന്നുള്ളതു മറന്നുപോകയില്ലല്ലോ. എന്തെല്ലാം ആപത്തുകളിൽനിന്നു ഈ സ്വർഗ്ഗീയസ്നേഹിതൻ നമ്മെ പ്രതിനിമിഷം സംരക്ഷിച്ചുകൊണ്ടിരിക്കുന്നു എന്നു കൃതജ്ഞതാപൂർവ്വം ഓർത്തുകൊള്ളണം. കാലത്തും വൈകിട്ടുമെങ്കിലും കാവൽമാലാഖായെ കുറിച്ചുള്ള ജപം ചൊല്ലിക്കൊള്ളാമെന്നു ഒരു സ്ഥിരപ്രതിജ്ഞ ചെയ്യുക.

കാവൽമാലാഖാമാർ നേർവഴിയിൽക്കൂടെ എപ്പോഴും നിങ്ങളെ നയിക്കട്ടെ!

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

അർത്ഥം വിശദമാക്കുക: സംസാരന്റെ തേൻകൂടു്.

(ഉത്തരം 11-ാം പേജിൽ)

## സൗജന്യവിതരണ ഫണ്ടു്

ത്യാഗപ്പെട്ടി

| | |
|---|---|
| സൊഡാലിററി, സെൻറ് അഗസ്റ്റിൻസ് ചർച്ച്, തുറവൂർ ക. | 5—6—2 |
| വേദോപദേശക്കുട്ടികൾ, മേലൂർ | 3—0—0 |
| സൊഡാലിററി, കുത്യതോട് പുത്തൻപള്ളി. | 3—0—0 |
| വാഴക്കുളം മഠം. | 5—8—0 |
| ഫോളിഫാമിലിസ്കൂൾ, അങ്കമാലി. | 5—0—0 |
| തൃപ്പൂണിത്തുറ പള്ളി. | 3—8—0 |
| സെൻറ് ജോസഫ്സ് ഇം ഹൈസ്കൂൾ & പ്രൈമറി സ്കൂൾ, ആലപ്പുഴ. | 10—6—0 |
| ഞാറക്കൽ സൊഡാലിററി & സി. ഇ. സി. | 4—11—0 |
| ചേന്ദമംഗലം കുട്ടികൾ. | 6—0—0 |
| വ: പറൂർ. | 10—0—0 |
| ഞാറക്കൽ ആൾട്ടർ ബോയ്സ്. | 1—2—8 |
| മട്ടാ സി. ഇ. സി. | 13—9—2 |
| മൂക്കന്നൂർ അനാഥശാല, പ്രൈമറിസ്കൂൾ, മിഡിൽസ്കൂൾ | 9—1—0 |
| മുതലക്കോടം പള്ളി. | 6—8—0 |

# ദാനിയൽ—ചാക്കോ അപകീർത്തിക്കേസ്

## ചെങ്ങന്നൂർ ഒന്നാംക്ലാസ് മജിസ്ട്രേട്ടിന്റെ ജഡ്ജ്മെന്റ്

["പാപ്പായുടെ ആധിപത്യം" എന്നൊരു പുസ്തകം മി. കെ. എൻ. ദാനിയേൽ പ്രസിദ്ധം ചെയ്തു. മാർപ്പാപ്പായുടെ പരമാധിപത്യത്തെപ്പററിയുള്ള കത്തോലിക്കരുടെ വിശ്വാസം വേദപുസ്തകത്തിനും സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങൾക്കും ക്രിസ്തീയ ചരിത്ര സംഭവങ്ങൾക്കും എതിരാണെന്നു സ്ഥാപിക്കുവാനായിരുന്നു ഗ്രന്ഥകാരന്റെ ഉദ്ദേശം. വേദപുസ്തകവും സഭാപിതാക്കന്മാരുടെ കൃതികളും ക്രൈസ്തവസഭാചരിത്രവും ശരിയായി പഠിക്കുന്നവർക്ക് മാർപ്പാപ്പായുടെ പരമാധിപത്യം ദൈവസ്ഥാപിതമാണെന്നു ബോദ്ധ്യപ്പെടുകതന്നെ ചെയ്യും. അതിനാൽ മി. ദാനിയേൽ വേദപുസ്തകത്തിലെയും സഭാപിതാക്കന്മാരുടേയും സഭാചരിത്രകാരന്മാരുടേയും സാക്ഷ്യങ്ങളുദ്ധരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിൽ കൃത്രിമങ്ങൾ ചെയ്തിട്ടുണ്ടായിരിക്കണമെന്നുള്ള ബോദ്ധ്യം അദ്ദേഹത്തിന്റെ ഗ്രന്ഥം കണ്ട കത്തോലിക്കരിൽ ചിലർക്കുണ്ടായി. അവരിലൊരാളായ ഫാദർ ജെയിക്കബ് നടുവത്തുശ്ശേരി ഗ്രന്ഥം വായിച്ചശേഷം അതിൽ കണ്ട ചില തെററായ ഉദ്ധരണങ്ങളും വ്യാഖ്യാനങ്ങളും "മി. ദാനിയേലിന്റെ കൃത്രിമങ്ങൾ" എന്ന തലക്കെട്ടിൽ സത്യദീപത്തിൽ എടുത്തുകാണിച്ചു. അതിനെത്തുടർന്ന് ഒരു വാദപ്രതിവാദം ഉത്ഭവിച്ചു. അതിൽ പങ്കുകൊണ്ട ശ്രീമാൻ ഐ. സി. ചാക്കോയുടെ തൂലികാപ്രഹരം മി. ദാനിയേലിനു അത്യന്തം ദുസ്സഹമായി. താൻ ഗ്രന്ഥത്തിൽ യാതൊരു കൃത്രിമങ്ങളും ചെയ്തിട്ടില്ലെന്നു തെളിയിക്കുവാൻവേണ്ടി ശ്രീമാൻ ഐ. സി. യുടെ പേരിൽ ചെങ്ങന്നൂർ ഒന്നാംക്ലാസ് മജിസ്ട്രേറ്റുകോടതിയിൽ മി. ദാനിയേൽ മാനനഷ്ടക്കേസു ഫയലാക്കി. ഫാ. റോമയോ തോമസ്, ഫാ. നടുവത്തുശ്ശേരി മുതലായി മി. ദാനിയേലിന്റെ കൃത്രിമങ്ങൾ ചൂണ്ടിക്കാണിക്കുകയും തുടർന്നുണ്ടായ വാദപ്രതിവാദത്തിൽ പങ്കെടുക്കുകയും ചെയ്ത വൈദികന്മാരെ അദ്ദേഹം സാക്ഷിപ്പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഒന്നു രണ്ടു കൊല്ലം നീണ്ടുനിന്ന വിസ്താരത്തിനുശേഷം കോടതി വിധിപ്രസ്താവിച്ചു. കത്തോലിക്കാഭാഗത്തുനിന്നു ആരോപിക്കപ്പെട്ട കൃത്രിമങ്ങൾ മി ദാനിയേൽ ഗ്രന്ഥരചനയിൽ ചെയ്തിട്ടുണ്ടെന്നായിരുന്നു വിധിയുടെ താല്പര്യം. വിധി ദുർബലപ്പെടുത്തുവാൻ മി. ദാനിയേൽ ഹൈക്കോടതിയെ അഭയം പ്രാപിക്കാതിരുന്നില്ല. എന്നാൽ ഹൈക്കോർട്ട് ജഡ്ജി മജിസ്ട്രേറ്റുകോടതിയിലെ വിധി ശരിവയ്ക്കുകയാണുണ്ടായത്. പ്രസ്തുതവിധിയുടെ പരിഭാഷ താഴെചേർക്കുന്നു. പഴയവായനക്കാരുടെ സ്മരണയെ പുതുക്കുന്നതിനും പുതിയ വായനക്കാർക്ക് അറിവു ലഭിക്കുന്നതിനും ഈ വിധിയുടെ പാരായണം ഉപകരിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം.]

### വാദിയുടെ കേസ്

ഈ കേസിലെ വാദി പാപ്പായുടെ ആധിപത്യം എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ഒരു മിസ്റ്റർ ഡാനിയലാകുന്നു. കേരളത്തിലെ ക്രിസ്തുമതസംബന്ധമായി അനേകം പുസ്തകങ്ങൾ താൻ എഴുതിട്ടുണ്ടെന്നും ക്രിസ്തുമതസംബന്ധമായ കാര്യങ്ങളെപ്പററി എഴുതുന്ന ഒരു ഗ്രന്ഥകാരൻ, വിമർശകൻ എന്ന നിലകളിൽ തന്റെ യശസ്സു പ്രതിഷ്ഠാപിതമായിട്ടുണ്ടെന്നും വാദി പറയുന്നു. ലോകത്തിലുള്ള എല്ലാ ക്രിസ്തീയസഭകളുടെയും തലവൻ പാപ്പായാണെന്നുള്ള റോമൻ കത്തോലിക്കരുടെ സിദ്ധാന്തം ശരിയല്ലെന്നു കാണിക്കുവാനുള്ള ഉദ്ദേശത്തോടുകൂടിയാണ് മേല്പറഞ്ഞ പുസ്തകം എഴുതിട്ടുള്ളതെന്നാണ് വാദി പറയുന്നത്. നടുവത്തുശേരി അച്ചൻ (ഈ കേസിലെ വാദിഭാഗം അഞ്ചാംസാക്ഷി) മേനാച്ചേരി അച്ചൻ, മണ്ണഞ്ചേരി അച്ചൻ, റോമയോസ് അച്ചൻ (വാദിഭാഗം നാലാംസാക്ഷി) മുതലായ അനേകം പേർ ഈ പുസ്തകത്തിനു നിരൂപണങ്ങൾ എഴുതിട്ടുണ്ട്. ഒരു റോമൻകത്തോലിക്കനും ഈ കേസിലെ ഒന്നാംപ്രതിയുമായ ആൾ മി. ഡാനിയലിന്റെ വിമർശകന്മാരിൽ ഒരാളാണ്. മി ഡാനിയലിന്റെ പുസ്തകം ഈ കേസിലെ ബി. അക്കം പ്രമാണമാകുന്നു അതു രണ്ടാംപതിപ്പാകുന്നു. ബി. 1. അക്കം ഒന്നാംപതിപ്പാകുന്നു. ഒന്നാംപ്രതിയുടെ പുസ്തകം എ. അക്കമാകുന്നു എ. അക്കം തിരുവനന്തപുരത്തു സിററിപ്രസ്സിൽനിന്നും രണ്ടാംപ്രതി അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ളതാകുന്നു. എ. അക്കത്തിൽ വാദിക്കു അപകീർത്തികരങ്ങളായ പല ഭാഗങ്ങളും അടങ്ങിയിരിക്കുന്നുവെന്നും, ഈ ഭാഗങ്ങൾ ഒരു ഗ്രന്ഥകാരൻ, നിരൂപകൻ എന്ന നിലകളിൽ വാദിയുടെ യശസ്സു നഷ്ടമാക്കണമെന്നുള്ള മനഃപൂർവ്വ ഉദ്ദേശത്തോടുകൂടി പ്രതി എഴുതിട്ടുള്ളതാണെന്നുമാകുന്നു വാദിഭാഗം കേസ. വാദിഭാഗം കേസിനു ആധാരമായ എ. അക്കത്തിലെ അപകീർത്തികരങ്ങളായ പ്രസ്താവനകൾ അന്യായഹർജിയിലെ 8 ാം ഖണ്ഡികയിൽ ചേർത്തിട്ടുള്ളവയാകുന്നു. അവയിൽ ചിലവയെ ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു. 1. മി ഡാനിയൽ തന്റെ വാദങ്ങളിൽ പ്രയോഗിച്ചിരിക്കുന്ന കൗടില്യങ്ങളും ഹാസ്യങ്ങളും. 2. കത്തോലിക്കർ വഞ്ചകന്മാരാണെന്നു കൂസൽകൂടാതെ ചെയ്യുന്ന പ്രഖ്യാപനങ്ങൾ. 3. മി. ഡാനിയൽ തന്റെ അജ്ഞതയേയും കിഞ്ചിജ്ഞതയേയും. 4 അപഹസിക്കുന്നതിനു ഒരുങ്ങിപ്പുറപ്പെടുന്നവൻ തർക്കശാസ്ത്രത്താൽ ബന്ധിക്കപ്പെട്ടവനല്ലല്ലോ. 5. മുട്ടുയുക്തികൾക്കും ദോഷാരോപണങ്ങൾക്കും വിരുതനായ മി. ഡാനിയൽ. 6. വഴിതെററിക്കാൻ ചെയ്യുന്ന ശ്രമം ഗർഹണീയമാണ് 7. വഞ്ചിക്കുവാൻ ചെയ്യുന്ന ശ്രമങ്ങൾ. 8. സാധുക്കളെ വഞ്ചിക്കുന്നതിനു മുതിർന്ന ഡാനിയൽ. 9 ജനങ്ങളെ വഞ്ചിക്കുന്നതിനുവേണ്ടിയും വിതണ്ഡവാദം നടത്തുന്ന. 10. സത്യത്തെക്കുറിച്ചു സ്വല്പമെങ്കിലും ബഹുമാനമുള്ളവർ. 11. ബുദ്ധിയെ ഇങ്ങനെ വ്യഭിചരിപ്പിക്കുവാൻ നിങ്ങൾക്കു കഴിയുമല്ലോ. എ അക്കത്തിലെ ഈ പ്രസ്താവനകളെല്ലാം ഏററവും അപകീർത്തികരങ്ങളാണെന്നും പൊതുജനങ്ങളുടെ ഇടയിൽ തനിക്കു സാന്മാർഗ്ഗികമായും ബുദ്ധിപരമായും താഴ്ച നേരിടുന്നതിനു ഇവ പര്യാപ്തമായിത്തീരുന്നതാണെന്നും ഒരു ഗ്രന്ഥകർത്താവ് എന്നും വിമർശകൻ എന്നും ഉള്ള തന്റെ തൊഴിലിനു ഊനംസംഭവിക്കുന്നതാണെന്നും വാദി പറയുന്നു.

### വാദിഭാഗം സാക്ഷികളും രേഖകളും

2. വാദിഭാഗത്തുനിന്നും ഏഴു സാക്ഷികളെ വിസ്തരിക്കുകയും എ. അക്കം മുതൽ ഇസഡ് അക്കംവരെയുള്ള അനേക പ്രമാണങ്ങൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. പ്രതിഭാഗത്തുനിന്നും ഒട്ടനവധി (47 എണ്ണം) പ്രമാണങ്ങൾ ഹാജരാക്കിട്ടുണ്ട്. വാദിഭാഗം 1-ാംസാക്ഷി ഹർജിക്കാരൻതന്നെയാകുന്നു. എ അക്കം പുസ്തകത്തിലെ പ്രസ്താവനങ്ങൾ അപകീർത്തികരങ്ങളാണെന്നു തെളിയിക്കുന്നതിനു വാദിഭാഗം രണ്ടാംസാക്ഷിയെ വിസ്തരിച്ചിട്ടുണ്ട്. വാദിഭാഗം മൂന്നാം സാക്ഷി നവഭാരതി എന്നു പേരുള്ള ഒരു മലയാള പത്രത്തിന്റെ പത്രാധിപരാകുന്നു. എ. അക്കം ഒന്നാംപ്രതി എഴുതിയതാണെന്നും, ആയതു ഒരു പത്രാധിപർ എന്ന നിലക്കു അദ്ദേഹത്തിനു ഒന്നാംപ്രതി അയച്ചുകൊടുത്തിട്ടുള്ളതാണെന്നും തെളിയിക്കുന്നതിനു അദ്ദേഹത്തെ വിസ്തരിച്ചു. വാദിഭാഗം 4-ം, 5-ം സാക്ഷികൾ ബി. അക്കപുസ്തകത്തെ വിമർശിച്ചുകൊണ്ടു ലേഖനങ്ങൾ എഴുതിട്ടുള്ള രണ്ടു റോമൻകത്തോലിക്കാവൈദികന്മാരാകുന്നു, എച്ച്. അക്കം പ്രസിദ്ധീകരണത്തിൽ വാദിഭാഗം 5-ാംസാക്ഷി പ്രധാനിയായി കാണപ്പെടുന്നു. വാദി എഴുതിട്ടുള്ള "പാപ്പായുടെ ആധിപത്യം എന്ന ഗ്രന്ഥത്തെ സംബന്ധിച്ചുണ്ടായ ആക്ഷേപങ്ങളും പ്രത്യുത്തരങ്ങളും" എന്നാകുന്നു അതിന്റെ പേരു. വാദിയും വാദിഭാഗം 5-ാംസാക്ഷിയും തമ്മിൽ ഈ വിഷയത്തെപ്പററി നടത്തിയിട്ടുള്ള വാദപ്രതിവാദങ്ങളെപ്പററി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. വാദിഭാഗം 6-ാംസാക്ഷി ബി. അക്കപുസ്തകത്തെ എതിർത്തു എഴുതിട്ടുള്ള ആളായ ഒരു റോമൻകത്തോലിക്കാവൈദികനാകുന്നു. താൻ തന്നെ എഴുതിട്ടുള്ള ജെ. ക്യൂ. അക്കം പ്രമാണങ്ങളെ ഈ സാക്ഷി തെളിയിക്കുന്നു. എസ് അക്കം പ്രമാണത്തെ തെളിയിക്കുന്നതിനു വിസ്തരിച്ചിട്ടുള്ള വാദിഭാഗം 7-ാംസാക്ഷി തിരുവനന്തപുരം സിററിപ്രസ്സിലെ ഹെഡ്ക്ലാർക്കാകുന്നു. പ്രസ്സ് റഗുലേഷൻ അനുസരിച്ചു രണ്ടാംപ്രതി ഗവൺമെൻറിൽ സമർപ്പിച്ചിട്ടുള്ള ഒരു പട്ടികയാകുന്നു എസ്. അക്കം എന്നു അയാൾ പറയുന്നു. എസ്. അക്കം രണ്ടാംപ്രതി ഒപ്പിട്ടിട്ടുള്ളതും അതിൽ പറയുന്ന പുസ്തകത്തിന്റെ കർത്താവ് അതിൽ വിവരിക്കുംപ്രകാരം ഒന്നാം പ്രതിയാകുന്നു എന്നുമാണ് അയാൾ പറയുന്നത്.

### ഒന്നാം പ്രതിയുടെ ഗ്രന്ഥകർതൃത്വം

3. വാദിഭാഗം 3, 4, 5 എന്നീ സാക്ഷികൾ നല്കിയിട്ടുള്ള തെളിവും എസ്. അക്കത്തെ പിൻതാങ്ങിക്കൊണ്ടുള്ള വാദിഭാഗം 7-ാംസാക്ഷിയുടെ പ്രസ്താവനയും എ. അക്കം ഒന്നാംപ്രതി എഴുതിയിട്ടുള്ളതും തിരുവനന്തപുരത്തു സിററിപ്രസ്സിൽനിന്നും 2-ാംപ്രതി അച്ചടിച്ചു പ്രസിദ്ധംചെയ്തിട്ടുള്ളതുമാണെന്നു തെളിയിക്കുന്നു ഈ സാക്ഷികളുടെ വിസ്താരത്തിനുശേഷം 1-ാംപ്രതിയിൽനിന്നും ഒരു മൊഴി എന്റെ മുൻഗാമി റിക്കാർട്ടാക്കിട്ടുണ്ട്. ആ മൊഴിയിൽ 1-ാം പ്രതി എ അക്കത്തിന്റെ ഗ്രന്ഥകർതൃത്വവും പ്രസിദ്ധീകരണവും സമ്മതിക്കുന്നു. ഒന്നാംപ്രതിയിൽനിന്നും ഇത്തരത്തിൽ ഒരു സമ്മതം രേഖപ്പെടുത്തിയിട്ടുള്ള എന്റെ മുൻഗാമിയുടെ നടപടിയെ പ്രതിഭാഗംവക്കീൽ ശക്തിമത്തായി ആക്ഷേപിച്ചിരിക്കുന്നു എ അക്കം പുസ്തകം ഒന്നാംപ്രതി എഴുതി പ്രസിദ്ധം ചെയ്തു എന്നു കാണിക്കുന്നതിനു വാദിഭാഗത്തിനു തെളിവില്ലായിരുന്നുവെന്നും വാദിഭാഗം തെളിവിൽ പോരാതെവന്നതു പൂരിപ്പിക്കുന്നതിനു ഒന്നാംപ്രതിയുടെ മൊഴി ഉപയോഗപ്പെടുത്തിയതു ഈ കോടതിക്കു തീരെ യോജിച്ചതല്ല എന്നും അദ്ദേഹം വാദിച്ചിരിക്കുന്നു. പ്രസിദ്ധീകരണം സംബന്ധിച്ചു വാദിഭാഗത്തേക്കു തെളിവില്ല എന്നു പറയുന്ന പ്രതിഭാഗത്തെ പണ്ഡിതനായ വക്കീലിന്റെ അഭിപ്രായത്തോടു യോജിക്കുന്നതിനു എനിക്കു നിവൃത്തിയില്ല. ക്രി. ന. നിയമം 243, 70 വകുപ്പിനെ സാധൂകരിക്കുന്നതിനു; വാദി 3, 4, 5, 6, 7 എന്നീ സാക്ഷികളുടെ മൊഴികളും എസ്. അക്കം തെളിവും ധാരാളം മതിയാകും. പ്രതിക്കു വിപരീതമായി വാദിഭാഗം തെളിവിൽ വരുന്ന കാര്യങ്ങളെ വിവരിക്കുന്നതിനു പ്രതിയോടു ആവശ്യപ്പെടുന്നതിനും അങ്ങനെ ലഭിച്ചിട്ടുള്ള രേഖയെപ്പററി പരിചിന്തനം ചെയ്യുന്നതിനും ആ വകുപ്പു കോടതിക്കു അധികാരം നല്കുന്നു. വാദിഭാഗം തെളിവിൽ പ്രതിക്കു വിപരീതമായി യാതൊന്നുംതന്നെ ഇല്ലായിരുന്നുവെന്നു പറയുവാൻ നിവൃത്തിയില്ല. പ്രസിദ്ധീകരണത്തെ സംബന്ധിച്ചുള്ള വാദിഭാഗം 3, 4, 5, 7 എന്നീ സാക്ഷികളുടെ തെളിവു നിശ്ചയമായും പ്രതിക്കു പ്രതികൂലമായിട്ടുള്ളതാകുന്നു.

അതിനാൽ എ. അക്കം പുസ്തകത്തിന്റെ ഗ്രന്ഥകർതൃത്വവും പ്രസിദ്ധീകരണവും തെളിയിക്കുന്നതിനു വാദിഭാഗത്തേക്കു സാധിച്ചിട്ടുണ്ടെന്ന് എനിക്കു ബോദ്ധ്യമായിരിക്കുന്നു. കുററക്കാരൻ തന്റെ അപകീർത്തിപ്രസ്താവനയെ ന്യായീകരിക്കുമ്പോൾ ആയതിനെ നിഷേധിക്കുകയും ന്യായീകരിക്കുകയുംകൂടി ചെയ്യുവാൻ പാടില്ല എന്നുള്ള വിധിയുമായി പ്രതിഭാഗംവക്കീൽ മി. പഞ്ഞിക്കാരൻ കൂട്ടിമുട്ടിയപ്പോൾ അദ്ദേഹത്തിന്റെ വാദത്തിനിടയിൽ പുസ്തകത്തിന്റെ പ്രസിദ്ധീകരണം യഥാർത്ഥത്തിൽ സമ്മതിക്കുകയുണ്ടായി.

### വാദിയുടെ ശകാരവർഷവും ഒന്നാംപ്രതിയെപ്പററിയുള്ള വാദിയുടെ സമ്മതവും

4. എ. അക്കം പുസ്തകം അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നതിനു പ്രതിക്കു സമാധാനമുണ്ടോ ഇല്ലയോ, എന്നുള്ളതിനെപ്പററിയാണ് ഇനിയും ആലോചിക്കാനുള്ളത്. റോമൻകത്തോലിക്കാസമുദായത്തിലെ ഒരു പ്രധാന അംഗമാകുന്നു ഒന്നാംപ്രതി എന്നു ഓർത്തിരിക്കേണ്ടതാണ്. ഇക്കാര്യം വാദി സമ്മതിച്ചിട്ടുള്ളതുമാകുന്നു. ബി. അക്കം പ്രസിദ്ധീകരിച്ചതിന്റെ ശേഷം വാദിയും അനേകം റോമൻകത്തോലിക്കാവൈദികന്മാരും തമ്മിൽ അതെപ്പററി തീവ്രമായ വാദപ്രതിവാദങ്ങൾ നടത്തിയിട്ടുണ്ട്. വാദിഭാഗം അഞ്ചാംസാക്ഷി ഈ വാദത്തിൽ ഒരു പ്രധാനഭാഗം വഹിച്ചിട്ടുണ്ട്. അതിന്റെ വിശദവിവരണം എച്ച്. അക്കത്തിൽനിന്നും കാണാവുന്നതാണ്. റോമൻകത്തോലിക്കരെയും അവരുടെ മതവിശ്വാസങ്ങളെയും വാദി ബി. അക്കത്തിൽ ശക്തിപൂർവ്വം ആക്ഷേപിച്ചിട്ടുണ്ട്. റോമൻകത്തോലിക്കർ പാപ്പായുടെ ആധിപത്യം എന്ന സിദ്ധാന്തത്തെ വ്യാജം, വഞ്ചന, കള്ളറിക്കാർഡുകൾ എന്നിവയിന്മേലാണു സ്ഥാപിച്ചിട്ടുള്ളതെന്നു (ബി. അക്കം 261-ാം വശം നോക്കുക) റോമൻകത്തോലിക്കാസഭ എത്രതന്നെ വലുതായിരുന്നാലും ആയതു വ്യാജം, വഞ്ചന, കള്ളറിക്കാർഡുകൾ എന്നിവമൂലം സ്ഥാപിതമായിട്ടുള്ളതാകയാൽ അതു ഒരു ദൈവികസ്ഥാപനമാണെന്നു വിചാരിക്കുവാൻ നിവൃത്തിയില്ലായെന്നും, (അതേവശം നോക്കുക) റോമൻകത്തോലിക്കാ സന്താനങ്ങളുടെ വളർത്തുരീതിമൂലം റോമൻകത്തോലിക്കാസമുദായത്തിനു സത്യം അറിയുന്നതിനും അതിനെ ബഹുമാനിക്കുന്നതിനും സാധിക്കയില്ലായെന്നും (262-ാംവശം) അവർ വേദപുസ്തകം വായിക്കുന്നില്ല എന്നും (ബി. അക്കം 246-ാം വശം) അവർ കള്ളപ്രമാണക്കാരാണെന്നും (എച്ച്. അക്കം 22-ാംവശം) മുഹമ്മദീയസമുദായം ഒഴികെ വേറെ ഒരു സമുദായത്തിനും വഞ്ചന, ചതി എന്നിവകളിൽ റോമൻകത്തോലിക്കാസമുദായത്തെ വെല്ലാൻ സാധിക്കുകയില്ലായെന്നും റോമൻകത്തോലിക്കാസഭയിൽ ആളുകൾ ചേരുന്നതിനു പ്രേരകമായി അവർ ആളുകൾക്കു ധാരാളമായി കോഴകൊടുക്കുന്നുണ്ടെന്നും റോമൻകത്തോലിക്കാസഭ ഒരു അന്ധകാരഗുഹയാണെന്നും വഞ്ചനയും കള്ളറിക്കാർട്ടുകൾ ചമയ്ക്കുന്നതിനും റോമൻകത്തോലിക്കരെ ജയിക്കുന്നതിനു മുഹമ്മദീയർക്കുപോലും സാധിക്കുന്നതല്ലെന്നും (262-ാം വശം നോക്കുക) വാദി അതിൽ പ്രസ്താവിച്ചിരിക്കുന്നു. വേറൊരു സന്ദർഭത്തിൽ റോമൻകത്തോലിക്കരുടെ സംഖ്യാബലത്തെ ലോകത്തിലെ വ്യഭിചാരിണികളുടെ സംഖ്യയുമായി വാദി താരതമ്യപ്പെടുത്തിയിരിക്കുന്നു. (എച്ച്. അക്കം 16-ാം വശം നോക്കുക) റോമൻകത്തോലിക്കരെപ്പററി പൊതുവേയും അവരുടെ വൈദികന്മാർ, വിശ്വാസങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെപ്പററി പ്രത്യേകമായും വാദി അനാവശ്യമായും അവിഹിതമായും രോഷദ്യോതകമായ നിലയിലുമാണു ഭാഷാപ്രയോഗം നടത്തിട്ടുള്ളതെന്നു സമ്മതിച്ചേ തീരു. വാദിയുടെ ക്രാസ്‌വിസ്താരസമയത്തു പ്രതിവക്കീൽ ഇമ്മാതിരി അനേകദൃഷ്ടാന്തങ്ങളെ വാദിയുടെ ദൃഷ്ടിയിൽ കൊണ്ടുവരികയും അവയെ വാദി സമ്മതിക്കുകയും ചെയ്തിരിക്കുന്നു. (ബി. അക്കം 14, 15, 19, 22, 23, 27, 28 എന്നീ വശങ്ങൾ നോക്കുക) ഇവയെല്ലാം റോമൻകത്തോലിക്കരുടെ നേരെ പ്രയോഗിച്ചിട്ടുള്ള ഗംഭീരശകാരവർഷങ്ങളാകുന്നു. ഇമ്മാതിരി സന്ദർഭങ്ങളിലുള്ള വാദിയുടെ പ്രകൃതത്തിനു, വാദിയുടെ വിമർശകന്മാരിൽ പലരുടേയും പക്കൽനിന്നു കർക്കശമായ ശാസനകൾ ലഭിച്ചിട്ടുണ്ട്. ഡിസ്ട്രിക്ട് ജഡ്ജി മി. എ. പിലിപ്പോസ് എഴുതിട്ടുള്ള 2 അക്കം, ഹൈക്കോർട്ടുവക്കീൽ മി. കെ. തോമസ് ബി എ. ബി. എൽ. എഴുതിട്ടുള്ള 3 അക്കത്തിന്റെ 3, 4, 5, 7, 17, 35, 36, 76 എന്നീ വശങ്ങൾ, മി. കെ. എം. വർഗ്ഗീസും മി. പി. എം. മാമ്മനും എഴുതിട്ടുള്ള 4 അക്കവും 5 അക്കവും, 6 മുതൽ 10 വരെ അക്കങ്ങളും വാദിയുടെ സമുദായമായ മാർത്തോമ്മാ സമുദായത്തിൽപ്പെട്ട എം. ഒ. കോശിക്കത്തനാർ എഴുതിട്ടുള്ള 11 അക്കം, വേറൊരു മാർത്തോമ്മാ വൈദികൻ എഴുതിട്ടുള്ള 12 അക്കം, 13 അക്കം മുതൽ 18 അക്കംവരെയുള്ളവ നോക്കുക

ക വാദിയെക്കുറിച്ചുള്ള ഈ ലേഖനങ്ങളിലേക്കു വാദിയുടെ ശ്രദ്ധയെ ക്ഷണിക്കുകയുണ്ടായി. എല്ലാം ഇല്ലെങ്കിലും അവയിൽ ചിലതെല്ലാം വായിച്ചിട്ടുള്ളതായി വാദി സമ്മതിക്കുന്നു.

താൻ ഒരു നിഷ്പക്ഷവാദിയായ വിമർശകൻ അല്ലാ എന്നു ഈ ലേഖനങ്ങളിലെല്ലാം ചിത്രീകരിച്ചിട്ടുള്ളതായി വാദി സമ്മതിക്കുന്നു. വാദിയുടെ വിമർശകന്മാരിൽ ഒരാളായ മി. കെ. എം. വർഗീസു 10 അക്കം 129-ാം വശത്തു വാദിയെ, "അസത്യത്തിന്റെ ഗർഭപാത്രമേ" "ദോഷത്തിന്റെ സ്നേഹിതാ" എന്നു വർണ്ണിച്ചിരിക്കുന്നു. ഈ വിമർശകന്മാരിൽ പലരും റോമൻകത്തോലിക്കാസമുദായത്തിൽപ്പെട്ടവരല്ല എന്നുള്ളതു പ്രസ്താവ്യമാണ്. അവരിൽ ചിലർ വാദിയുടെ സമുദായത്തിൽപ്പെട്ടവരാകുന്നു. അവർ സംസ്കാരവും അന്തസ്സും ഉള്ളവരാകുന്നു. ഇപ്രകാരത്തിലെല്ലാം ഒരു ഗ്രന്ഥകാരൻ എന്നുള്ള വാദിയുടെ പൂർവ്വകഥകളും, ബി. അക്കത്തിൽ വാദിയുടെ ഭാഷാപ്രയോഗവും, ഏതൊരു റോമൻകത്തോലിക്കനും പരിശുദ്ധമായി കരുതിപ്പോരുന്ന ഒരു വിഷയത്തെ പുരസ്കരിച്ചുള്ള വാദിയുടെ ലേഖനരീതിയും ശാന്തതയ്ക്കും സമാധാനത്തിനും ഏത്രയും വിപരീതമായുള്ള ഒരു അന്തരീക്ഷത്തെ ഉണ്ടാക്കി. ഈ കാലത്താണ് 1-ാം പ്രതി എ. അക്കം പ്രസിദ്ധപ്പെടുത്തിയതു്. മനുഷ്യന്റെ വികാരങ്ങളും നിരസങ്ങളും അവയുടെ പരമാവധിയിലേക്കു തള്ളിവിടുന്നതായ മതവിഷയം തന്നെയാകുന്നു എ. അക്കത്തിലെയും വിഷയം എന്നു പ്രത്യേകം ഓർത്തിരിക്കേണ്ടതാകുന്നു. ഒന്നാംപ്രതിക്കു തന്നോടു യാതൊരുവിധത്തിലുള്ള ശത്രുതയും ഇല്ലെന്നു വാദി സമ്മതിക്കുന്നു. വാദിയും വാദിഭാഗം 5-ാം സാക്ഷിയും തമ്മിൽ നടത്തിയ വാദപ്രതിവാദത്തെക്കുറിച്ചു മി പി. കെ. നാരായണപിള്ളയുടെ ചില അഭിപ്രായങ്ങൾക്കു മറുപടിയായി 1-ാം പ്രതി എഴുതിട്ടുള്ളതും ഈ കേസിൽ ജി. അക്കം പ്രമാണമായി ഹാജരാക്കിട്ടുള്ളതും ആയ ലേഖനത്തിൽ 1-ാം പ്രതി വാദിയോടു സ്നേഹഭാവത്തിൽ പെരുമാറുകയും നീതിവിരുദ്ധവും മര്യാദരഹിതവുമായ വിമർശനങ്ങളിൽനിന്നു വാദിയെ രക്ഷിക്കുകയും ചെയ്യുന്നു. ഈ വസ്തുത വാദി സമ്മതിക്കുകയും ഇന്നും 1-ാം പ്രതിക്കു തന്നോടുള്ള മനോഭാവം ഏറെക്കുറെ അങ്ങനെതന്നെയാണെന്നു വാദി സമ്മതിക്കുകയും ചെയ്യുന്നു. 1-ാം പ്രതിയെ വാദി ബഹുമാന്യനായി കരുതിപ്പോരുന്നു എന്നു 18 അക്കം പ്രമാണം 20-ാം വശത്തു വാദി പ്രസ്താവിച്ചിട്ടുള്ള സാക്ഷിപത്രത്തിൽനിന്നു തന്നെ തെളിയുന്നു. വാദി ഇങ്ങനെ പറയുന്നു: "അഭിപ്രായത്തിനു ഇപ്പോൾ വലിയ വ്യത്യാസമൊന്നുമില്ല ഇപ്പോഴും ഒന്നാംപ്രതിയെപ്പററിയുള്ള അഭിപ്രായം അതുതന്നെയാണ്."

വാദിക്കും ഒന്നാംപ്രതിക്കും തമ്മിൽ ശത്രുതയ്ക്കുള്ള ഏകകാരണം ബി. അക്കത്തിലെ വാദവിഷയം സംബന്ധിച്ചു 1-ാം പ്രതിക്കു ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പരാജയംമാത്രമാകുന്നു എന്നാണ് വാദി പറയുന്നതു്. ഒന്നാം പ്രതിക്കു വാദിയുടെനേരെ യാതൊരുവിധ ദുഷ്ടവിചാരവും ഇല്ലായെന്നും പ്രത്യുത മിത്രഭാവവും നല്ല അഭിപ്രായവും ആണു ഉള്ളതെന്നും വാദിയുടെ ഈദൃശസമ്മതങ്ങൾ സാക്ഷ്യം വഹിക്കുന്നു. അതുകൊണ്ടു് എ. അക്കം പുസ്തകത്തിൽ ഒന്നാംപ്രതി രേഖപ്പെടുത്തിട്ടുള്ള ഒരഭിപ്രായം ദുഷ്ടവിചാരത്തിന്റെ ഫലമായിട്ടുള്ളതാണെന്നു വിചാരിക്കാൻ പാടില്ലാത്തതാകുന്നു. ബി. അക്കത്തിലെ വിഷയത്തെക്കുറിച്ചുണ്ടായ തർക്കത്തിൽ മധ്യസ്ഥന്മാരിൽ ഒരാളായിരിക്കാൻ വാദി ഒന്നാംപ്രതിയെ ക്ഷണിക്കുകയുണ്ടായി എന്നുള്ളതും ഓർമ്മിച്ചിരിക്കേണ്ടതാണ്. ഒന്നാംപ്രതിയുടെ നിഷ്പക്ഷപാതിത്വത്തിൽ വാദിക്കുള്ള വിശ്വസനീയത ഇതിൽനിന്നും കാണാവുന്നതാണ്. അതുകൊണ്ടു് ഒന്നാംപ്രതി പുസ്തകവിമർശനം നടത്തിട്ടുള്ളതു് ഉത്തമവിശ്വാസത്തോടെയാണെന്നും ആയതു ന്യായമായ വിമർശനം ആണെന്നും കാണുന്ന പക്ഷം അദ്ദേഹത്തിന്റെ പ്രവൃത്തി സാധൂകരിക്കാവുന്നതാണ്. വാദി തന്റെ വക ബി. അക്കം പുസ്തകത്തെ പൊതുജനനിരൂപണത്തിനായി സമർപ്പിച്ചു എന്നുള്ളതിനു സംശയമില്ല. തന്റെ കൃതിയെപ്പററി വാദി നിരൂപണങ്ങൾ ക്ഷണിച്ചിട്ടുള്ളതായി ബി. അക്കം 29-ാം വശത്തുനിന്നും കാണാവുന്നതാകുന്നു. ഒന്നാംപ്രതി ഒരു റോമൻ കത്തോലിക്കനും ആ സമുദായത്തിലെ ഒരു പ്രമാണിയും അഭ്യസ്തവിദ്യനും ആകയാൽ തന്റെ പുസ്തകത്തെപ്പററി നിരൂപണം ചെയ്യുന്നതിനു് അദ്ദേഹത്തിനു അവകാശം ഉണ്ടെന്നു വാദി സമ്മതിക്കുന്നു.

"വിമർശനസ്വാതന്ത്ര്യം അനുവദിക്കപ്പെടണം. ചരിത്രത്തിന്റെ പരമാർത്ഥ്യചർച്ചക്കും ശാസ്ത്രീയാഭിവൃദ്ധിക്കും ന്യായമായ വാദപ്രതിവാദം അവശ്യം വേണ്ടതാകുന്നു. ഏതെങ്കിലും ഒരു വ്യക്തിയുടെ കീർത്തിയെ മലിനപ്പെടുത്തുവാനല്ലാതെ അവാസ്തവപ്രസ്താവനകളെ തിരുത്താനും പ്രത്യക്ഷകുയുക്തികളെ ഖണ്ഡിക്കുവാനും ആഭാസസാഹിത്യാഭിരുചിയെ ഇല്ലാതാക്കുവാനും സാഹിത്യതെററുകളെ ചൂണ്ടിക്കാണിക്കുവാനും സാന്മാർഗ്ഗികനിയമങ്ങൾക്കു വിപരീതമായുള്ളവയെ തടയുവാനും അല്ലാതെയുള്ള ഉദ്ദേശങ്ങളോടുകൂടി ചെയ്യപ്പെടുന്ന പ്രസിദ്ധീകരണങ്ങൾമാത്രമേ അപകീർത്തികരങ്ങളെന്നു ഞാൻ വിവരിക്കുകയുള്ളൂ." (ഗൊാറിന്റെ പിനൽക്കോട് 2717-ാം പുറം നോക്കുക) ആ വകുപ്പ് അനുസരിച്ചു് ശിക്ഷാർഹമോ എന്നു കല്പിക്കുന്നതിനു ഒരു മാർഗ്ഗദർശകമായി വീണ്ടും ഇങ്ങനെ പറഞ്ഞിരിക്കുന്നു. ഏതെങ്കിലും ഒരു കാര്യം പൊതുജനങ്ങളെ സംബന്ധിക്കുന്നതായാൽ അതെപ്പററിയുള്ള വിമർശനങ്ങളെക്കുറിച്ചു കോടതി അക്ഷരംപ്രതി ചർച്ചചെയ്യുവാൻ പാടില്ലാത്തതും, ന്യായമായ കോപത്തിന്റെ ഫലമായി ലേഖനം ചെയ്തിട്ടുള്ളതെന്നു എഴുത്തുകാരനു തോന്നാവുന്നതും ആയ നീതിവികാരങ്ങൾക്കു ചില വിട്ടുവീഴ്ചകൾ ചെയ്തുകൊടുക്കേണ്ടതുമാകുന്നു. ഭാഷാപ്രയോഗം എത്രയും കടന്നരീതിയിൽ ആയിപ്പോയതുകൊണ്ടു വിമർശനം അനീതിപരമായിപ്പോയെന്നു പറഞ്ഞുകൂടാത്തതും, അങ്ങനെയുള്ള അവസരങ്ങളിൽ നീതിബോധമുള്ള ഒരാൾ ഇപ്രകാരം ചെയ്യുമായിരുന്നുവോ എന്നു മാത്രം നോക്കിയാൽ മതിയാകുന്നതും ആണെന്നു പറയുന്നു. (ഗോർ വശം—2709.)

നിരൂപണഫലമായി ഒരു കൃതിയുടെ ഗ്രന്ഥകാരന്റെ സ്വഭാവത്തിനു കീർത്തിഹീനത വന്നേക്കാമെങ്കിലും, വിമർശനം കൃതിയുടെ യോഗ്യതായോഗ്യതകളെപ്പററി മാത്രമായിരിക്കേണ്ടതാണ്. വാദി പ്രസിദ്ധംചെയ്ത ഒരു നോവലിനെ അത്നിയം നിരൂപണംചെയ്തുകൊണ്ടു്, ആ പുസ്തകം നോവൽ ഇനത്തിൽവെച്ചു ഏററവും വഷളാണെന്നും, അതിന്റെ നൈർമ്മല്യക്കുറവു്, അഹംഭാവം, വഷളത്തം, ക്ഷുദ്രത്വം, ആഭാസത്വം, മരിച്ചവരേയും ജീവിച്ചിരിപ്പുള്ളവരേയും കുറിച്ചുള്ള അതിലെ ദോഷാരോപണങ്ങൾ എന്നിങ്ങനെ പലതും എടുത്തുകാണിക്കുകയുണ്ടായി. ചീഫ് ജസ്റ്റിസ് എറൾന്റെ സാക്ഷിപ്പു പ്രസംഗത്തിനുശേഷം വാദി കേസ് പിൻവലിക്കുകയുണ്ടായി (ഗോർ വശം—2718.) ഞാൻ ഈ ഉദാഹരണങ്ങൾ എല്ലാം മുഴുവനായി ഉദ്ധരിച്ചതു്, 1-ാം പ്രതി നിരൂപണസാഹിത്യത്തിലെത്രമാത്രമിറങ്ങിട്ടുണ്ടെന്നും എ. അക്കം പുസ്തകത്തിലുള്ള 1-ാം പ്രതിയുടെ പ്രസ്താവനകൾ അപകീർത്തിനിയമത്തെ യഥാർത്ഥത്തിൽ ലംഘിച്ചിട്ടുണ്ടോ എന്നും നോക്കുന്നതിനാണ്.

വാദി നിഷ്പക്ഷനിരൂപകനല്ലെന്നു ഫണ്ടേ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു

5. എ. അക്കത്തിൽ വ്യക്തിപരമായ ദോഷാരോപണങ്ങളും ഉണ്ടെന്നു വാദി പറയുന്നു. "എ. അക്കത്തിൽ എന്നെപ്പററി പുസ്തകത്തിൽനിന്നും ജനിക്കുന്ന അഭിപ്രായമല്ലാതെ (personal) വ്യക്തിപരമായും പറഞ്ഞിട്ടുണ്ടു്. മുട്ടുയുക്തിക്കും ദോഷാരോപണത്തിനും വീരതനായ മി. ഡാനിയൽ എന്നു പറഞ്ഞിട്ടുള്ളതു് കേവലം വ്യക്തിപരമായ ആക്ഷേപമാണ്. മററുള്ളതെല്ലാം വ്യക്തിപരമാണ്. എന്നാൽ എന്റെ പുസ്തകത്തിലെ ഒരു പോയന്റിനെ അടിസ്ഥാനപ്പെടുത്തിയാണ്. മുൻപറഞ്ഞിട്ടുള്ളതു മാത്രം പുസ്തകത്തിലെ ഒരു വാചകത്തിനെയും അടിസ്ഥാനപ്പെടുത്തി പറഞ്ഞിട്ടുള്ളതല്ല."

വാദിഭാഗം 1-ാം സാക്ഷി എന്ന നിലയിൽ വാദി സത്യംചെയ്തു ബോധിപ്പിച്ചിട്ടുള്ള മൊഴിയിൽ "മുട്ടുയുക്തികൾക്കും ദോഷാരോപണത്തിനും വീരതനായ മി. ഡാനിയൽ" എന്നുള്ളതു ഒഴികെ എ. അക്കത്തിൽ അപകീർത്തികരങ്ങളെന്നു പറയപ്പെടുന്നതായ മററു പ്രസ്താവനകൾ എല്ലാം വാദിയുടെ പുസ്തകമായ ബി. അക്കത്തിൽ കാണുന്നതായ വാദിയുടെ സ്വഭാവത്തെക്കുറിച്ചു 1-ാം പ്രതി പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ അല്ലാതെ അതിനുപരിയായി ഒന്നും ഇല്ല. വാദി ദോഷാരോപണങ്ങളിൽ രസിക്കുന്നുവെന്നതിനെ സാധൂകരിക്കാൻ വാദിയാൽ പ്രകീർത്തിതമായ ബി. അക്കം, എച്ച്. അക്കം എന്നിവകളിൽ ഉള്ള പല പ്രസ്താവനകളെപ്പററിയും ഞാൻ സൂചിപ്പിച്ചിട്ടുണ്ടല്ലോ. റോമൻ കത്തോലിക്കാസമുദായത്തിനു എല്ലാവിധദൂഷ്യങ്ങളും—ഏററവും ജുഗുപ്സാവഹങ്ങളായ രീതിയിലുള്ള ദൂഷ്യങ്ങൾ—വാദി ആരോപിക്കുന്നതായി ബി. എച്ച്. അക്കം പ്രമാണങ്ങളിലെ മേൽസൂചിപ്പിക്കപ്പെട്ട വശങ്ങൾ തിരഞ്ഞുനോക്കുന്നതായാൽ കാണാം. എ. അക്കത്തിലുള്ള ഒന്നാംപ്രതിയുടെ ആ പ്രസ്താവന അതിനാൽ യഥാർത്ഥവും ആയതു് ബി. അക്കത്തിൽ സാധൂകരിക്കപ്പെടുന്നതും ആകുന്നു. പൊതുജനക്ഷേമത്തിനുവേണ്ടി ആ പ്രസ്താവന ചെയ്തിട്ടുള്ളതാണെന്നുള്ളതിനു പക്ഷാന്തരമില്ല. പലഭാഗങ്ങളിലും താൻ ഹാസ്യരസത്തിൽ മുഴുകിട്ടുണ്ടെന്നു ക്രോസ്സ്‌വിസ്താരത്തിൽ വാദി സമ്മതിക്കുന്നു. ചില പ്രത്യേകഭാഗങ്ങൾ വാദിയെ ചൂണ്ടിക്കാണിച്ചതിൽ അവ നിന്ദാസ്തുതികളാണെന്നു വാദി സമ്മതിക്കുന്നു. (എച്ച്. അക്കം 19-ാം വശം ഒടുവിലത്തെ പാര., 42-ാം വശം 21-ാം പാര, 38-ാം വശം 122-ാം പാര.) മിസ്റ്റർ ഡാനിയൽ (വാദി) ഹാസ്യരസത്തിൽ മുഴുകുന്നു എന്നും എച്ച്. അക്കം തെളിയിക്കുന്നു. പ്രതിഭാഗംവക്കീൽ വാദിയുടെ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടു് 19 അക്കം പ്രമാണത്തിലെ പല ഭാഗങ്ങളെയും എടുത്തുകാണിച്ചുകൊണ്ടു് വാദിയുടെ പേരിൽ ഇതേ ആരോപണം (കുററം) കുറെക്കൂടി സ്പഷ്ടമാക്കിയിരിക്കുന്നു. ഈ അന്യായം ബോധിപ്പിക്കുന്നതിനു മുമ്പാണു വാദി 19 അക്കം എഴുതി പ്രസിദ്ധപ്പെടുത്തിട്ടുള്ളതു്.

മി. ഡാനിയലിന്റെ ഗ്രന്ഥകാരൻ, വിമർശകൻ എന്ന നിലകളെപ്പററി പലരുടേയും അഭിപ്രായങ്ങൾ അടങ്ങിയിരിക്കുന്ന (2 മുതൽ 18 അക്കം വരെ) പ്രമാണങ്ങളിൽനിന്നും മി. ഡാനിയൽ പതിവായി ഹാസ്യരസവും അബദ്ധപ്രസ്ഥാവനകളും കുയുക്തികളും പ്രയോഗിക്കാറുണ്ടെന്നു സ്ഥാപിതമായിരിക്കുന്നു. 2 മുതൽ 18 അക്കംവരെ പ്രമാണങ്ങളിൽ ഉള്ള അഭിപ്രായങ്ങൾ എ അക്കത്തിൽ ഉള്ളതിനെക്കാൾ കൂടുതൽ അപകീർത്തികരങ്ങളാണ്. എ. അക്കം പ്രസിദ്ധപ്പെടുത്തുന്നതിനെത്രയോ മുമ്പു ഈ പ്രമാണങ്ങൾ പ്രസിദ്ധംചെയ്തിട്ടുള്ളതാണ്. എന്നിട്ടും കോടതികയറി തന്റെ സ്വഭാവവൈശിഷ്ട്യം പ്രകടിപ്പിക്കുന്നതിനു വാദി തുനിഞ്ഞില്ല. അതുകൊണ്ടു ഈ കേസിനു ഉത്തമവിശ്വാസം ഇല്ലെന്നും നിഷ്പക്ഷവാദിയായ ഗ്രന്ഥകാരൻ, വിമർശകൻ എന്ന നിലകളിൽ തന്റെ പേരു പ്രതിഷ്ഠാപിതമാണെന്നുമുള്ള വാദിയുടെ പ്രസ്താവനക്കു കഴമ്പില്ലാ എന്നുമുള്ള പ്രതിഭാഗം വക്കീലിന്റെ വാദത്തിനു ശക്തികൂടുന്നു.


2 മുതൽ 18 അക്കംവരെയുള്ള പ്രമാണങ്ങളുടെ രചയിതാക്കളിൽ ഓരോരുത്തരും വാദിയെ ഒരു പക്ഷപാതിയായ നിരൂപകനെന്നു പ്രസ്താവിക്കുകയും ഒരു ഗ്രന്ഥകാരൻ, വിമർശകൻ എന്ന നിലകളിൽ വാദിക്കുള്ള പാടവത്തേയും സ്വഭാവത്തേയും പററി തീരെ പ്രോത്സാഹജനകമല്ലാത്ത വിധത്തിൽ എഴുതുകയും ചെയ്തിരിക്കുന്നു. 2 മുതൽ 18 അക്കംവരെയുള്ള പ്രമാണങ്ങളെപ്പററി വാദിക്കു നല്ലപോലെ അറിയാം. വാദി അതു സമ്മതിക്കുന്നു. എന്നിരുന്നിട്ടും ബി. അക്കത്തിന്റെ 39-ാം വശത്തു വാദി തന്നെപ്പററി ഇങ്ങനെ പറയുന്നു: "കഴിഞ്ഞ മുപ്പതിൽപ്പരം കൊല്ലങ്ങൾക്കിടയിൽ ഞാൻ അനേകം വാദപ്രതിവാദങ്ങൾ നടത്തിട്ടുണ്ടു്. എന്നാൽ ഒരിക്കലെങ്കിലും വാദത്തെ സംബന്ധിക്കുന്നതായി മേലുകീഴിലുള്ള ഭാഗങ്ങൾ മറച്ചുകൊണ്ടു വാചകം ഉദ്ധരിച്ചിട്ടുള്ളതായി ആരും എന്റെമേൽ കുററം ചുമത്തിയിട്ടില്ല." ഇതിന്റെ അർത്ഥം, ഇതിനു വല്ല അർത്ഥവുമുണ്ടെങ്കിൽ, വാദി ഒരു നിഷ്പക്ഷപാതിയായ നിരൂപകൻ എന്നു സമ്മതിക്കുന്നതിനു അർഹനായിത്തീർന്നിട്ടുണ്ടു് എന്നാണ്. ഇതു കുയുക്തിക്കാരല്ലാത്ത ശുദ്ധഗതിക്കാരുടെ നേരെ പ്രയോഗിക്കാനുള്ള ശക്തി കുറഞ്ഞ ഒരു കള്ളംപറച്ചിലാണ്.

(തുടരും)

# കുരിശുകൾ

(ഗാഥ)

ക്ലേശങ്ങളാകുന്ന ക്രൂശുകളൊട്ടേറെ
ത്രേസ്യായുമേന്തി, യാമോദപൂർവ്വം
ഉണ്ണിക്കരങ്ങളണെത്താതെ വണ്ണവും,
ഉണ്ണി വദനമുയർത്തീടാതെ
കാണുവാനാകാത്തോരൗന്നത്യവുമൊത്തു
ഭീമമായ്ത്തോന്നി, ചിലതവയിൽ.
ദുർബല, താനെന്നതോറുപാഞ്ഞവൾ,
സ്വർഗ്ഗീയനാഥനെ തേടിയപ്പോൾ;
ആമോദപൂർവ്വമദൃശ്യനായ് നിന്നു താൻ
ആ മഹാക്രൂശിനെ താങ്ങിയിഥം.



(പൈതൃകപാലനാമവം ലഭിപ്പതു
പൈതങ്ങളായോർക്കമാത്രമല്ലോ!)
ശക്തിമാന്മാരെന്നഭിമാനംകൊൾവോ
ലഭ്യമോ, യീവിധമാം സഹായം? [ക്കു
ഏകരായ് താങ്ങും കുരിശിന്റെ ഭാരത്താൽ,
പാരം ഞെരുങ്ങിടും കെല്പെഴുന്നോർ.

സിസ്റ്റർ മരിയ ആഗ്നസ്
ഡി. ഡി. ബി. എ. എൽ. ടി.

(അടുത്തുതന്നെ പ്രസിദ്ധീകരിക്കാൻ പോകുന്ന "വി. കൊച്ചുത്രേസ്യായുടെ കുറുക്കുവഴി" എന്നകാവ്യത്തിൽനിന്നു്.)

കർദ്ദിനാൾ മിൻസെൻറിയുടെ

## ഫോട്ടോ

പ്രേഗിലെ യു. എസ്. ഇൻഫർമേഷൻ ഓഫീസിൽ പ്രദർശിപ്പിച്ചിരിക്കുന്ന 200 ലോകമഹാന്മാരുടെ ചിത്രങ്ങളിലൊന്നു് ഇപ്പോൾ ബന്ധനസ്ഥനാക്കപ്പെട്ടിരിക്കുന്ന കർദ്ദിനാൾ മിൻസെൻറിയുടേതാണ്. അദ്ദേഹത്തെ ഒരു ക്രിമിനൽപ്പുള്ളിയായി താറടിക്കുവാൻ ശ്രമിക്കുന്ന ചെക്കു ഗവമെൻറ് ഇൻഫർമേഷൻ ഓഫീസർമാരുടെ പ്രസ്തുത നടപടിയെ അപലപിച്ചിരിക്കുന്നു.

8 ലക്ഷം കുട്ടികൾ

പരിശുദ്ധ പിതാവിന്റെ ബാലസംരക്ഷണസംഘടനയുടെ ആനുകൂല്യങ്ങൾ 8 ലക്ഷം ബാലർക്കു ലഭിക്കുകയുണ്ടായി.

# ഇന്ത്യൻസംസ്കാരം ലോകത്തിന്നു കെടാവിളക്കോ?

(ജോസഫ് പെട്ട എം. എ. (ഓണേഴ്സ്)

II

ഇനി ഇന്ത്യയുടെ ആധുനികസംസ്കാരം അല്പമെന്നു പരിശോധിക്കാം. പലേ കാലഘട്ടങ്ങളിലായി ലഭിച്ച വിദേശീയസമ്പർക്കവും, പ്രത്യേകിച്ചും പാശ്ചാത്യസംസ്കാരവും ക്രിസ്തീയാദർശങ്ങളും ചെലുത്തിയ പ്രേരണയും, നിമിത്തം മേൽവിവരിച്ച ദുരവസ്ഥകൾക്കു കുറെയെല്ലാം മാററം സംഭവിച്ചിട്ടുണ്ടെങ്കിലും, അവ ഇനിയും നിശ്ശേഷം നിർമ്മാർജ്ജനം ചെയ്യപ്പെട്ടിട്ടില്ല. മാത്രമല്ല, കുനിന്മേൽ കുരുവെന്നോണം, ഹിന്ദുമുസ്ലിം സമുദായങ്ങൾതമ്മിലുള്ള വർഗ്ഗീയവൈരവും തജ്ജന്യമായ വിദ്വേഷമനഃസ്ഥിതിയും വിശേഷവിധിയായി വന്നുചേർന്നിട്ടുമുണ്ടു്. അനേകലക്ഷം അധഃകൃതവർഗ്ഗങ്ങൾ ഇന്നും അധഃസ്ഥിതരായിത്തന്നെ കഴിഞ്ഞുകൂടുന്നു. മററു മതങ്ങളിലേക്കുള്ള ഹരിജനങ്ങളുടെ പരിവർത്തനവും തദ്വാരാ ഹിന്ദുസമുദായത്തിൽനിന്നുള്ള നിർഗ്ഗമനവും തടയുമാറു, പല ആനുകൂല്യങ്ങളും ഗവമ്മെൻറുകൾ അവൎക്കു ചെയ്യുന്നുണ്ടെങ്കിലും, ഉയർന്ന ജാതിക്കാരെന്നഭിമാനിക്കുന്നവരുടെ അധർമ്മബുദ്ധി മുഖാന്തിരം, അവരുടെ സാമൂഹ്യസ്ഥിതിയും സാമ്പത്തികനിലയും ഏതാണ്ടു പണ്ടെപ്പോലെതന്നെയിരിക്കുന്നു. 1947 ജനുവരിയിൽ മി. അംബദ്കർ ഐക്യരാജ്യസംഘടനയ്ക്കു സമർപ്പിച്ച മെമ്മൊറാണ്ടത്തിൽ ഇന്ത്യയിലെ ഹരിജനവർഗ്ഗത്തെപ്പററി പ്രസ്താവിക്കുന്നതു് ഇപ്രകാരമാണു്: "Tyranny and the constant and shameless resort to violence by Hindus make the position of the scheduled castes far worse than the position of Indians in South Africa." ഭാരതസ്വാതന്ത്ര്യലബ്ധിക്കുശേഷം മഹാത്മാഗാന്ധിതന്നെ, തൻെറ സ്ഥായിയായ നയമനുസരിച്ചു് ഒരു വിരൽ ബ്രിട്ടൻെറ നേൎക്കു ചൂണ്ടിയിട്ടാണെങ്കിലും, ഇപ്രകാരം തുറന്നു സമ്മതിക്കുന്നു: "ബ്രിട്ടീഷ് ഭരണദശയിലും ഹരിജനസ്വാതന്ത്ര്യത്തിൽ കൈയേററമുണ്ടായിരുന്നു. എന്നാൽ നമ്മുടെ അഭിനവലബ്ധമായ സ്വാതന്ത്ര്യത്തോടുകൂടി ആ മർദ്ദനം അവസാനിക്കുന്നതിനു പകരം പൂർവ്വാധികം ശക്തിപ്പെടുകയാണു ചെയ്തിരിക്കുന്നതു്." (23-11-47). ഇനിയും 1947 ഒക്ടോബർ 29-ാം നു- ഹരിജനപ്രതിനിധി മി. മൂർത്തി മദ്രാസ് നിയമസഭയിൽ ചെയ്ത പ്രസ്താവന കേട്ടാലും: "The shackles forged for Harijans have been tightened after the advent of dominion status for India." നെല്ലൂർ, ഗുണ്ടൂർ മുതലായ ജില്ലകളിലെ പല ഗ്രാമങ്ങളിലും ജാതിഹിന്ദുക്കൾ ഹരിജനങ്ങളുടെ കൃഷി നശിപ്പിച്ചതും ഭൂമി കൈക്കേറിയതും അവരുടെ കുടുംബാംഗങ്ങളെ പ്രഹരിച്ചു ആട്ടിയോടിച്ചതുമായ അനവധി ഉദാഹരണങ്ങൾ അദ്ദേഹം എടുത്തുകാണിക്കുകയുമുണ്ടായി. ജനങ്ങളുടെ മനഃസ്ഥിതി മാറാത്തകാലത്തോളം (എന്നുവച്ചാൽ, അവരിൽ ധാർമ്മികാവബോധം അങ്കുരിക്കാത്ത കാലത്തോളം) ഗവമ്മെൻറിനു ഒന്നും ചെയ്യാൻ സാധ്യമല്ലെന്നാണു ബ. മന്ത്രി മറുപടിപറഞ്ഞതു്. എന്നാൽ ബഹുജനപ്രാതിനിധ്യം വഹിക്കുന്ന ഗവമ്മെൻറുതന്നെയും, തങ്ങളുടെ അവശജനോദ്ധാരണനയത്തിൽ വച്ചുപുലർത്തിക്കൊണ്ടിരിക്കുന്ന വലുതായ അനീതി, അഥവാ അധർമ്മം, നാം എങ്ങനെ വിസ്മരിക്കും? പിന്നോക്കസമുദായങ്ങളുടെ ഉന്നമനത്തെ ഉദ്ദേശിച്ചു മദ്രാസ് ഗവമ്മെൻറിൻെറ ലേബർ ഡിപ്പാർട്ടുമെൻറിൽനിന്നു നടത്തിവരുന്ന വമ്പിച്ച ഒൻപതു ഹോസ്റ്റലുകളിൽ (eligible communities) അംഗീകൃതസമുദായങ്ങളിലെ ഹൈന്ദവാംഗങ്ങൾക്കുമാത്രമേ പ്രവേശനം അനുവദിക്കയുള്ളു എന്നു വ്യവസ്ഥചെയ്തിട്ടുള്ളതു കടുത്ത അധർമ്മമല്ലേ? പൊതുമുതലിൽനിന്നു ഒന്നേകാൽ കോടി ഉറുപ്പിക രണ്ടു കൊല്ലംകൊണ്ടു ഹരിജനോദ്ധാരണാർത്ഥം ചെലവുചെയ്യുമെന്നുവച്ച മദ്രാസ് ഗവമ്മെൻറു്, അതിൽ ഒരു പൈസപോലും മതപരിവർത്തനംചെയ്ത ഹരിജനസഹോദരങ്ങളെ തൊടീക്കയില്ലെന്നു ദുശ്ശാഠ്യംപിടിക്കുന്നതും ഏതു തരത്തിലുള്ള "ധർമ്മികപ്രസ്ഫുരണ"മാണെന്നു മനസ്സിലാക്കാൻ കഴിയുന്നില്ല. അത്തരം ഗവമ്മെൻറുകളെ താങ്ങിനിർത്തിയിരിക്കുന്ന ഇന്ത്യൻജനത, ധാർമ്മികബോധം മുലപ്പാലോടുകൂടി ഉൾക്കൊണ്ടതിൻെറ ഫലമായിരിക്കുമോ ഈ ദുർന്നയവിശേഷം?

പുരാതനേന്ത്യയിൽ നാം കണ്ടതുപോലെതന്നെ ആധുനികഭാരതത്തിലും സമാധാനവാഞ്ഛയുടെ പ്രകടനം വളരെ വിരളമായിരിക്കുന്നു. സമരകോലാഹലങ്ങളും വിപ്ലവാധാരണിയും ചതിയും വഞ്ചനയും കൊലയും അക്കാലത്തെപ്പോലെ ഇക്കാലത്തും സുലഭംതന്നെ. മുഗളരുടെ പ്രാബല്യകാലത്തു് ഉത്തരേന്ത്യയിലെങ്കിലും സമാധാനപരമായ ഒരന്തരീക്ഷം പുലർന്നുപോന്നു; എന്നാൽ അതിനുശേഷമാകട്ടെ, ചെറുരാജ്യങ്ങൾതമ്മിലൊ കിരീടാവകാശികൾ തമ്മിലൊ തുടർച്ചയായി നടന്ന യുദ്ധബഹളവും (തഗ്ഗർ, ഫക്കീരന്മാർ, നാഥനില്ലാത്തസൈന്യവ്യൂഹങ്ങളാദിയായി) കൊള്ളസംഘങ്ങളുടെ ആക്രമണങ്ങളും നിമിത്തം നാട്ടിലെ ഐശ്വര്യം നശിച്ചു, ജനസംഖ്യ കുറഞ്ഞു, കൃഷി താറുമാറായി, കച്ചവടഗതാഗതങ്ങൾ തടസ്സപ്പെട്ടു, സംസ്കാരം പിന്നോക്കമടിച്ചു; പ്രഭുവർഗ്ഗം സ്വാർത്ഥികളും ഹ്രസ്വദൃഷ്ടികളുമായിരുന്നു; ഉദ്യോഗസ്ഥലോകം മുഴുവൻ, അഴിമതി, അപ്രാപ്തി, വഞ്ചന ഇവയാൽ വഷളീകൃതമായിരുന്നു, എന്നിങ്ങനെയാണു ജെ. എൻ. സാർക്കാർ വർണ്ണിക്കുന്നതു്. സിക്കരുടേയും മഹാരാഷ്ട്രരുടേയും ഉയർച്ചയോടുകൂടി ഈ ദുരവസ്ഥയ്ക്കു് ഒരു മാററുകൂടി വർദ്ധിച്ചു ഇടമുറിയാതുള്ള സമരശതിയും പിണ്ഡാരികളുടെ ശല്യവും വ്യവസായവാണിജ്യങ്ങളെ തീരെ ദുസ്സാധ്യമാക്കിത്തീർത്തു. മഹാരാഷ്ട്രരുടെ ഭരണസമ്പ്രദായം വിവരിച്ചശേഷം ഈശ്വരിപ്രസാദ് ഇങ്ങനെയാണു് പ്രസ്താവിക്കുന്നതു: "Such was the administration which did little for the people and caused a feeling of insecurity among the masses." 1818-ാം കൊല്ലത്തോടുകൂടി മഹാരാഷ്ട്രരാജ്യങ്ങൾ എല്ലാംതന്നെ ബ്രിട്ടീഷ് കോയ്മയ്ക്കു കീഴടങ്ങി. ഈ സംഭവത്തെ പരാമർശിച്ചുകൊണ്ടു പ്രസാദ് പറയുന്നു: "മഹാരാഷ്ട്രരുടെ സ്വാതന്ത്ര്യത്തിനു ഒരുതിവന്നു; അതോടെ അനേകകാലമായി നാട്ടാരെ സംഭ്രാന്തിപിടിപ്പിച്ചുകൊണ്ടിരുന്ന അക്രമവും കുഴപ്പവും അവസാനിക്കയും ചെയ്തു." ഇതാണു ബ്രിട്ടീഷ് ഭരണം ഇന്ത്യക്കു നല്കിയ പ്രഥമസംഭാവന. "The first gift of the English to India was universal peace, or freedom from foreign invasion and internal disorder... A peace so profound and spread over such an extensive territory, had never before been seen in India." (J. N. Sarkar). ഈ സമാധാനം അഭംഗമായി പാലിച്ചുകൊണ്ടുപോകുന്നതിനു ശക്തിയും കഴിവുമുള്ള ഒരു ഭരണയന്ത്രവും സൈനികോപകരണങ്ങളും നല്കിക്കൊണ്ടാണു ബ്രിട്ടൻ ഇന്ത്യയിൽനിന്നു പിൻവാങ്ങിയതു്. പക്ഷേ വർഗ്ഗീയവൈരത്തിൻെറ തള്ളിച്ചയും അധികൃതകക്ഷി(Congress)യുടെ അധഃപതനവും എതിർപക്ഷത്തായിരുന്നപ്പോൾ അവർ ജനസാമാന്യത്തിൽ കുത്തിവച്ച വിദ്വേഷബുദ്ധിയും അനുയായികളെ പരിശീലിപ്പിച്ച വിധ്വംസകാടവുകളും സർവ്വോപരി ധാർമ്മികാവബോധത്തിൻെറ കുറവും നിമിത്തം ഭാരതാന്തരീക്ഷത്തിൽ അവിടവിടെയായി കാറും കാററും പ്രത്യക്ഷപ്പെട്ടുകാണുന്നുണ്ടു്. "വിധ്വംസകനടപടികൾ ആലംബമാക്കുന്നവൎക്കു് അവരുടെ മുറ വരുമ്പോൾ അതേരീതിയിൽത്തന്നെ തിരിച്ചടികിട്ടും" എന്നു ഡോക്ടർ പി. ജെ. തോമസ് കേരളദീപത്തിൽ രേഖപ്പെടുത്തിയിട്ടുള്ള പരമാർത്ഥം ഈയവസരത്തിൽ സ്മരണീയമാണു്. എങ്കിലും ഈശ്വരാനുഗ്രഹംകൊണ്ടു്, അനിഷ്ടസംഭവവികാസങ്ങൾക്കു് ഇടവരികയില്ലെന്നു പ്രത്യാശിക്കാം.

ഇന്ത്യൻ സംസ്കാരത്തിൻെറ മറെറാരു ധാർമ്മികനേട്ടമായിട്ടാണല്ലോ ഹിന്ദുമുസ്ലിംമൈത്രിയെ ചൂണ്ടിക്കാണിക്കാറുള്ളതു്. ഇതിൻെറ ഗതിവിശേഷവും നിഷ്പക്ഷമതികളെ ഇരുത്തിച്ചിന്തിപ്പിക്കാതിരിക്കയില്ല. ധാർമ്മികാവബോധം മുലപ്പാലോടുകൂടി ഉൾക്കൊണ്ടതുകൊണ്ടു തന്നെയാണു് അവസരം വരുമ്പോൾ ധാർമ്മികബോധവും സമാധാനവാഞ്ഛയും ഇന്ത്യൻ ജനതയിൽ വിജൃംഭിതമായിക്കാണുന്നതു്, എന്നത്രെ മാന്യലേഖകൻെറ പ്രസ്താവന. സ്വാതന്ത്ര്യലബ്ധിയോടുകൂടി അത്തരമൊരു സുവർണ്ണാവസരമാണല്ലോ ഭാരതജനതയ്ക്കു കൈവന്നതും. ആ ഘട്ടത്തിൽ അവർ പ്രദർശിപ്പിച്ച ധർമ്മബോധവും സമാധാനവാഞ്ഛയും, ഇന്ത്യൻ സംസ്കാരത്തിൻെറ ധാർമ്മികാടിസ്ഥാനമാഹാത്മ്യം അഖിലലോകസമക്ഷം പ്രഖ്യാപനംചെയ്യുന്നതിനു തികച്ചും പര്യാപ്തമായ ഒരു മകുടോദാഹരണംതന്നെയായിരുന്നു!! ലോകം ഭയംകൊണ്ടും വെറുപ്പുകൊണ്ടും അറപ്പുകൊണ്ടും ഞെട്ടിവിറച്ചുപോയി. ഇത്ര ഭയങ്കരവും ഭീമവും ക്രൂരതരവും മനഃപൂർവ്വവുമായ ഒരു കൂട്ടക്കൊല; ഇത്ര കടുത്തതും ഒടുങ്ങാത്തതുമായ ഒരു രക്തദാഹം; ഇത്ര പൈശാചികമായ ഒരു വിദ്വേഷമനഃസ്ഥിതി; കോടിക്കണക്കിനു ഇമ്മാത്രം ജനങ്ങളെ ഭവനരഹിതരും നിർദ്ധനരും നിരാശ്രയരും ദുരിതപൂരിതരുമാക്കിത്തീർത്ത ഒരു നെട്ടോട്ടം, അഖിലലോകചരിത്രത്തിൽ മറെറാരേടത്തും കാണാൻ സാധിക്കുന്നതല്ല. ഇന്ത്യയുടെ അതുല്യധാർമ്മികാവബോധത്തിൻെറ സമുന്നതസ്മാരകസ്തംഭമായി, ലോകത്തിനു ദീപ്തിയേറിയതും എന്നാൽ പരിഭ്രമജനകവുമായ ഒരു കെടാവിളക്കായി ആ സംഭവം എന്നെന്നും പരിലസിക്കതന്നെ ചെയ്യും.

മതസഹിഷ്ണുതയാണു ഭാരതീയരുടെ മറെറാരു വിശിഷ്ടഗുണമായി—ഭാരതസംസ്കാരത്തിൻെറ അമൂല്യസമ്പത്തുകളിലൊന്നായി—ചിലർ ചൂണ്ടിക്കാണിക്കുന്നതു്. ഒരുവൻ സുവ്യവസ്ഥിതമായ ഏതെങ്കിലും ഒരു മതത്തിൽ അടിയുറച്ചു നില്ക്കുകയും അതേസമയംതന്നെ ഇതരമതസ്ഥരെ ഉപദ്രവിക്കാതെ അവരോടു സൗഹാർദ്ദപൂർവ്വം വർത്തിക്കുകയും സ്നേഹസമന്വിതമായ പ്രബോധനവും ആദർശപരമായ ജീവിതദൃഷ്ടാന്തവും കൊണ്ടുമാത്രം അവരെ സ്വമതത്തിലേക്കു് ആകർഷിക്കുകയും ചെയ്യുന്നതാണു മതസഹിഷ്ണുതയെങ്കിൽ ആ നയം തികച്ചും ആദരണീയംതന്നെ. പക്ഷേ ഭാരതസംസ്കാരത്തിൽ അന്തർലയിച്ചുകാണുന്ന മതസഹിഷ്ണുത അത്തരത്തിലുള്ളതല്ല. ഹിന്ദുക്കൾക്കു ഖണ്ഡിതമായ മതവിശ്വാസമൊ നിഷ്കൃഷ്ടമായ ആചാരാനുഷ്ഠാനങ്ങളൊ ഒന്നുംതന്നെയില്ലെന്നുള്ളതാണു ഭാരതീയമതസഹിഷ്ണുതയുടെ അസ്ഥിവാരമായി നിലകൊള്ളുന്നതു്. സത്യദീപത്തിലെ (7-9-'49) വിമർശനവിഥിയിൽ പറയുന്നപോലെ, "ഹിന്ദുക്കൾക്കും കത്തോലിക്കാക്രിസ്ത്യാനികൾക്കുംതമ്മിൽ മതവിഷയത്തിൽ ഒരു വലിയവ്യത്യാസമുണ്ടു്. ഇന്നതു വിശ്വസിക്കണം, ഇന്നതു വിശ്വസിക്കരുതു് എന്നു യുക്തിപൂർവ്വമായ നിർബന്ധം കത്തോലിക്കർക്കുണ്ടു്. ഹിന്ദുക്കൾക്കാകട്ടെ അതില്ലെന്നാണവസ്ഥ. നിരീശ്വരനുപോലും ഹിന്ദുമതാനുയായിയായിരിക്കാൻ വിരോധമില്ലെന്നു ഹിന്ദുമതപ്രാസംഗികന്മാർപോലും പ്രഖ്യാപനംചെയ്യുന്നതായി നമുക്കറിയാം." ഏവംവിധം അഴിഞ്ഞുകുഴഞ്ഞതായ മതബോധത്തിൽനിന്നുൽഭൂതമാകുന്ന സഹിഷ്ണുത അഭിനന്ദനീയമൊ സ്വീകാര്യമൊ അല്ല. കത്തോലിക്കാക്രിസ്ത്യാനികൾക്കു് അത്തരം മതസഹിഷ്ണുതയെ പ്രശംസിക്കുന്നതിനും നിവൃത്തിയില്ല. യഥാർത്ഥമായ സഹിഷ്ണുത ഭാരതസംസ്കാരത്തിൽ കുറവാണെന്നുള്ളതിനു നമ്മുടെ ചുററും നടക്കുന്ന സംഭവങ്ങൾതന്നെ ധാരാളം ദൃഷ്ടാന്തങ്ങൾ നല്കുന്നുണ്ടു്. അവയിൽ ഒന്നാണു് ആധുനിക ഹൈന്ദവഗവമ്മെൻറുകളുടെ അധഃകൃതോദ്ധാരണപദ്ധതി. മതപരിവർത്തനംചെയ്ത അധഃകൃതൎക്കു സകലവിധ ആനുകൂല്യങ്ങളും നിഷേധിക്കുന്നതും എന്നാൽ അവർ ഹിന്ദുമതത്തിലേക്കു തിരിച്ചുചെന്നാൽ പഴയ ആനുകൂല്യങ്ങൾ എല്ലാംതന്നെ വീണ്ടും നല്കുന്നതും, വർഗ്ഗീയാസഹിഷ്ണുതയുടെ ഒരു മകുടോദാഹരണമല്ലേ? ക്രൈസ്തവരുടേയും മുസ്ലിമിങ്ങളുടേയും കുടുംബങ്ങളിൽ കൂടുതൽ കുട്ടികൾ ജനിക്കുന്നു, എന്നു തിരുവിതാംകൂറിലെ പ്രമുഖന്മാരായ ഏതാനും ഹൈന്ദവനേതാക്കന്മാർ അടുത്തകാലത്തു സർദാർ പട്ടേലിനു "ആവലാതി" സമർപ്പിച്ചതും അത്തരം അസഹിഷ്ണുതയുടെ നഗ്നവും ലജ്ജാവഹവുമായ പ്രകടനമല്ലാതെ മറെറന്താണു്?

ഇനി നമ്മുടെ സാമൂഹ്യജീവിതത്തിൻെറ മററുചില രംഗങ്ങളിലേക്കു ഒന്നു എത്തിനോക്കാം. കൃഷി, വ്യവസായം, വാണിജ്യമാദിയായവ സംബന്ധിച്ചുള്ള തൊഴിൽവ്യാപാരങ്ങളിൽ ഇന്ത്യക്കാൎക്കു സത്യനിഷ്ഠ കേവലം കുറവാണെന്നുള്ള ദുഷ്കീർത്തി വിദേശവിപണികളിൽ നാം സമ്പാദിച്ചുകഴിഞ്ഞിരിക്കുന്നു. "സത്യമാണുത്തമനയം കാലാന്തരേ" എന്നു നാം ഇനിയും മനസ്സിലാക്കിട്ടില്ല. അടുത്തകാലത്തു, നമ്മുടെ വ്യവസായ വാണിജ്യ ഡയറക്ടർ സ്വദേശസാമാനങ്ങളുടെ വില്പനയ്ക്കുവേണ്ടി അന്യരാജ്യങ്ങളുമായി, വൈദേശികകമ്പനികളുടെ ഇടനിലകൂടാതെ, നേരിട്ടു കച്ചവടബന്ധങ്ങൾ ഏർപ്പെടുത്തുന്നതിനു ഒരു ശ്രമം നടത്തി. പക്ഷേ, ഇൻഡ്യാക്കാരിൽനിന്നു "സാമ്പിൾ" അനുസരിച്ചു സാമാനങ്ങൾ ലഭിക്കുക അസാദ്ധ്യമാകയാൽ അവരുമായി നേരിട്ടു് ഇടപെടാൻ നിവൃത്തിയില്ല, എന്ന മറുപടിയാണു് അദ്ദേഹത്തിനു ലഭിച്ചതു്! വെള്ളം ചേർക്കാത്ത പാൽ, കലർപ്പില്ലാത്ത വെണ്ണ, കൂട്ടുകൂട്ടാത്ത നെയ്യു്, ചതികൂടാതെ വിധിയനുസരിച്ചു പാകപ്പെടുത്തിയ ഔഷധങ്ങൾ ആദിയായ ശുദ്ധ പദാർത്ഥങ്ങൾ നമ്മുടെ നാട്ടിൽ എത്രവളരെ ദുർലഭമായിരിക്കുന്നു. വിലയിൽ വെട്ടിപ്പു, തരത്തിൽ തട്ടിപ്പു, അളവിൽ ചതിവു് എന്നുതുടങ്ങിയുള്ള അനവധി അനീതികൾ പാശ്ചാത്യരെ അപേക്ഷിച്ചു ഭാരതസമുദായത്തിൽ എമ്മാത്രം അധികമായിരിക്കുന്നു. "We have become a nation of liars and defrauders. Unless we remedy these things, we cannot prosper," എന്നാണു കോൺഗ്രസ് അദ്ധ്യക്ഷൻ ശ്രീ പട്ടാഭിസീതാരാമയ്യ, തനിക്കു വാണിജ്യകേന്ദ്രസമിതികൾ മദ്രാസിൽവച്ചു നല്കിയ സ്വീകരണവേളയിൽ പ്രസ്താവിച്ചതു്. കള്ളനാണയനിർമ്മാണം, കള്ളാധാരരചന, കള്ളസാക്ഷി, കള്ളസത്യം എന്നിവയിലും പാശ്ചാത്യരെ അപേക്ഷിച്ചു ഭാരതീയർക്കുതന്നെയാണു മുൻകൈ. ഇംഗ്ലണ്ടിലും മററും perjury വലിയൊരപരാധമായിട്ടാണു പരിഗണിക്കപ്പെടുന്നതു്. എന്നാൽ നമ്മുടെ നാട്ടിലാകട്ടെ എത്രപേരാണു "കാപ്പിക്കാശിനു" കള്ളസാക്ഷിപറയുന്നതിനു തയ്യാറായി കച്ചേരിവരാന്തകളിൽ ചുററിപ്പററി നില്ക്കുന്നതു്. അതുപോലെതന്നെ, നേരായ സംഭവങ്ങൾ സംബന്ധിച്ചുതന്നെയും കള്ളസാക്ഷികളെക്കൊണ്ടു കെയിസ് തെളിയിക്കുന്ന സമ്പ്രദായം അവിടങ്ങളിൽ നടപ്പില്ല; ഇവിടെയൊ അത്തരം "തെളിവുണ്ടാക്കൽ" സർവ്വസാധാരണമാണുതാനും.

കളവു്, കൊള്ള, കൊലപാതകം, വ്യഭിചാരം, ഏഷണി, പരദൂഷണം ആദിയായ ദുർവൃത്തികളും പാശ്ചാത്യരെ അപേക്ഷിച്ചു ഭാരതീയരിൽ കുറവാണെന്നു പറയുവാൻ സാധിക്കുമോ? കോഴയും കൈക്കൂലിയും വർഗ്ഗീയപക്ഷപാതവും പരിയമ്പുറംവഴിക്കുള്ള ശുപാർശയും നമ്മുടെ ഉദ്യോഗസ്ഥലോകത്തെ എത്രപങ്കിലമാക്കിച്ചമച്ചിരിക്കുന്നു. അനുദ്യോഗസ്ഥസമിതികളായ പഞ്ചായത്തുകളുടെ കഥയും ഒട്ടും വ്യത്യസ്തമല്ല. മററുള്ളവൎക്കു ദൃഷ്ടാന്തവും ആദർശവുമായി വർത്തിക്കേണ്ട മന്ത്രിമാർപോലും അത്തരം പ്രേരണകൾക്കും പ്രലോഭനങ്ങൾക്കും അതീതമല്ലെന്നുള്ളതിനു ധാരാളം ഉദാഹരണങ്ങളില്ലേ? വിഷയലമ്പടത്വംകൊണ്ടു നമ്മുടെ സാഹിത്യവും ശില്പക

(ശേഷം 7-ാം പേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി

വെരി റവ. മോൺ. ജെ. സി. പഞ്ഞിക്കാരൻ

എം. എ., പി എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 ‖ ERNAKULAM, OCTOBER 5, 1949 ‖ No 8


# സോഷ്യലിസവും കത്തോലിക്കരും

കമ്മ്യൂണിസത്തെ പുരസ്കരിച്ചുള്ള റോമയിലെ തിരുസ്സംഘത്തിന്റെ പുതിയ ഡിക്രിക്കു വത്തിക്കാനിലെ അർദ്ധൗദ്യോഗികപത്രമായ "ഒസെർവത്തോറെ റൊമാനോ" നല്കിയ വിശദീകരണം ഞങ്ങൾ മുന്നൊരു ലക്കത്തിൽ ചേർത്തിരുന്നല്ലോ. കമ്മ്യൂണിസത്തെപ്പററി ദീർഘമായ വിശദീകരണം നല്കിയ ശേഷം, അവസാനത്തിൽ സോഷ്യലിസത്തെപ്പററിയും അതിൽ അല്പം പ്രസ്താവിച്ചിരുന്നു. അതിപ്രകാരമാണ്:-

സോഷ്യലിസം പലതരമുണ്ടെന്നു് എല്ലാവർക്കുമറിയാം. ഒന്നു മറെറാന്നിൽ നിന്നു വിഭിന്നമായിരിക്കുന്നു. കമ്മ്യൂണിസ്റ്റു് പാർട്ടികളോട് ഒന്നുചേർന്നിരിക്കുന്ന സോഷ്യലിസ്റ്റ് പാർട്ടിയുണ്ടാകാം. അതിന്റെ ശക്തികൾ കമ്മ്യൂണിസത്തിന്റെ ശക്തികളോട് നേരിട്ടു യോജിപ്പിച്ചുകൊണ്ടും കമ്മ്യൂണിസത്തെ സ്പഷ്ടമായി അനുകൂലിച്ചുകൊണ്ടും പ്രവർത്തനങ്ങൾ നടത്തുന്നുണ്ടാകാം. അങ്ങനെയുള്ള സോഷ്യലിസം ഡിക്രിയുടെ ആദ്യഭാഗത്തിലെ അപലപനത്തിനു വിധേയമാകുന്നുണ്ട്. ഡിക്രിയുടെ ഒന്നും രണ്ടും അക്കങ്ങളിൽ നിരോധിച്ചിരിക്കുന്ന പ്രവൃത്തികൾ സോഷ്യലിസത്തിന്റെ കാര്യത്തിൽ "അറിവോടും സമ്മതത്തോടും" കൂടി നടത്തുന്ന കത്തോലിക്കർ കൂദാശകൾ സ്വീകരിക്കാൻ അനർഹരാണെന്നും, തന്മൂലം അവർക്കു കൂദാശകൾ നല്കുവാൻ പാടുള്ളതല്ലെന്നും താല്പര്യം. ഇതിനുപുറമെ സോഷ്യലിസ്റ്റ് പാർട്ടിയംഗങ്ങളായ കത്തോലിക്കർ കമ്മ്യൂണിസത്തിന്റെ ഭൗതികമാത്രമായ സിദ്ധാന്തം സ്വീകരിക്കുന്നവരാണെങ്കിൽ ഡിക്രിയിലെ 4-ാം അക്കത്തിൽ പറയുന്ന മഹറോനിലും അവർ സ്വയം നിപതിക്കുകയും ചെയ്യുന്നു.

## മതവിരുദ്ധമായ സോഷ്യലിസം

അമേരിക്കയിലേയും യൂറോപ്പിലേയും സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രവും പ്രവർത്തനവും സൂക്ഷ്മമായി പരിശോധിച്ചാൽ കാണാം, അതിന്റെ പോക്കു മതവിരുദ്ധവും ക്രിസ്തുമതവിരുദ്ധവുമാണെന്നു്. ബ്രിട്ടനിലെ സോഷ്യലിസ്റ്റ് പാർട്ടി "സോഷ്യലിസവും മതവും" എന്ന അഭിധാനത്തിൽ വളരെ കൊല്ലങ്ങൾക്കു മുൻപു് പ്രസിദ്ധംചെയ്തു ഔദ്യോഗികമായ ഒരു ലഘുലേഖയിൽ അനേകം പ്രസ്താവങ്ങൾ ചെയ്തിരുന്നു. അതിലൊന്നാണു താഴെ ചേർക്കുന്നതു്. "ക്രിസ്ത്യൻ സോഷ്യലിസ്റ്റ് എന്നറിയപ്പെടുന്ന പദങ്ങൾ പരസ്പരവിരുദ്ധങ്ങളാണ്. ആ പ്രയോഗം തൊഴിലാളിവർഗ്ഗതാല്പര്യത്തിനും വർഗ്ഗസമരനിർവഹണത്തിനും അത്യന്തം വിപരീതമാകുന്നു......... ക്രിസ്ത്യൻ സോഷ്യലിസ്റ്റിന്റെ സ്വയം സമ്മതിക്കപ്പെട്ടിരിക്കുന്ന ലക്ഷ്യം സാധാരണമായി സോഷ്യലിസ്റ്റ് പ്രസ്ഥാനത്തെ അതിന്റെ ഭൗതികതത്വത്തിൽനിന്നു് ശുദ്ധിചെയ്യുകയാണെന്നു് തീർച്ചതന്നെ. ഇതിന്റെ അർത്ഥം അതിനെ അതിന്റെ സോഷ്യലിസത്തിൽനിന്നും ശുദ്ധിചെയ്യുകയാണെന്നു നാം കണ്ടുകഴിഞ്ഞു...... യാതൊരു മനുഷ്യനും ഒരേസമയം ഒരു സോഷ്യലിസ്റ്റായിരിക്കുവാനോ ഒരു ക്രിസ്ത്യാനിയായിരിക്കുവാനോ സാദ്ധ്യമല്ല. സോഷ്യലിസം ഒരു തത്വസിദ്ധാന്തമെന്നനിലയിലും, ഒരു സമുദായവ്യവസ്ഥിതിയെന്നനിലയിലും മതത്തിനു നേരെ എതിരാണ്."

അമേരിക്കയിലെ യഥാർത്ഥസോഷ്യലിസ്റ്റ് പ്രസ്ഥാനക്കാരും, "ക്രിസ്ത്യൻ സോഷ്യലിസം" എന്ന ആശയം അവതരിപ്പിക്കപ്പെട്ടപ്പോൾ അതിനെപ്പററി കൂടുതൽ ശക്തിയായ ഭാഷയിൽ ആക്ഷേപിക്കുകയുണ്ടായി. പ്രസ്തുതാശയത്തെ പ്രചരിപ്പിക്കുവാൻ ശ്രമിച്ചവരെ "കാപട്യക്കാർ," "ഡാംഭികന്മാർ," "കള്ളവൈദ്യന്മാർ," എന്നൊക്കെയുള്ള ചീത്തപ്പേരുകളാണു് സോഷ്യലിസ്റ്റ് നേതാക്കന്മാർ വിളിച്ചതു്. 1908 മേയ് 10-ാം-നു ചിക്കാഗോയിൽ സമ്മേളിച്ച "സോഷ്യലിസ്റ്റ് നാഷണൽ കൺവൻഷ"ന്റെ യോഗത്തിൽ താഴെക്കാണുന്ന പ്രമേയം പാസാക്കപ്പെട്ടു "സോഷ്യലിസ്റ്റ് പാർട്ടി പ്രഥമമായി സാമ്പത്തികവും രാഷ്ട്രീയവുമായ ഒരു പ്രസ്ഥാനമാകുന്നു. മതകാര്യങ്ങളിൽ അതിനു ഇടപാടൊന്നുമില്ല." ഈ പ്രമേയം സോഷ്യലിസത്തിനു മതത്തോടുള്ള വിരോധത്തെ മാച്ചുവയ്ക്കുവാനുള്ള ഒരു കപടസൂത്രമാണെന്നു് എല്ലാവർക്കുമറിയാമായിരുന്നു. ഇൻഡ്യാനായിലെ പ്രതിനിധിയായി സമ്മേളനത്തിൽ സംബന്ധിച്ച സഖാവു് സ്ട്രിക്ലൻഡ് പ്രസ്തുതവിഷയത്തെപ്പററിയുള്ള ചർച്ചകൾക്കിടയിൽ ഈ വസ്തുത വെളിവാക്കി. "എക്കണോമിക് ഡിറ്റർമിനിസം യഥാർത്ഥമാണെങ്കിൽ, സമുദായത്തിന്റെ ധാർമ്മികവും സന്മാർഗ്ഗികവുമായ തത്വങ്ങൾ അവസാനത്തിൽ സാമ്പത്തികോല്പാദനരീതിയെ ആധാരമാക്കിയാണിരിക്കുന്നതെങ്കിൽ, മതകാര്യത്തിൽ നമുക്കു യാതൊരിടപാടുമില്ലെന്നു പറയുവാൻ നിങ്ങൾ ധൈര്യപ്പെടുന്നതെങ്ങനെ" എന്നു് അദ്ദേഹം ചോദിച്ചു. വേറൊരു സഖാവായ വാൻ ഡർ പോർട്ടെൻ സമ്മേളനത്തെ ഇങ്ങനെയൊരു ചോദ്യത്താൽ വെല്ലുവിളിച്ചു. "മതം ഒരു സാമുദായികപ്രശ്നമല്ലെന്നു പറയുവാൻ ധൈര്യമുള്ള ഏതു മനുഷ്യനെങ്കിലുമുണ്ടോ?" ഈ വെല്ലുവിളിക്കു യാതൊരു മറുപടിയും നല്കപ്പെട്ടില്ല. അപ്പോളദ്ദേഹം പറഞ്ഞു, "എന്നാൽ നമുക്കൊന്നും പറയാതിരിക്കാം, അല്ലെങ്കിൽ നമുക്കു സത്യം പറയാം." ഏർണസ്റ്റ് അൺടർമാൻ എന്ന പ്രതിനിധിയുടെ നയപ്രഖ്യാപനമാണു് സമ്മേളനത്തിൽ വിജയംവരിച്ചതു്. അദ്ദേഹം പറഞ്ഞു. "നമുക്കാദ്യമായി നമ്മുടെ സാമ്പത്തികവും രാഷ്ട്രീയവുമായ പരിപാടിയുടെ യുക്തിയുക്തതയെപ്പററി ഈ ആളുകളിൽ ബോധ്യം ജനിപ്പിക്കാം; അങ്ങനെ നാം അവരെ സോഷ്യലിസ്റ്റുകളാക്കിയശേഷം, സമുദായത്തിന്റേയും പ്രകൃതിയുടേയും സ്വഭാവത്തെപ്പററിയുള്ള നമ്മുടെ സിദ്ധാന്തത്തിന്റെ യുക്തിപൂർവ്വകമായ അനുമാനങ്ങളെപ്പററി നമ്മുടെ അണിനിരയ്ക്കുള്ളിൽവച്ചു നമുക്കവരോടു സംസാരിക്കാം." ഇതിന്റെ അർത്ഥം നമുക്കവരെ ആദ്യമായി സോഷ്യലിസ്റ്റുകളാക്കാം, അനന്തരം നിരീശ്വരന്മാരാക്കാം എന്നത്രെ.

## സോഷ്യലിസം എന്തുകൊണ്ടു മതവിരുദ്ധം?

യൂറോപ്പിൽ സോഷ്യലിസം ഉത്ഭവിച്ചതു് പ്രയോഗത്തിൽ നിരീശ്വരപരമായിരുന്ന കാപ്പിററലിസത്തിന്റെ പ്രത്യാഘാതമായിട്ടാണല്ലോ. നിലവിലിരുന്ന ക്രിസ്തുമതപ്രമാണങ്ങളെ വിസ്മരിക്കുകയും പരിത്യജിക്കുകയും ചെയ്തുകൊണ്ടു് കാപ്പിററലിസ്റ്റ് വ്യവസായികൾ ധനമോഹത്തിന്റെ സുവിശേഷം പ്രസംഗിക്കുവാനും പ്രയോഗിക്കുവാനും തുടങ്ങി. "ധനം എത്രയെങ്കിലും സമ്പാദിക്കുവിൻ, സമ്പാദിക്കുന്ന മാർഗ്ഗങ്ങളെന്തുമാകട്ടെ" എന്നായിരുന്നു അവരുടെ ആദർശം. തങ്ങളുടെ ധനസമ്പാദനത്തെപ്പററി ചോദ്യംചെയ്യുവാനും കണക്കുകേൾക്കുവാനും അധികാരമുള്ള ആൾ (ദൈവം) ഇല്ലെന്നുള്ള സങ്കല്പത്തിൽ നീതിയേയോ സ്നേഹത്തേയോ ലവലേശം വകവയ്ക്കുവാൻ ന്യായമില്ലെന്നു അവർ തീർച്ചയാക്കി. തങ്ങൾ വേലക്കേർപ്പെടുത്തുന്ന തൊഴിലാളികളെ അവരുടെ ശാരീരികസാദ്ധ്യതയുടെ അങ്ങേഅററംവരെ ചൂഷണംചെയ്യുവാൻ തങ്ങൾക്കു സ്വാതന്ത്ര്യമുണ്ടെന്നു അവർ നിശ്ചയിച്ചു. ഈ ചൂഷണത്തിന്റെ ശക്തിയായ പ്രത്യാഘാതം തൊഴിലാളിവർഗ്ഗത്തിന്റെ ഭാഗത്തുനിന്നുണ്ടായി. ധനമാണു സർവസ്വമെങ്കിൽ, ധനസമ്പാദനമാണു ജീവിതലക്ഷ്യമെങ്കിൽ, ആ ലക്ഷ്യപ്രാപ്തിക്കായിട്ടാണു് മുതലാളിവർഗ്ഗം പരിശ്രമിക്കുന്നതെങ്കിൽ, അതേ ആദർശം സ്വീകരിക്കുവാനും അതേ ലക്ഷ്യം പ്രാപിക്കുവാനും ഞങ്ങൾക്കെന്തുകൊണ്ടുപാടില്ല എന്നായി തൊഴിലാളിനേതാക്കന്മാരുടെ വെല്ലുവിളി. തദനുസരണം ലോകത്തിലെ ഉല്പാദനോപകരണങ്ങൾ സമസ്തവും തങ്ങൾ പിടിച്ചടക്കേണ്ടതാണെന്നു അവർ നിശ്ചയിച്ചു. ഇതിന്റെ പരിണതഫലമാണു് സോഷ്യലിസം. അതിനാൽ സോഷ്യലിസം അതിനു കാരണമാക്കിയ കാപ്പിററലിസത്തെപ്പോലെതന്നെ ഭൗതികമാത്രമാണു്. മനുഷ്യനെ കേവലം സാമ്പത്തികജീവിയായിട്ടാണു് കാപ്പിററലിസത്തെ അനുകരിച്ചു സോഷ്യലിസവും ഗണിക്കുന്നതു്. നിലവിലിരുന്ന ഈ സോഷ്യലിസത്തിനു ശാസ്ത്രീയമായ ഒരടിസ്ഥാനം കെട്ടിപ്പടുക്കുകയാണു് കാൾ മാർക്സ് ചെയ്തതു്. അക്കാരണത്താൽ മാർക്സിസത്തെ "ശാസ്ത്രീയ സോഷ്യലിസം" എന്നു വിളിച്ചുവരുന്നു. ലോകത്തിലുള്ള സകല സ്ഥാപനങ്ങളും, മതപരവും മതേതരവും, സാമുദായികവും വ്യാവസായികവും, ഇവയെല്ലാം സാമ്പത്തിക ഘടകങ്ങളുടെ പ്രവർത്തനഫലമായിമാത്രം ഉണ്ടായിട്ടുള്ളതാണെന്നു കാൾമാർക്സ് പഠിപ്പിച്ചു. ഈ സിദ്ധാന്തത്തെ "എക്കണോമിക് ഡിറ്റർമിനിസം" എന്നു വിളിച്ചുവരുന്നു. യഥാർത്ഥസോഷ്യലിസത്തിന്റെ അടിസ്ഥാനം ഈ സിദ്ധാന്തമാണു്. ഇതിനെപ്പററിയാണു് മുകളിൽ പറഞ്ഞ ചിക്കാഗോ സമ്മേളനത്തിൽ സഖാവു സ്ട്രിക്ലൻഡ് ന്യായവാദംചെയ്തതു്. എക്കണോമിക് ഡിറ്റർമിനിസം യഥാർത്ഥമാണെങ്കിൽ, അതായതു് മനുഷ്യജീവിതം സാമ്പത്തികം മാത്രമാണെങ്കിൽ, ഭൗതികമാത്രമാണെങ്കിൽ, നമുക്കു മതകാര്യത്തിൽ യാതൊരിടപാടുമില്ലെന്നു പറയുന്നതു്, സോഷ്യലിസം മതത്തിനെതിരല്ലെന്നു പറയുന്നതു്, യുക്തിപൂർവ്വകമാണോ എന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. സോഷ്യലിസ്റ്റ് പ്രസ്ഥാനക്കാർ സ്വീകരിച്ചിരിക്കുന്ന പരിപാടിയിലെ ലക്ഷ്യങ്ങളെല്ലാം എന്നും എവിടെയും മനുഷ്യന്റെ ഈ ലോകജീവിതത്തേയും ശാരീരികരക്ഷയേയും മാത്രം പുരസ്കരിച്ചുള്ളവയാണെന്നുള്ള വസ്തുതയും ആ പ്രസ്ഥാനത്തിന്റെ ഭൗതികമാത്രസ്വഭാവത്തെ തെളിയിക്കുന്നുണ്ട്. ആരോഗ്യം, പാർപ്പിടം, ഫാക്ടറിയുടെ സ്ഥിതിഗതികൾ, ശിശുമരണം, സ്ത്രീതൊഴിലാളികൾ, വേലസമയം, വേലക്കൂലി, അപകടങ്ങൾ, തൊഴിലില്ലായ്മ, ദാരിദ്ര്യം, വാർദ്ധക്യവേതനം, രോഗം, അനാരോഗ്യം, ഭ്രാന്തു്, മദ്യപാനം, മുതലായി ഭൗതികവും ശാരീരികവുമായ ലക്ഷ്യങ്ങൾ മാത്രമാണു് ആ പരിപാടിയിൽ കൊള്ളിക്കാറുള്ളതു്. ഇവയെല്ലാം ആദ്ധ്യാത്മികജീവിതത്തിന്റെ സാദ്ധ്യതയ്ക്കും സംരക്ഷണത്തിനും ആവശ്യകങ്ങൾതന്നെ. ആ നിലയിൽ ശാരീരികങ്ങളായ കാരുണ്യപ്രവൃത്തികളുടെ ഗണത്തിൽ കത്തോലിക്കർ ഉൾപ്പെടുത്തുകയും അവയ്ക്കുവേണ്ടി സർവത്ര പരിശ്രമങ്ങൾ നടത്തുകയും ചെയ്യുന്നുണ്ടു്. അങ്ങനെ അവയെ മനുഷ്യരുടെ ആദ്ധ്യാത്മികരക്ഷയ്ക്കുവേണ്ടിയുള്ള മാർഗ്ഗങ്ങളായിട്ടല്ല, പ്രത്യുത കേവലം അവയെത്തന്നെ ലക്ഷ്യങ്ങളായിട്ടാണു് സോഷ്യലിസ്റ്റ് പ്രസ്ഥാനക്കാർ ഗണിച്ചുപോരുന്നതു്.

## സോഷ്യലിസത്തിന്റെ ചരിത്രവും ഇതുതന്നെ തെളിയിക്കുന്നു

സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റേയും സോഷ്യലിസ്റ്റ് പ്രവർത്തനങ്ങളുടേയും ചരിത്രം പരിശോധിക്കുന്നപക്ഷം അതു ക്രിസ്തുമതവിരുദ്ധമായിട്ടാണു് വർത്തിച്ചിട്ടുള്ളതെന്നു കാണാൻകഴിയും. സംഘടിതസോഷ്യലിസം, പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വിശ്വാസസംഹിതയിലല്ലെങ്കിലും, സ്വീകരിക്കപ്പെട്ടിട്ടുള്ള പ്രായോഗികപരിപാടിയിൽ ക്രിസ്തുമതത്തിന്റെ വെളിപ്പെടുത്തപ്പെട്ട തത്വങ്ങളോടു് അവജ്ഞയും വിരോധവുമാണു് പ്രകാശിപ്പിച്ചുപോന്നിട്ടുള്ളതു്.

സോഷ്യലിസത്തിന്റെ നേതാക്കന്മാരുടേയും പ്രചാരകന്മാരുടേയും മനോഭാവങ്ങളും സോഷ്യലിസ്റ്റ് പ്രസിദ്ധീകരണങ്ങളുടെ ഉള്ളടക്കങ്ങളും ഈ വസ്തുതതന്നെ തെളിയിക്കുന്നുണ്ടു്. ജർമ്മനിയിൽ സോഷ്യലിസ്റ്റ് പ്രചാരകന്മാരായിരുന്ന Bebel, Liebknecht, Kautsky, Dietzgen, Bernstein, Singer; ഫ്രാൻസിലേയും നെതർലന്റിലേയും പ്രചാരകന്മാരായിരുന്ന Lafargue, Herve, Boudin, Guesde, Jaures, Viviani, Sorel, Briand, Griffuelhes, Largardelle, Tery, Renard, Nieuwenhuis, Vandervelde; ബ്രിട്ടനിലെ പ്രചാരകന്മാരായിരുന്ന Aveling, Hyndman, Pearson, Blatchford, Bax, Quelch, Leatham, Morris, Standring; ഇംഗ്ലണ്ടിലെ ഫേബിയൻ സോഷ്യലിസ്റ്റ് പ്രചാരകന്മാരായിരുന്ന Shaw, Pease, Webb, Guest; യുണൈറ്റഡ് സ്റ്റേറ്റ്സിലെ പ്രചാരകന്മാരായിരുന്ന Bellamy, Gronlund, Spargo, Hunter, Debs, Herron, Abbott Brown, Del Mar, Hillquit, Kerr,—ഇവരെല്ലാവരുംതന്നെ ആശയങ്ങളിലും ആദർശങ്ങളിലും ക്രിസ്തീയതത്വങ്ങൾക്കു് എതിരായിരുന്നു.

സോഷ്യലിസ്റ്റ് പ്രസിദ്ധീകരണങ്ങൾ ജർമ്മനിയിൽ "Sozial Demokrat," "Vo, rwarts", "Zimmerer", "Neue Zeit"; ഫ്രാൻസിലേയും നെതർലന്റിലേയും "La Guerre Sociale", "L, Humanite", "Le Socialiste", "Petiterepublique", "Recht voor Allen", "Le peuple"; ബ്രിട്ടനിൽ "The Clarion", "The Socialist Review", "Justice"; യുണൈറ്റഡ് സ്റ്റേറ്റ്സിൽ "New York Volkszeitung", "The People", "The Comrade, The Worker"—ഇവയെല്ലാം ക്രിസ്തുമതവിരുദ്ധങ്ങളായ ആശയങ്ങൾ ഉൾക്കൊള്ളുന്നവയായിരുന്നു. ഇററലി, ആസ്ട്രിയ, സ്പെയിൻ, റഷ്യ, സ്വിററ്സർലന്റ് എന്നി രാജ്യങ്ങളിലേയും സോഷ്യലിസ്റ്റ് പ്രചാരകന്മാരുടേയും പ്രസിദ്ധീകരണങ്ങളുടേയും സ്ഥിതി ഇതുതന്നെയായിരുന്നു.

## മാർപ്പാപ്പാമാർ സോഷ്യലിസത്തെ അപലപിക്കുന്നു

സോഷ്യലിസത്തിന്റെ ഉത്ഭവത്തേയും പ്രചാരണത്തേയും അഭിമുഖീകരിക്കേണ്ടിവന്ന 9-ാം പീയൂസ്, 13-ാം ലെയോ, 10-ാം പീയൂസ് എന്നി മാർപ്പാപ്പാമാർ അതിന്റെ സിദ്ധാന്തത്തെ സാമാന്യമായും ആ സിദ്ധാന്തത്തിലെ അംശങ്ങളെ പ്രത്യേകമായും അപലപിച്ചിരുന്നു. മെത്രാന്മാരും വൈദികരും, സാമുദായിക സാമ്പത്തിക പ്രശ്നങ്ങളിൽ വിദഗ്ദ്ധന്മാരായിരുന്ന അൽമേനികളും, തത്വശാസ്ത്രജ്ഞന്മാരും വേദശാസ്ത്രജ്ഞന്മാരും, എന്നു വേണ്ട വിശ്വാസികൾ മൊത്തത്തിൽ ഈ അപലപനത്തെ ഹൃദയപൂർവ്വം സ്വീകരിക്കുകയും ചെയ്തിരുന്നു. ഒടുവിൽ 11-ാം പീയൂസ് മാർപ്പാപ്പാ 1931-ൽ പ്രസിദ്ധപ്പെടുത്തിയ "ക്വാദ്രജെസിമോ ആന്നൊ" എന്ന വിശ്വലേഖനത്തിൽ യഥാർത്ഥസോഷ്യലിസത്തിന്റെ ഭൗതികവും തന്മൂലം ക്രിസ്തുമതവിരുദ്ധവുമായ സ്വഭാവത്തെ വിശദീകരിച്ചശേഷം വിധി പ്രസ്താവിച്ചതിങ്ങനെയാണ്:—

"ഒരു യഥാർത്ഥസോഷ്യലിസ്റ്റുകാരനു് ക്രിസ്ത്യാനിയായിരിക്കുകയോ, ഒരു യഥാർത്ഥക്രിസ്ത്യാനിക്കു് യഥാർത്ഥസോഷ്യലിസ്റ്റുകാരനായിരിക്കുകയോ ഒരേ സമയം സാദ്ധ്യമല്ല."

## അടുത്ത ആഴ്ചയിൽ

ഒക്ടോബർ

9 ഞാ: പന്തക്കുസ്താ 18-ാം ഞായർ

ക. മറിയത്തിന്റെ മാതൃത്വം

10 തി: ഫ്റാൻസീസ് ബോർജിയ
11 ചൊ: യൗസേപ്പു കുപ്പർത്തിനോസ്
12 ബു: മാർട്ടീൻ
13 വ്യാ: എഡ്വേർഡ്
14 വെ: കലിസ്റ്റസ്
15 ശ: അമ്മത്രേസ്യ

## ജ പാപ്പ സ്ഥാപിച്ച സഖ്യം

ഒക്ടോബർ മാസത്തിലെ പൊതുനിയോഗം: പ്രേഷിതവേലയിൽ റേഡിയൊ ഉപകാരപ്രദമാകുവാൻ. മിഷൻ നിയോഗം: അച്ചടിശാലകൾവഴി മിഷൻകേന്ദ്രങ്ങളിലെ വിശേഷങ്ങൾ പ്രചരിക്കുന്നതിനു്.


സത്യദീപം

### വരിസംഖ്യ

| | |
|---|---|
| പ്രതിവർഷം അഞ്ചൽ | 6—0—0 |
| പ്രതിവർഷം തപാൽ | 6—8—0 |
| ഒറ്റപ്രതി | 0—2—0 |


## വിജ്ഞാപനം

ക്രിസ്തുരാജതിരുനാൾ പ്രമാണിച്ചു് ഒക്ടോബർ 26-ാംനു- (തുലാം 10-ാംനു-) 16 പേജുകളോടും വിവിധ ബ്ലോക്കുകളോടുംകൂടി പുറപ്പെടുന്ന സത്യദീപം വിശേഷാൽപ്രതിയുടെ കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർ ഒക്ടോബർ 19-ാംനു- (തുലാം 3-ാംനു-)ക്കു മുമ്പായി ഓഫീസിൽ വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണു്.

## ചരമം

ആലപ്പുഴ മർസ്ലീബാ ഫൊറോനാപള്ളി ഇടവക പരേതനായ വടക്കേകളത്തിൽ പോത്തൻ പീലിപ്പോസിന്റെ ഭാര്യ പീലിപ്പോസ് മറിയം, അന്ത്യകൂദാശകൾ സ്വീകരിച്ചതോടെ കൈക്കൊണ്ടു 1125 കന്നി 6-ാംനു- (1949 സെപ്റ്റംബർ 22-ാംനു-) വ്യാഴാഴ്ച വെളുപ്പിനു് 4 മണിക്കു് ബന്ധുമിത്രാദികളുടെ പ്രാർത്ഥനാമദ്ധ്യേയും, ബഹുമാനപ്പെട്ട അഡ്രിയാൻ അച്ചന്റെ ആദ്ധ്യാത്മികപരിചരണം സ്വീകരിച്ചുകൊണ്ടും, 80-ാ മത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. പരേതയ്ക്കു വേണ്ടി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം എന്നു് അപേക്ഷ.

## വെ. റവ. ഫാദർ കാമ്മൽ നിര്യാതനായി

കേരളത്തിലെ ഒരു കർമ്മലീത്താ മിഷനറിപ്രമുഖനായിരുന്ന വെ. റവ. ഫാ. കാമ്മൽ ഒ. സി. ഡി. സെപ്റ്റംബർ 17-ാംനു- സ്പെയിനിൽവച്ചു് നിര്യാതനായിരിക്കുന്നു 1940-ൽ കേരളത്തിലെത്തിയ ഈ വന്ദ്യദേഹം, സെൻറു് ആൽബർട്ട്സ് ഹൈസ്കൂൾ ബോർഡിംഗ് പ്രിഫക്ട്, ചാത്യാത്തുപള്ളി ആക്ടിംഗ് വികാരി, പുത്തൻപള്ളി സെമ്മിനാരി പ്രിഫക്ട്, വിജയപുരം രൂപതാ വികാരി ജനറൽ, കേരളത്തിലെ കർമ്മലീത്താസഭകളുടെ പരിശോധകൻ എന്നിങ്ങനെയുള്ള വിവിധോദ്യോഗങ്ങൾ സ്തുത്യർഹമാംവണ്ണം വഹിച്ചിട്ടുണ്ടു്. പരേതന്റെ ആത്മാവിനു് നിത്യശാന്തി നേന്നുകൊള്ളുന്നു.

## കൊ-തി. വാർത്തകൾ

കൊച്ചിയിലെ എയിഡഡ് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ സൂപ്പർവിഷൻ അലവൻസ് 1124 കർക്കടകം 1-ാംനു- മുതൽ നിർത്തിയിരിക്കുന്നതായി വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽനിന്നും ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു.

—കൊച്ചിയിലെയും തിരുവിതാംകൂറിലേയും ഭക്ഷ്യവകുപ്പുകൾ ഏകീകരിച്ചതിനെത്തുടന്നു് ഇരുപ്രദേശങ്ങളിലെയും ഭക്ഷ്യനയത്തിൽ ഐകരൂപ്യം വരുത്തുന്നതിനും നെല്ലുവില സമീകരിക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു.

—പണിമുടക്കിലേപ്പെട്ടിരുന്ന ട്രാൻസ്പോർട്ടു ജീവനക്കാർ, ഗവമ്മെൻറുമായി സമാധാനപരമായ ഒത്തുതീർപ്പിലെത്തിച്ചേന്നതിന്റെ ഫലമായി കന്നി 14-ാംനു- പണിമുടക്കു പിൻവലിച്ചിരിക്കുന്നു അന്നുതന്നെ ട്രാൻസ്പോർട്ടുമന്ത്രി പ്രക്ഷേപണംചെയ്ത ഒരു പ്രസംഗത്തിൽ, ട്രാൻസ്പോർട്ടു സർവ്വീസിൽ കാര്യമായ പരിഷ്കാരങ്ങൾ വാഗ്ദാനം ചെയ്യുകയും ട്രാൻസ്പോർട്ടു ജീവനക്കാരുടെ പൂർണ്ണമായ വിശ്വസ്തതയും സഹകരണവും അഭ്യർത്ഥിക്കുകയുമുണ്ടായി. പണിമുടക്കു പ്രമാണിച്ചു് അറസ്റ്റുചെയ്യപ്പെട്ടവരിൽ കേസ് ചാർജ്ജുചെയ്തിട്ടില്ലാത്ത എല്ലാവരേയും വിട്ടയക്കുകയും ട്രാൻസ്പോർട്ടു വകുപ്പിലെ പെൻഷനില്ലാത്ത തൊഴിലാളികളുടെ ഇടയിൽ വിതരണംചെയ്യുന്നതിനായി രണ്ടരലക്ഷം ക. അനുവദിക്കുകയും ചെയ്തിരിക്കുന്നു.

—തിരുവിതാംകൂർ സർവ്വകലാശാലയിൽ ആയുർവ്വേദവിഷയത്തിൽ ഒരു ഫാക്കൽററി ഏർപ്പെടുത്തി പ്രവർത്തനമാരംഭിക്കാൻ ഗവമ്മെൻറു് അനുവദിച്ചിരിക്കുന്നു.

—തിരുവിതാംകൂർ ഗവമ്മെൻറിനു് 51 ശതമാനം ഓഹരികളുള്ള ട്രാവൻകൂർ സ്റ്റീംനാവിഗേഷൻ കമ്പനി ലിക്വിഡേററുചെയ്യുന്നതിനു ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു. 10 ലക്ഷം ക. മൂലധനത്തോടുകൂടിയാണു് ഈ കമ്പനി ആരംഭിച്ചതു്.

—ചീഫ് മിനിസ്റ്ററുടെ അസാന്നിദ്ധ്യത്തിൽ നിയമസമാധാനവകുപ്പിന്റെ ചാർജ്ജ് ട്രാൻസ്പോർട്ടുമന്ത്രി മി. ഇ. ജോൺ പീലിപ്പോസ് വഹിക്കുന്നതാണു്.

—കരച്ചുങ്കം നിർത്തലാക്കിയതുമൂലം ഐക്യസംസ്ഥാനത്തിനു നേരിട്ട നഷ്ടം നികത്തുന്നതിലേക്കു് ഇൻഡ്യാഗവമ്മെൻറിൽനിന്നും ധനപരമായ സൗജന്യങ്ങൾ നല്കുവാൻ സമ്മതിച്ചിട്ടുള്ളതായറിയുന്നു.

—ഒക്ടോബർ 1-ാംനു- മുതൽ നടപ്പിൽ വരത്തക്കവണ്ണം ഐക്യസംസ്ഥാനരാജപ്രമുഖൻ രണ്ടു ഓർഡിനൻസുകൾ പുറപ്പെടുവിച്ചിരിക്കുന്നു. ഒന്നാമത്തെ ഓർഡിനൻസ് അനുസരിച്ചു് അഭയാർത്ഥിസ്വത്തുക്കളുടെ ഭരണം ഗവമ്മെൻറ് നിയമിക്കുന്ന കസ്റ്റോഡിയനിൽ സ്ഥിതിചെയ്യുന്നതാണു്. തിരുവിതാംകൂറിനെ മാത്രം ബാധിക്കുന്ന രണ്ടാമത്തെ ഓർഡിനൻസ് പ്രകാരം അത്യാവശ്യസാധനങ്ങളുടെ നിർമ്മാണം, വിതരണം മുതലായവ നിയന്ത്രിക്കുന്നതിനു ഗവമ്മെൻറിനധികാരം സിദ്ധിക്കുന്നു തിരുവിതാംകൂറിലെ ന്യൂസ്പേപ്പർ ആക്ട് റദ്ദു ചെയ്തിരിക്കുന്നതായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

—പാലാ കോളെജ് സ്ഥാപനം സംബന്ധിച്ചു് നിയമിതമായിരിക്കുന്ന കമ്മീഷൻ കോളെജ സ്ഥാപനത്തെ അനുകൂലിച്ചു് ശുപാർശചെയ്തിരിക്കുന്നു. അടുത്ത കോളെജ് വർഷാരംഭത്തിൽതന്നെ കോളെജ് ആരംഭിക്കുന്നതിനു തക്കവണ്ണം വേണ്ട സജ്ജീകരണങ്ങൾ പൂർത്തിയാക്കിവരുന്നു.


### അനഗ്രചിൻ

പതിനൊന്നു വയസ്സുമാത്രം പ്രായമുള്ള ഒരു ബാലികയുടെ മനോഹരജീവചരിത്രം. ബാലികാബാലന്മാക്കും, യുവതീയുവാക്കന്മാക്കും ആദശമായി വിളങ്ങുന്ന ഈ ജീവചരിത്രം ഏതൊരു കുടുംബത്തിനും ഒരു ഉത്തമനിധിതന്നെയാണു്. വില. 0—10—0

### വേദപ്രസംഗതരണി

കേരളീയക്കു പണ്ടേതന്നെ സുപരിചിതമായ ഒരു പുസ്തകം. വേദപ്രമാണങ്ങളെയും, വി. കൂദാശകളെയും പററി വിശദമായി പ്രതിപാദിക്കുന്ന ഒരുൽകൃഷ്ടകൃതി.

പേപ്പർ ബയൻറു ക. 2—4—0, ഹാഫ് ലെതർ ക. 2—8—0

മാനേജര, ചെറുപുഷ്പമുദ്രാലയം, മഞ്ഞുമ്മൽ A. O. & P.O.



### "ക്രിസ്തുരാജപതാക"

ക്രിസ്തുരാജന്റെ തിരുനാൾ സംബന്ധിച്ചുള്ള ആഘോഷങ്ങളിലും ഘോഷയാത്രകളിലും ഉപയോഗിക്കാനുള്ള മനോഹരമായ കൊടി-ക്രിസ്തുരാജന്റെ ചിത്രത്തോടുകൂടിയതു 100 ക്കു ക. 3—0—0

മാനേജർ, ചെറുപുഷ്പമുദ്രാലയം. മഞ്ഞുമ്മൽ A. O. & P. O.


## ദേവാലയാശീർവ്വാദം

പെരുമ്പാവൂർ പുതുതായി പണികഴിച്ചിരിക്കുന്ന ദേവാലയം എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ഒക്ടോബർ 8-ാംനു- ആശീർവ്വദിക്കുന്നതാണു്. അനന്തരം പള്ളിയങ്കണത്തിൽവച്ചു കൂടുന്ന മഹായോഗത്തിൽ തിരുവല്ലാ അഡ്മിനിസ്ട്രേറ്റർ റൈററ് റവ. ഡോക്ടർ മാർ സെവേരിയോസ് അദ്ധ്യക്ഷത വഹിക്കുന്നതും റവ. ഡോ. പ്ലാസിഡ്, റവ. ഫാ. തോമസ് ഇഞ്ചയ്ക്കലോടി മുതലായവർ പ്രസംഗിക്കുന്നതുമാണു്. ഞായറാഴ്ച 11 മണിക്കു് പട്ടണവീഥിയിൽക്കൂടി പ. കന്യകയുടെ സ്വരൂപവും വഹിച്ചുകൊണ്ടു് ഒരു പ്രദക്ഷിണം നടത്തുന്നതായിരിക്കും.

### ചെറുപുഷ്പത്തിന്റെ തിരുനാൾ

മൂക്കന്നൂർ അനാഥശാലയോടനുബന്ധിച്ചുള്ള ദേവാലയത്തിൽ ചെറുപുഷ്പത്തിരുനാൾ അടുത്ത ഞായറാഴ്ച കൊണ്ടാടുന്നതാണു്.

### ചരമം

മുങ്ങാട്ടു ചുണ്ടായിൽ ബ. തോമാച്ചൻ വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം സെപ്റ്റംബർ 10-ാംനു- നിര്യാതനായിരിക്കുന്നു. R. I. P.

## ഇന്ത്യൻസംസ്കാരം ലോകത്തിനു കെടാവിളക്കോ?

(5-ാംപേജ് തുടർച്ച)

ചവും ചിത്രാലയങ്ങളും നാടകശാലകളും സിനിമാപ്രദർശനങ്ങളും എത്രമാത്രം അധഃപതിച്ചുപോയിരിക്കുന്നു. പാശ്ചാത്യസമ്പർക്കത്തിന്റെ ഫലമായി, ഏകഭാര്യാവ്രതത്തിന്റെ ധാർമ്മികമഹനീയത നാം കുറെയൊക്കെ മനസ്സിലാക്കിയിട്ടുണ്ടെങ്കിലും ഇന്നും ഭാരതത്തിലെ പലസമുദായങ്ങളിലും ബഹുഭാര്യാത്വം തുടന്നുപോരുന്നില്ലേ? വഴിപിഴച്ചുപോയ ചില പാശ്ചാത്യസമുദായങ്ങളിൽ കാണുന്ന വിവാഹമോചനം, സന്താനനിരോധനം, ഭ്രൂണഹത്യ (abortion) എന്നീ കടുത്ത അധർമ്മപ്രസ്ഥാനങ്ങളും ഇന്ത്യൻ സംസ്കാരത്തിൽ സ്ഥലംപിടിച്ചുകഴിഞ്ഞിരിക്കുന്നു. (തുടരും)

## ഫാത്തിമാമാതാവിൻ സ്വരൂപം കേരളത്തിൽ

ഫാത്തിമാമാതാവിന്റെ തിരുസ്വരൂപം ലോകപര്യടനത്തിനിടയ്ക്കു് ഈ നവംബർ 30-ാം തീയതി ഇൻഡ്യയിൽ ഗോവയിലെത്തിച്ചേരുന്നതാണു് അനന്തരം ഇൻഡ്യയിലെ വിവിധരൂപതകളിൽ തിരുസ്വരൂപം ആഘോഷമായി സംവഹിക്കപ്പെടുന്നതായിരിക്കും. ഈ പര്യടനത്തിനിടയിൽ 1950 ഏപ്രിൽ 5 മുതൽ ജൂൺ 8 വരെ കേരളത്തിലെ വിവിധകേന്ദ്രങ്ങളിൽ സംവഹിക്കപ്പെടുന്നതാണു്. ഏപ്രിൽ 5 മുതൽ 11 വരെ കോട്ടാർ രൂപതയിലും 12 മുതൽ 17 വരെ തിരുവനന്തപുരം അതിരൂപതയിലും രൂപതയിലും 18 മുതൽ 25 വരെ കൊല്ലം രൂപതയിലും സഞ്ചരിക്കുന്നതാണു്. ഏപ്രിൽ 26 മുതൽ, മേയ് 27 വരെ കൊച്ചി, കോട്ടയം, ചങ്ങനാശേരി, എറണാകുളം, വിജയപുരം, വരാപ്പുഴ, തൃശ്ശൂർ എന്നീ രൂപതാതിരൂപതകളിലായിരിക്കും. ഓരോ സ്ഥലത്തെയും പരിപാടി, കേരളപര്യടനത്തിന്റെ ചാർജ് വഹിക്കുന്ന കൊച്ചി മെത്രാൻ തിരുമേനി നിശ്ചയിക്കുന്നതാണു്. മേയ് 29 മുതൽ ജൂൺ 1 വരെ കോഴിക്കോട്ടു രൂപതയിലും, ജൂൺ 2 മുതൽ 7 വരെ മംഗലാപുരം രൂപതയിലും പര്യടനം നടത്തിയശേഷം ജൂൺ 8-ാം തീയതി ബാംഗ്ലൂരെത്തുന്നതാണു്.

ഈ തിരുസ്വരൂപത്തോടുകൂടി 3 വൈദികരും 2 വനിതകളും. ഇതിന്റെ പരിപാലകരായി സഞ്ചരിക്കുന്നുണ്ടു്.

സാദ്ധ്യമാകുന്നിടത്തു് വിമാനത്തിലും അല്ലാത്തിടത്തു് തീവണ്ടിയിലോ കാറിലോ ആണു സഞ്ചാരം. മൂന്നടി നാലിഞ്ചു് ഉയരമുള്ളതും മനോഹരമായ ശില്പസംവിധാനത്തോടുകൂടിയതുമായ ഈ സ്വരൂപം, ലോകപര്യടനം പൂർത്തിയായിക്കഴിയുമ്പോൾ മാർപ്പാപ്പാ തിരുമനസ്സിലേക്കു സമർപ്പിക്കപ്പെടുന്നതാണു്.

## ഇൻഡ്യാവാർത്തകൾ

മദ്രാസിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിയമവിരുദ്ധമാക്കിയതിനെത്തുടന്നു് പ്രവിശ്യയിലെ കമ്മ്യൂണിസ്റ്റ് നിയന്ത്രണത്തിലുള്ള സംഘടനകളെയെല്ലാം മുദ്രവച്ചു് പ്രവർത്തനരഹിതമാക്കിത്തീർക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

—സാർവ്വത്രികമായ ഒരു അക്രമപ്രയോഗത്തിനു് ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി പ്ലാൻ ചെയ്തിരിക്കുന്നതായി സമർത്ഥിച്ചുകൊണ്ടും നിയമരാഹിത്യത്തെ നേരിടുവാൻ ഗവമ്മെൻറു് ദൃഢപ്രതിജ്ഞചെയ്തിരിക്കുന്നതായി പ്രഖ്യാപിച്ചുകൊണ്ടും "ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് അക്രമങ്ങൾ" എന്ന അഭിധാനത്തിൽ 72 പേജുകളോടുകൂടിയ ഒരു ലഘുലേഖ സെപ്റ്റംബർ 30-ാംനു- ഇൻഡ്യാഗവമ്മെൻറു് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ചാർജ്ജ്ഷീററിൽ, രാജ്യമൊട്ടുക്കു കൊള്ളയും കൊലപാതകവും നടത്തുവാൻ ആഹ്വാനം ചെയ്തുകൊണ്ടുള്ള കമ്മ്യൂണിസ്റ്റ് രഹസ്യസർക്കുലറുകളിലെ പല ഭാഗങ്ങളും ഉദ്ധരിച്ചിട്ടുണ്ടു്. ഇൻഡ്യൻ രാഷ്ട്രത്തോടു് കമ്മ്യൂണിസ്റ്റ് പാർട്ടി യുദ്ധം പ്രഖ്യാപിക്കുകയും, സായുധസേനയെ പരാജയപ്പെടുത്താൻ കഴിവുള്ള ഒളിപ്പോരു വ്യൂഹം സജ്ജീകരിക്കുവാൻ സ്വന്തം അനുയായികൾക്കു വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തുകൊണ്ടുള്ള സർക്കുലറുകളും ഗവമ്മെൻറിലേക്കു ലഭിച്ചിട്ടുണ്ടു്.

—മലബാർ ഡിസ്ട്രിക്ട് ബോർഡിലേക്കു നടന്ന തിരഞ്ഞെടുപ്പിന്റെ ഫലമായി ആകെയുള്ള 52 സീററുകളിൽ 46-ം കോൺഗ്രസിനു ലഭിച്ചിരിക്കുന്നു. 4 സീററുകൾ സ്വതന്ത്രന്മാക്കും 1 സീററു് സ്വതന്ത്രനും 1 സീററു സോഷ്യലിസ്റ്റുകാരനും ലഭിച്ചിട്ടുണ്ടു്. കമ്മ്യൂണിസ്റ്റുകാർ 30 സീററുകളിലേക്കു സ്ഥാനാർത്ഥികളെ നിർത്തിയിരുന്നുവെങ്കിലും സീററുകൾ ഒന്നുംതന്നെ ലഭിക്കയുണ്ടായില്ല.

## വിനോദവീഥി

സഖാവു് പ്രസംഗമദ്ധ്യേ: "നമ്മൾ ഈ ബുദ്ധിമുട്ടുകളെല്ലാം സഹിക്കുന്നതു് നമ്മുടെ വയററിപിഴപ്പിനുവേണ്ടിയാണല്ലോ."

ഒരു ശ്രോതാവു്: "ഈ പ്രസംഗവും അതിനുവേണ്ടിത്തന്നെയാണോ?"

* * *

"വന്നതെല്ലാം വന്നില്ലേ, ഇനി വേദിച്ചിട്ടെന്തുഫലം?"

"നിങ്ങൾ കണ്ടതുപോലെ പറയാം. നിങ്ങളുടെ ഭാര്യതന്നെ പെട്ടെന്നൊരപകടത്തിൽപ്പെട്ടു മരിക്കാനിടവന്നാൽ നിങ്ങൾ പിന്നെ ജീവിച്ചിരിക്കുമോ?"

"ശരിയാണു്; കൂടുതൽ സന്തോഷംകൊണ്ടും ചിലപ്പോൾ മരിക്കാനിടവന്നേക്കാം."

* * *

"നിങ്ങളെന്താണു് കള്ളുകുടിക്കാൻ തുടങ്ങുമ്പോഴേ കണ്ണടയ്ക്കുന്നതു്?"

"ലഹരിപദാർത്ഥങ്ങളൊന്നും കണ്ണുകൊണ്ടുനോക്കിപ്പോകരുതെന്നാണു ഡോക്ടർ പറഞ്ഞിരിക്കുന്നതു്."

* * *

ഒരു വീട്ടിൽ ഭാര്യാഭർത്താക്കന്മാർ തമ്മിൽ കലഹിച്ചുകൊണ്ടിരിക്കയായിരുന്നു. ക്ഷോഭിച്ചുവശായ ഭാര്യ ഒടുവിൽ ഇങ്ങനെ പറഞ്ഞവസാനിപ്പിച്ചു: "തന്നെപ്പോലെ ഒരു മായനെ ഞാൻ ഇതുവരെ കണ്ടിട്ടില്ല."

പുറകിൽക്കൂടിവന്ന വേറൊരാൾ ഇതു കേട്ടിട്ടുണ്ടെന്നു മനസ്സിലാക്കിയ ഭർത്താവു് കോപമെല്ലാം അടക്കി ശാന്തമായി ഭാര്യയോടു് ചോദിക്കയാണു്: "പിന്നെ എന്തെല്ലാം പറഞ്ഞു?"

# കൽക്കദോനിയാസൂനഹദോസ്

അഥവാ

# യാക്കോബായസഭയുടെ ഉത്ഭവം

(ചരിത്രസംഭവങ്ങളെ ആസ്പദമാക്കിയുള്ള ഒരു പ്രഹസനം)

(റി. ജെ. വി.)

## രംഗം 3

ഒരു സംഭാഷണം

[സൂത്രധാരൻ പ്രവേശിച്ചു കഥാസാരം പറയുന്നു:— മഹാത്മക്കളേ, എവുത്തിക്കോസും കോൺസ്റ്റൻറിനോപ്പിളിലെ സന്യാസിമാരുംതമ്മിൽ നടന്ന ഒരു സംഭാഷണമാണ് ഇനി അഭിനയിക്കുവാൻ പോകുന്നതു്.

കോൺസ്റ്റൻറിനോപ്പിളിലെ പ്രാദേശികസൂനഹദോസിൽവച്ചു ശപിക്കപ്പെട്ട എവുത്തിക്കോസ് ഏതാനും ദിവസങ്ങൾക്കുശേഷം കോൺസ്റ്റൻറിനോപ്പിളിലെ സന്യാസാശ്രമത്തിൽ പോയി മുമ്പു തന്റെ ഭരണത്തിലിരുന്ന അവിടത്തെ സന്യാസിമാരുമായി ഒരു സംഭാഷണം നടത്തുന്നു. റാവെന്നായിലെ പത്രോസ് ക്രിസോളഗോസ് മെത്രാപ്പോലീത്താ എവുത്തിക്കോസിനു അയച്ച എഴുത്തിലെ ഉപദേശമനുസരിച്ചു റോമ്മാസിംഹാസനത്തിന്റെ അദ്ധ്യക്ഷനായ മാർപ്പാപ്പാ എന്തു കല്പിക്കുന്നുവോ അതു പൂർണ്ണമായി അനുസരിക്കണമെന്നു വീണ്ടും വീണ്ടും സന്യാസിമാർ എവുത്തിക്കോസിനെ ഉപദേശിക്കുന്നു. തന്റെ ഉപദേശം അബദ്ധമല്ലെന്നും തന്നെ അനുകൂലിക്കുന്നവർ ധാരാളമുണ്ടെന്നും എവുത്തിക്കോസ് ദൃഢമായി വിശ്വസിക്കുന്നു. അലക്സാണ്ഡ്റിയായിലെ ദിയസ്കോറോസ് പാത്രിയക്കീസിന്റെയും, കോൺസ്റ്റൻറിനോപ്പിളിലെ രാജകൊട്ടാരത്തിലുള്ള ചില സേവകന്മാരുടെയും മററും സഹായത്താൽ തന്റെ ഉപദേശത്തിനു പൊതുസൂനഹദോസിൽ പ്രാബല്യം സിദ്ധിക്കുമെന്നു് എവുത്തിക്കോസ് വ്യാമോഹിക്കുന്നു.]

എവുത്തിക്കോസ് (ഏതാനും സന്യാസിമാരുടെമദ്ധ്യേ ഇരുന്നുകൊണ്ടു പറയുന്നു.):—

വത്സല സഹോദരന്മാരേ, ഞാൻ ഈ സന്യാസസഭയുടെ ശ്രേഷ്ഠനായിട്ട് ഇപ്പോൾ മുപ്പതു വർഷത്തോളമായിരിക്കുന്നു. എന്നാൽ നമ്മുടെ പാത്രിയക്കീസായ ഫ്ളാവിയൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടന്ന സൂനഹദോസ് എന്നെ പാഷണ്ഡിയായി പരിഗണിച്ചു ശപിച്ചിട്ട് ഏതാനും ദിവസങ്ങളേ ആയിട്ടുള്ളു എന്ന വിവരം നിങ്ങളെല്ലാം അറിഞ്ഞിരിക്കുമല്ലോ. ഞാൻ ഏററം സ്നേഹിച്ചുവരുന്ന നിങ്ങളെയെല്ലാം ഒന്നു കാണണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഇന്നു് ഇങ്ങോട്ടുവന്നതു്. ഞാൻ ഇപ്പോൾ നിങ്ങളുടെ ശ്രേഷ്ഠനല്ല, പ്രത്യുത ഒരു പാഷണ്ഡിയായി ശപിക്കപ്പെട്ടവനാണു്. എങ്കിലും കരുണയോടും സ്നേഹത്തോടുംകൂടി നിങ്ങൾ എന്നോടു വർത്തിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

എന്നെ പാഷണ്ഡിയായി വിധിച്ചതിനെ സംബന്ധിച്ചു റോമ്മായിക്കു ഞാൻ അപ്പീൽ ബോധിപ്പിച്ചിരിക്കയാണു്. മററു ചില പാത്രിയക്കീസുമാർക്കും മെത്രാന്മാർക്കും എന്റെ ഉപദേശത്തെ അനുകൂലിക്കണമെന്നു് ആവശ്യപ്പെട്ടു് ഞാൻ എഴുത്തുകൾ അയച്ചിട്ടുണ്ടു്. ഒരു യവുനായക്കാരനും, റാവെന്നായിലെ മെത്രാപ്പോലീത്തായുമായ പത്രോസ് ക്രിസോളഗോസ് തിരുമനസ്സിലെ മറുപടി എനിക്കു കിട്ടിക്കഴിഞ്ഞു. അദ്ദേഹം എനിക്കു ഒരു ഉപദേശം നൽകുകയാണു ചെയ്യുന്നതു്. ആ എഴുത്തു നിങ്ങളുടെ അറിവിനായി ഞാൻ വായിക്കാം (എഴുത്തു എടുത്തു വായിക്കാനായി പോക്കററിൽ കണ്ണട തപ്പുന്നു. കണ്ണട കാണാത്തതിനാൽ അല്പം അകലെ എഴുത്തുപിടിച്ചു വായിക്കാൻ ശ്രമിക്കുന്നു. വായിക്കാൻ സാധിക്കാതെ അടുത്തിരിക്കുന്ന ഒരു സന്യാസിയോടു പറയുന്നു) മക്കളേ, എന്റെ വെള്ളെഴുത്തു കണ്ണട എടുക്കാൻ മറന്നുപോയി. കണ്ണു തീരെ പററുന്നില്ല. വയസ്സു് എഴുപതായില്ലേ? എന്റെ പൊന്നുമക്കൾ ഈ എഴുത്തു ഒന്നു വായിച്ചാട്ടെ. (എഴുത്തു വാങ്ങി സന്യാസി ഇപ്രകാരം ഉറക്കെ വായിക്കുന്നു.)

റാവെന്നായിലെ മെത്രാപ്പോലീത്തായായ പത്രോസ് ക്രിസോളഗോസ് മിശിഹായിൽ നമ്മുടെ സ്നേഹഭാജനമായ എവുത്തിക്കോസിനു് എഴുതുന്നതു്.

"ബഹുമാന്യസഹോദരാ, എല്ലാററിലും ഉപരിയായി റോമ്മായിലെ അനുഗൃഹീതനായ പാപ്പാ എഴുതിയിട്ടുള്ള സകല കാര്യങ്ങളെയും അനുസരിക്കുന്നതിൽ ശ്രദ്ധ പതിക്കണമെന്നു ഞാൻ താങ്കളെ ഉപദേശിക്കുന്നു. എന്തുകൊണ്ടെന്നാൽ സ്വസിംഹാസനത്തിൽ ജീവിച്ചു് ആദ്ധ്യക്ഷംവഹിക്കുന്ന അനുഗൃഹീതനായ പത്രോസ് അന്വേഷിക്കുന്നവർക്കു സത്യവിശ്വാസത്തെ പ്രദാനം ചെയ്യുന്നു. വാസ്തവത്തിൽ സമാധാനവും വിശ്വാസവും കാംക്ഷിക്കുന്നതുനിമിത്തം റോമ്മാനഗരത്തിലെ മെത്രാന്റെ സമ്മതമില്ലാതെ വിശ്വാസവിഷയങ്ങളെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ കേൾക്കുവാൻ നമുക്കു നിവൃത്തിയില്ല" (1)

ഒരു സന്യാസി:- റാവെന്നായിലെ മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ മാർപ്പാപ്പായുടെ അഭിപ്രായമല്ലേ ഈ വിഷയത്തിൽ നാമെല്ലാം സ്വീകരിക്കേണ്ടതു്? വിശ്വാസസംബന്ധമായ തർക്കങ്ങളെപ്പററി വിധി പറയുവാനുള്ള അവകാശം വി. പത്രോസിന്റെ റോമ്മാസിംഹാസനത്തിനു മാത്രം ഉള്ളതായിട്ടാണല്ലോ തിരുസഭയുടെ ആരംഭകാലം തുടങ്ങി അറിയപ്പെട്ടുവരുന്നതു്. അതുകൊണ്ടാണല്ലോ പതിനേഴുകൊല്ലം മുമ്പു എഫേസൂസിൽ നടന്ന പൊതുസൂനഹദോസിൽ മാർപ്പാപ്പായുടെ പ്രതിനിധിയായി ആദ്ധ്യക്ഷം വഹിച്ച അലക്സാണ്ഡ്റിയായിലെ വി. സിറില്ലോസ് നെസ്തോറിയസിനെ പാഷണ്ഡിയായി ശപിച്ചു സഭയിൽനിന്നു ബഹിഷ്കരിച്ചതു്. അതുപോലെ ഈ വിഷയത്തിലും മാർപ്പാപ്പാ പറയുന്ന അഭിപ്രായം നാം സ്വീകരിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ നാം പാഷണ്ഡികളായി വിധിക്കപ്പെടും.

എവുത്തിക്കോസ്:- അതേ, അതുകൊണ്ടാണല്ലോ മാർപ്പാപ്പായുടെ അടുക്കൽ ഞാൻ അപ്പീൽ ബോധിപ്പിച്ചിരിക്കുന്നതു്. മാർപ്പാപ്പാ എനിക്കെതിരായി ഒരു വിധി പ്രസ്താവിക്കുമെന്നു തോന്നുന്നില്ല. ഞാൻ വൃദ്ധനാണു്. എഴുപതു കൊല്ലം കഠിനതപഃക്രിയകൾ ചെയ്തു വിരക്തജീവിതം ഞാൻ നയിച്ചിട്ടുണ്ടു്. എന്റെ ഈ വാർദ്ധക്യകാലത്തു എന്നെ ഒരു പാഷണ്ഡിയായി പരിഗണിച്ചു സഭയിൽനിന്നു നിർദ്ദയം ബഹിഷ്കരിക്കുന്നതിനു മാർപ്പാപ്പാ ഉദ്യമിക്കുമെന്നു തോന്നുന്നില്ല. പോരെങ്കിൽ നെസ്തോറിയൻ പാഷണ്ഡതയ്ക്കു എതിരായി ധീരധീരം ഞാൻ പോരാടിയതിൽ മാർപ്പാപ്പാ അതിവസന്തുഷ്ടനായി എന്നെ വളരെ പ്രശംസിച്ചിട്ടുമുണ്ടു്. ഈ കാര്യങ്ങളെല്ലാം മാർപ്പാപ്പായ്ക്കു അയച്ച അപ്പീലിൽ ഞാൻ കാണിച്ചിരിക്കുന്നു. അതുകൊണ്ടു റോമ്മായിലെ വിധി എനിക്കെതിരായി വരുമെന്നു നിങ്ങളാരും വിചാരിക്കേണ്ട.

വേറൊരു സന്യാസി:- ഒരുപക്ഷേ റോമ്മാപാത്രിക്കീസ് ഏകസ്വഭാവവാദം പാഷണ്ഡോപദേശമാണെന്നു വിധി പ്രസ്താവിക്കുന്നെങ്കിൽ നാം എന്തു ചെയ്യണം?

എവുത്തിക്കോസ്:- ഹേ, അതൊരിക്കലും സംഭവിക്കയില്ല. റോമ്മാസിംഹാസനം സത്യമായ ഒരു ഉപദേശത്തെ പാഷണ്ഡോപദേശമായി വിധിക്കയില്ലെന്നു തീർച്ചയാണു്. എന്റെ ഉപദേശം സത്യമായിട്ടുള്ളതുതന്നെയാണു്. ക്രിസ്തുവിൽ രണ്ടു വ്യക്തിത്വമുണ്ടെന്നു പഠിപ്പിച്ച നെസ്തോറിയൻ ഉപദേശത്തെ പാഷണ്ഡോപദേശമായി ശപിച്ച മാർപ്പാപ്പാ ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്നു വിധി പ്രസ്താവിക്കുമോ? ഒരിക്കലുമില്ല. രണ്ടു സ്വഭാവമുണ്ടെങ്കിൽ രണ്ടു വ്യക്തിത്വവുമുണ്ടെന്നു തീർച്ചയാണു്. അങ്ങനെയെങ്കിൽ നെസ്തോറിയസിന്റെ ഉപദേശം അബദ്ധമല്ലെന്നുവരും.

മറെറാരു സന്യാസി:- ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നു മാർപ്പാപ്പാ വിധി പ്രസ്താവിച്ചാലെയെങ്കിൽ ഒരു സ്വഭാവമേ ഉള്ളു എന്നു പഠിപ്പിക്കുന്ന നാം നെസ്തോറിയസിനെപ്പോലെ സഭയിൽനിന്നു ബഹിഷ്കൃതരാകയില്ലേ? നാം പാഷണ്ഡികളായി ലോകത്തിൽ അറിയപ്പെടുകയില്ലേ?

എവുത്തിക്കോസ്:- നെസ്തോറിയസിന്റെ ഉപദേശം തെററാണെന്നു് ആർക്കാണു് അറിയുവാൻ പാടില്ലാത്തതു്? അതുപോലെ അല്ലല്ലോ എന്റെ ഉപദേശം. ക്രിസ്തുവിൽ ഒരു വ്യക്തിത്വമേ ഉള്ളുവെന്നു് എഫേസൂസ് സൂനഹദോസ് ഔദ്യോഗികമായി പ്രഖ്യാപനം ചെയ്തു കഴിഞ്ഞു. ഒരു വ്യക്തിത്വമേ ക്രിസ്തുവിൽ ഉള്ളുവെങ്കിൽ ഒരു സ്വഭാവമേ ഉള്ളു എന്നു പറയുന്നതു സത്യംമാത്രമാണു്, ന്യായംമാത്രമാണു്.

വേറൊരു സന്യാസി:- നെസ്തോറിയസും അബദ്ധോപദേശം പഠിപ്പിച്ചപ്പോൾ താൻ പഠിപ്പിക്കുന്നതുതന്നെയാണു ശരിയെന്നു് ആവർത്തിച്ചു പറയുകയും, ദൃഢമായി വിശ്വസിക്കയും ചെയ്തിരുന്നു. എന്നിട്ടും എഫേസൂസ് സൂനഹദോസിൽ സംബന്ധിച്ചിരുന്ന പിതാക്കന്മാർ അദ്ദേഹത്തിന്റെ ഉപദേശം പാഷണ്ഡോപദേശമാണെന്നു വിധിച്ചു. ഇതുപോലെ അവിടുത്തെ ഉപദേശം ശരിയാണെന്നു് അവിടുത്തേക്കു ദൃഢബോദ്ധ്യമുണ്ടായാലും അതു തെററാണെന്നു സൂനഹദോസിലെ പിതാക്കന്മാർ— പ്രത്യേകിച്ചു റോമ്മാസിംഹാസനം— തീരുമാനിക്കുന്നെങ്കിൽ നമ്മുടെ നില അപകടത്തിലാകയില്ലേ?

എവുത്തിക്കോസ്:- ശരിയായ ഒരു ഉപദേശം തെററാണെന്നു സൂനഹദോസിലെ പിതാക്കന്മാരോ, റോമ്മാസിംഹാസനമോ തീരുമാനിക്കയില്ല. ആറും നാലും പത്തെന്നല്ലാതെ, പതിനൊന്നോ പതിനഞ്ചോ ആണെന്നു റോമ്മാസിംഹാസനം വിധിക്കുമോ? അത്രത്തോളം ഇക്കാര്യത്തിൽ എന്റെ അഭിപ്രായം ശരിയാണെന്നു് എനിക്കു ഉറപ്പുണ്ടു്. നിങ്ങൾ എന്നെ അനുകൂലിച്ചുനിന്നാൽ മാത്രം മതി. ഒരു പൊതുസൂനഹദോസ് വിളിച്ചുകൂട്ടിയാൽ എന്റെ അഭിപ്രായത്തിനു മാത്രമേ പ്രാബല്യം സിദ്ധിക്കയുള്ളു എന്നു തീർച്ചയാണു്. നമ്മുടെ പാത്രിയക്കീസിന്റെ അദ്ധ്യക്ഷതയിൽ നടന്ന പ്രാദേശികസൂനഹദോസ് എന്നെ ശപിച്ചെങ്കിലും മഹനീയമായ അലക്സാണ്ഡ്റിയാസിംഹാസനത്തിലെ പാത്രിയക്കീസായ ദിയസ്കോറോസ് എന്നെ അനുകൂലിക്കാതിരിക്കയില്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ പാത്രിയക്കീസിനോടു ദിയസ്കോറോസിനു് അത്ര തൃപ്തിയില്ല. കോൺസ്റ്റൻറിനോപ്പിൾ നഗരം ചക്രവർത്തിയുടെ തലസ്ഥാനമാകയാലും, "പുതിയ റോമ്മാ" എന്നു് ആ നഗരം ഇപ്പോൾ വിളിക്കപ്പെട്ടുവരുന്നതിനാലും കോൺസ്റ്റൻറിനോപ്പിൾ സിംഹാസനം പുരാതനമായ അലക്സാണ്ഡ്റിയാസിംഹാസനത്തെക്കാൾ ശ്രേഷ്ഠമാണെന്നത്രെ ഏതാനും വർഷങ്ങളായി കോൺസ്റ്റൻറിനോപ്പിളിലെ പാത്രിയക്കീസുമാർ വാദിച്ചുകൊണ്ടിരിക്കുന്നതു്. അന്ത്യോക്യയിലെ ദോമ്നസ് പാത്രിയക്കീസ് ഈ വാദത്തെ അനുകൂലിക്കുന്നുണ്ടെന്നുള്ളതു മഹാകഷ്ടംതന്നെ! ഒരു സൂനഹദോസിൽവച്ചു ദോമ്നസ് പാത്രിയക്കീസ് ഫ്ളാവിയന്റെ മുൻഗാമിയായ പ്രോക്ലസ് പാത്രിയക്കീസിനു ദിയസ്കോറോസിനു നൽകിയതിനെക്കാൾ മാന്യസ്ഥാനം നൽകുകയുണ്ടായി. അതിപുരാതനമായ അലക്സാണ്ഡ്റിയാസിംഹാസനത്തിൽ വാഴുന്ന പാത്രിയക്കീസുമാർ കോൺസ്റ്റൻറിനോപ്പിളിലെ പാത്രിയക്കീസുമാരുടെ അഹങ്കാരത്തെയും അധികാരഭ്രമത്തെയും വകവച്ചുകൊടുക്കയില്ല. പോരെങ്കിൽ ദോമ്നസും ഫ്ളാവിയനും സ്നേഹിതന്മാരാണു്. അതുകൊണ്ടു ദിയസ്കോറോസ് ഫ്ളാവിയനെയും ദോമ്നസിനെയും ദ്വേഷിച്ചുവരുന്നു. ചക്രവർത്തിയുടെ പ്രധാനസേവകനായ ക്രിസാഫിയസും ഫ്ളാവിയനെ വെറുക്കുന്നു. ക്രിസാഫിയസിന്റെ ജ്ഞാനസ്നാനപിതാവാണു ഞാൻ. ആകയാൽ ഫ്ളാവിയൻ പാത്രിയക്കീസ് എനിക്കെതിരായി നില്ക്കുന്നെങ്കിലും പാത്രിയക്കീസിനെ നമ്മുടെ ചക്രവർത്തിയും, ക്രിസാഫിയസും, ദിയസ്കോറോസും ദ്വേഷിക്കുന്നതുകൊണ്ടു ഇവരെല്ലാം എന്നെ അനുകൂലിക്കാതിരിക്കയില്ല. ഇവരുടെയെല്ലാം സഹായം എനിക്കുള്ളപ്പോൾ ഒരു പൊതുസൂനഹദോസു കൂടിയാൽ എന്റെ ഉപദേശം ശരിയാണെന്നുള്ള അഭിപ്രായത്തിനേ പ്രാബല്യം സിദ്ധിക്കയുള്ളു.

മറെറാരു സന്യാസി:- ഏതായാലും റാവെന്നായിലെ ക്രിസോളഗോസ് മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ ഇക്കാര്യത്തിൽ നാം പ്രവർത്തിക്കയാണു വേണ്ടതു്. ആരൊക്കെ നമ്മെ അനുകൂലിച്ചാലും പ്രതികൂലിച്ചാലും മാർപ്പാപ്പായുടെ തീരുമാനം എന്തോ അതു സ്വീകരിക്കയെന്നുള്ളതാണു നമ്മുടെ ധർമ്മം. റോമ്മാസിംഹാസനത്തിൽ വാഴുന്നതു വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയാണു്. ആകയാൽ അദ്ദേഹത്തിന്റെ വിധി വി. പത്രോസിന്റെ വിധിതന്നെയാണു്. ആ വിധി സ്വീകരിക്കുവാൻ നമുക്കേവർക്കും ചുമതലയുണ്ടു്. വിശ്വാസസംബന്ധമായ തർക്കവിഷയങ്ങളെപ്പററി ഔദ്യോഗികമായ തീരുമാനം ചെയ്യുന്നതിനുള്ള അധികാരം റോമ്മാ പാത്രിയക്കീസിനല്ലാതെ മററാർക്കും ഇല്ലല്ലോ. ഇക്കാരണത്താൽ ചക്രവർത്തിമാരോ, മററു സിംഹാസനങ്ങളിലെ പാത്രിയക്കീസുമാരോ, മെത്രാന്മാരോ റോമ്മാസിംഹാസനത്തിന്റെ ഒരു തീരുമാനത്തിനു് എതിരായി നിന്നാലും ആ എതിർകക്ഷികളെ അനുകൂലിക്കുവാൻ നമുക്കു നിർവ്വാഹമില്ല. ആകയാൽ അഭിവന്ദ്യനായ ക്രിസോളഗോസ് തിരുമേനി ഉപദേശിച്ചിരിക്കുന്നപ്രകാരം നമുക്കു റോമ്മായിലെ വിധി എന്താണെന്നു് അറിഞ്ഞിട്ടു തദനുസരണം പ്രവർത്തിക്കാം.

മററു സന്യാസിമാർ (ഏകസ്വരത്തിൽ):- അതേ, റോമ്മായിലെ വിധി എന്താണെന്നു് അറിഞ്ഞിട്ടു തദനുസരണം പ്രവർത്തിക്കയാണു വേണ്ടതു്. ആ വിധിക്കു എതിരായി നില്ക്കുന്നവർ പാഷണ്ഡികളാണു്.

എവുത്തിക്കോസ്:- റോമ്മാ പാത്രിയക്കീസിന്റെ മറുപടി അധികം താമസിയാതെ എനിക്കു കിട്ടുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ആ വിധി എനിക്കെതിരായിവരുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. എങ്ങനെയായാലും ദീർഘകാലം നിങ്ങളുടെ സഭാശ്രേഷ്ഠനായിരുന്ന എന്നെ നിങ്ങൾ പരിത്യജിക്കയില്ലെന്നും, എന്റെ ഈ വാർദ്ധക്യകാലത്തു നിങ്ങളാരും എനിക്കു മനഃപ്രയാസം വരുത്തുകയില്ലെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. നമ്മുടെ പാത്രിയക്കീസ് എന്നെ പാഷണ്ഡിയായി പരിഗണിച്ചിരിക്കകൊണ്ടു തൽക്കാലം നിങ്ങൾക്കു എന്നെ അനുകൂലിച്ചു നില്ക്കുവാൻ സാധിക്കയില്ലെന്നു് എനിക്കറിയാം. എന്നിരുന്നാലും എന്റെ ഉപദേശം തെററാണെന്നു് ഔദ്യോഗികമായി വിധിക്കുന്നതുവരെ — റോമ്മാസിംഹാസനത്തിൽനിന്നുള്ള വിധിവരുന്നതുവരെ— നിങ്ങൾ എന്നെ തള്ളിക്കളയരുതു്. വിരക്തിയിലും തപഃക്രിയകളിലും വളരെ നിഷ്ഠയോടുകൂടി ജീവിച്ച വൃദ്ധനായ ഒരു സന്യാസി എന്ന നിലയിൽ നിങ്ങൾ എന്നെ പരിഗണിച്ചു ബഹുമാനിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. (അണിയറയിൽ മണിനാദം കേൾക്കുന്നു) നിങ്ങൾക്കു പ്രാർത്ഥിക്കുവാനുള്ള സമയം ആയതിനാൽ ഞാൻ ഇതാ! തൽക്കാലം പോകുന്നു. സർവ്വശക്തനായ ദൈവം എന്നെയും നിങ്ങളെയും സത്യവിശ്വാസത്തിലൂടെ നയിക്കുവാൻ നിങ്ങൾ ഹൃദയംഗമമായി പ്രാർത്ഥിക്കുവിൻ.

(വടികുത്തി എവുത്തിക്കോസ് പതുക്കെ നടന്നുപോകുന്നു.)

(കർട്ടൻ)

(1) Fragm. apud Leonem L. Ep. 25; ML 54, 741; Rouet, 2178.

---

യേശു നിന്റെകൂടെ ഇരിക്കുന്നപക്ഷം, യാതൊരു ശത്രുവിനും നിന്നെ ഉപദ്രവിക്കാൻ കഴികയില്ല.

## കുമ്പസാരം

(10-ാം പേജ് തുടർച്ച)

ൽ വെറാക്‌ഷൻ ഇട്ട കസേരകൾ. ഫാദർ പീയൂസ് അകത്തു പ്രവേശിച്ചു. ശിവരാമും സരസ്വതിയമ്മയും അഭിവാദ്യംചെയ്തു സ്വീകരിച്ചു അദ്ദേഹത്തെ. മൂവരും ഇരുന്നു സംസാരിക്കുവാൻ തുടങ്ങി. ഫാദറിനു പരിചയമുണ്ടോ ഈ വട്ടമേശയും കസേരകളും?" സരസ്വതിയമ്മയുടെ ഫലിതംനിറഞ്ഞ ഒരു ചോദ്യം. "അറിയും, അറിയും, അവരെ ഒരിക്കൽ ഞാൻ കണ്ടിട്ടുണ്ട്." ഫാദർ പീയൂസിന്റെ മറുപടി. അതേ തുടന്ന് പല കാര്യങ്ങളിൽക്കൂടിയും അവരുടെ സംഭാഷണം നീണ്ടുപോയി. ഒടുവിൽ അവർ മതത്തിലേക്കു കടന്നു; ഫാദർ പീയൂസിന് ഏററം പ്രിയങ്കരമായ ഒരു വിഷയം. ശിവറാം പറഞ്ഞു: "ലോകത്തിൽ അനേകം മതങ്ങളുണ്ടെങ്കിലും ക്രിസ്തുമതത്തെപ്പോലെ പ്രത്യേകതകൾ മററൊന്നിനും ഞാൻ കാണുന്നില്ല." "എന്താണ ആ പ്രത്യേകതകൾ?" കണ്ണുകൾ ഉയർത്തിയിട്ട് ഫാദർ പീയൂസു ചോദിച്ചു.

"അനേകം സ്ത്രീപുരുഷന്മാരുടെ വീരക്തജീവിതം, അവരുടെ മഹാത്യാഗങ്ങൾ, കുമ്പസാരം ഇത്രയും കാര്യങ്ങൾ മററു യാതൊരു മതത്തിലും ഇല്ലെന്ന് എനിക്കു തീർച്ചപറയുവാൻ കഴിയും."

"അതുശരി പുറത്തുനിന്നും നോക്കുന്നവരുടെ പ്രഥമദൃഷ്ടിക്കു ഗോചരീഭവിക്കു

---

### മാന്യവരിക്കാരുടെ ശ്രദ്ധയ്ക്ക്

വരിസംഖ്യ എല്ലാവരും മുൻകൂറായി തന്നു സഹായിക്കമാറാകണം. എന്റെ രേഖാമൂലമായ രസീതോടുകൂടി വരുന്ന വിതരണക്കൻവശം വരിക്കാർ വരിസംഖ്യ കൊടുക്കേണ്ടതും, അല്ലാതെ കൊടുക്കുന്ന പണത്തിനു ഞാൻ ഉത്തരവാദിയല്ലാത്തതും ആകുന്നു. സത്യദീപം ലഭിക്കാത്ത സ്ഥലത്തും സമീപത്തും ഉള്ള എല്ലാവരും മുൻകൂർ വരിസംഖ്യതന്നു വരിക്കാരായി ചേർന്നുകൊള്ളണമെന്നറിയിക്കുന്നു. വിവരം കത്തുമൂലമോ നേരിട്ടോ അറിയിക്കാവുന്നതാണ്.

എന്നു, വി. വി. ഇട്ടിയവരാ.
വട്ടപ്പാറയിൽ വീട്ടു, ഏജൻറു,
പൊൻകുന്നം.

---

ന്നതാണ് ഇവ മൂന്നും. എന്നാൽ അകത്തു കടക്കുന്നവനു ഇതിൽ കൂടുതൽ കാണുവാൻകഴിയും" സരസ്വതിയമ്മ ഇടയ്ക്കുകയറി പറഞ്ഞു: "ക്രിസ്തുവിനെപ്പററിയും ക്രിസ്തുമതത്തെപ്പററിയും കുറേ പഠിച്ചാൽ കൊള്ളാമെന്നുണ്ട്. ഫാദർ ഞങ്ങളെ ഒന്നു സഹായിക്കുമോ?"

"കൊള്ളാം! എന്റെ ചുമതല നിർവ്വഹിക്കുവാൻ എനിക്കു നിങ്ങൾ ഒരവസരം ഉണ്ടാക്കിത്തരുന്നതിൽ വളരെ സന്തോഷം. സരസ്വതിയമ്മയ്ക്കു എന്റെ അപാരമായ കൃതജ്ഞത."

"എന്റെ ജീവിതരഹസ്യങ്ങൾ അങ്ങയോടു പറയുവാൻ എനിക്കു ഒരു മടിയുമില്ല. ജീവനെ അപകടത്തിലാക്കിയും അങ്ങേക്കു രഹസ്യം സൂക്ഷിക്കുവാൻ കഴിയുമെന്നു എനിക്കു മനസ്സിലായി. ഇത്തരം ആളുകളെ സൃഷ്ടിക്കുവാൻ മററു യാതൊരു മതത്തിനും കഴിവില്ലെന്നു തീർച്ചയാണു്."

"എന്നാൽ നമുക്കു മറെറാരവസരത്തിൽ കണ്ട കാര്യങ്ങൾ പറയാം. ഇപ്പോൾ ഞാൻ ഇറങ്ങട്ടെ."

സരസ്വതിയമ്മ അടുക്കളവശത്തേക്കു ഓടി, കൊച്ചുകൃഷ്ണാ, കൊച്ചുകൃഷ്ണാ എന്നു വിളിച്ചു. അവൻ ഒരു തട്ടത്തിൽ മൂന്നു കപ്പു ചായയും കുറെ പലഹാരങ്ങളും കൊണ്ടുവന്നു. അതു വിതരണംചെയ്യുന്ന ജോലി സരസ്വതിയമ്മതന്നെയാണ നിർവ്വഹിച്ചതു്. ചായ പൊടിപ്പനായിരിക്കുന്നു എന്നു ഫാദർ പീയൂസ് അഭിപ്രായപ്പെട്ടു. അനുമോദനങ്ങൾ നൽകുവാൻ കൊച്ചുകൃഷ്ണനെ വിളിച്ചുവരുത്തി. ആ സാധുവിനു അന്നുണ്ടായ സന്തോഷത്തിനു അതിരില്ലായിരുന്നു. ഒരു മഹാൻ തന്നെപ്പററി അന്വേഷിച്ചതിലും അനുമോദനം നല്കിയതിലുമുള്ള ആനന്ദം. കൊച്ചുകൃഷ്ണനും കൊച്ചമ്മയും കൂടി അവസരംകിട്ടുമ്പോഴൊക്കെ അവരുടെ സ്നേഹിതനായ ഫാദർ പീയൂസിന്റെ കാര്യം പറയാറുണ്ട്.

# കുസുമകുമാരി

അങ്ങനെ ഒരു ഹ്രസ്വജീവിതം ലിസ്യൂവിലെ കർമ്മലമഠത്തിൽ ആരുമറിയാതെ അണഞ്ഞുപോയി. ലോകത്തെ കൺകുളുർക്കെ ഒന്നു കാണുവാൻ കാൽനൂററാണ്ടുപോലും കാത്തിരിക്കാത്ത ഒരു കന്യക; "അവളാരാണ്?" അമ്പരപ്പോടെ ഇന്നു ലോകം ആവർത്തിച്ചാവർത്തിച്ചു ചോദിക്കുന്ന ഒരു ചോദ്യം!

പ്ലേറേറാ ചിന്തിക്കാത്ത താത്വികാദർശങ്ങൾ,—അരിസ്റ്റോട്ടൽ വിട്ടുപോയ സിദ്ധാന്തപരമ്പരകൾ,—ന്യൂട്ടൻ ചെന്നെത്താത്ത ശാസ്ത്രപന്ഥാക്കൾ,—ലിസ്യൂവിലെ ആ "കൊച്ചുറാണി" എടുത്തു അമ്മാനമാടുന്ന കളിപ്പന്തുകളാണിവ!!

കൊളംബസിനെക്കാൾ വലിയ നാവികവിദഗ്ദ്ധയാണവൾ; സംസാരസമുദ്രത്തിലെ അലകൾ മുറിച്ചുപായുവാൻ; പ്രശാന്തതയുടെ തുറമുഖത്തിൽ ചെന്നെത്തി നിത്യമായി വിശ്രമിക്കുവാൻ!

ലിവിങ്സ്റ്റണെക്കാൾ വലിയ ധൈര്യശാലിനിയാണ്, ഷഡ്വികാരങ്ങളാകുന്ന കാട്ടുമൃഗങ്ങളോടു ഏകയായി അടരാടി വിജയംവരിക്കുവാൻ കരൾക്കരുത്തുള്ള ആ കമനീമണി.

ട്രൂമനും, സ്റ്റാലിനും, ആററ്ലിയുമൊക്കെ അവളുടെ രാജ്യതന്ത്രജ്ഞതയുടെ മുമ്പിൽ വെറും നിഷ്പ്രഭരാണ്. ആദ്ധ്യാത്മിക സാമ്രാജ്യത്തിലെ മഹനീയ



നേതൃത്വം ഇതാ അനുസ്യൂതം അവളുടെ മുമ്പിൽ അർപ്പിക്കപ്പെടുന്നു.

ഗോഥേയും ടെന്നിസണും ടാഗോറും അവൾക്കുവേണ്ടി വഴിമാറണം, ആത്മാവിന്റെ സ്നേഹഗീതയിലെ സാന്ദ്രമധുരമായ ഈരടികൾ പാടിക്കൊണ്ടു് അവൾ നടന്നടുക്കുമ്പോൾ!!

* * *

ജീവിതം അവൾക്കായി നീക്കിവച്ചതു് ഒരു കന്യാലയത്തിലെ ഇരുളടഞ്ഞ ചെറിയമുറിയാണ്; ഇന്നു ലോകത്തിന്റെ ശില്പകലാവൈദഗ്ദ്ധ്യം തികഞ്ഞ രമ്യഹർമ്മ്യങ്ങളും ദേവാലയങ്ങളും അനേകമനേകം അവളുടെ മധുരനാമധേയത്തിനു കാണിക്കവയ്ക്കപ്പെടുന്നു.

യൗവനത്തിന്റെ വെട്ടിത്തിളങ്ങൽ വെറും പരുപരുത്ത തവിട്ടുടുപ്പിൽ അവൾ ആവരണംചെയ്തു; ജപമാലയൊഴികെ വിലപ്പിടിപ്പുള്ള ഹാരങ്ങളൊന്നും ആ മൃദുലകണ്ഠത്തെ അലങ്കരിച്ചിരുന്നുമില്ല ഇന്നോ? പട്ടാംബരങ്ങളും രത്നഹാരങ്ങളും ആയിരമായിരം ആ പാദപീഠത്തിൽ കാഴ്ചവച്ചു ജനാവലി കൃതാർത്ഥതയടയുന്നു.

ജീവിതത്തിൽ ഒരിക്കലെങ്കിലും അവൾ തന്റെ കബരീഭാരത്തിൽ പൂക്കളണിഞ്ഞതായി അറിയുന്നില്ല; എങ്കിലും, വർണ്ണശബളവും സാന്ദ്രസുരഭിലവുമായ എന്തെന്തു "പുഷ്പമുടി"കൾ ഇന്നു ലോകം അവളെ അണിയിക്കുന്നില്ല?... അല്ലെങ്കിൽ എന്തിനു്? വിൺമലർത്തോപ്പിലെ പൊൻ പനിനീർപ്പൂക്കൾ ഇറുത്തിറുത്തു് ആനന്ദഗാനം പാടി വിഹരിക്കുന്ന ആ കുമാരിക്കു് എന്തിനാണീ വാടുന്ന പൂക്കൾ? പക്ഷേ, ലോകത്തിനു് അവ സമർപ്പിച്ചേകഴിയൂ, ആ പവിത്രസന്നിധിയിൽ!

"റോസ"പ്പൂക്കൾ അവൾക്കേററവും പ്രിയങ്കരങ്ങളാണ്; "എന്റെ സ്വർഗ്ഗത്തെ ഞാൻ ഭൂമിയിൽ നന്മചെയ്യാൻ വിനിയോഗിക്കും." എത്ര ഹൃദ്യമായ ഒരു പ്രവചനം! സാഫല്യവും, സാരള്യവും സാകല്യേന സമ്മേളിക്കുന്ന ആ മധുരവചസ്സുകളാണ് ഇപ്പോൾ സാർത്ഥീകൃതമായിക്കൊണ്ടിരിക്കുന്നതു്. ലോകമെങ്ങും നിർല്ലോപം പുഷ്പവർഷം ചെയ്യുന്നു, അലൗകികസുന്ദരിയായ ആ "കുസുമകുമാരി."

മംഗളാത്മികേ! ഞങ്ങൾ ഉറങ്ങുകയാണ്, അവിടുന്നു് ഈ പൊന്നലർനിരകൾ ഇടവിടാതെ ഇങ്ങനെ പൊഴിച്ചുകൊണ്ടിരുന്നിട്ടും!

ബധിരമാണ ഞങ്ങളുടെ കർണ്ണങ്ങൾ, സ്വർഗ്ഗീയോദ്യാനത്തിൽനിന്നും ആ മധുരഗാനം അനുസ്യൂതം ഇങ്ങനെ മാറെറാലിക്കൊണ്ടിട്ടും!


ദൂരെയൊക്കെ മൾപ്പടർപ്പിൽ അലയുകയാണ ഞങ്ങൾ, മണ്ണും വിണ്ണും തമ്മിൽ കൂട്ടിയിണക്കുന്ന ആ കുറുവഴി അങ്ങുപദേശിച്ചുതന്നിട്ടും!!

പുണ്യാംബികേ! ക്ഷമിച്ചാലും. "നാളെ"യ്ക്കു ഞങ്ങൾ കാത്തിരിക്കുന്നു. വാനലോകത്തിന്റെ സുവർണ്ണകവാടത്തിൽ റോസപ്പൂക്കളുമായി ഞങ്ങളെ കാത്തുനില്ക്കുന്ന ഭവതിയുടെ സാമീപ്യത്തിനായി ഞങ്ങൾ കാത്തിരിക്കുന്നു!

എണ്ണിയാൽത്തീരാത്ത യാതനകളുടെ ഭാരം ചിറകിലേറിക്കൊണ്ടു ഞങ്ങൾ അങ്ങോട്ടു പറന്നുനോക്കാം. വാനമണ്ഡലത്തിലെ കണ്ണെത്താത്ത വളവുകളിലെങ്ങാനും ഞങ്ങൾ ആശയററു തളർന്നുവീഴുമെങ്കിൽ അങ്ങു താങ്ങിക്കൊള്ളണേ!

* * *

"കുസുമകുമാരി!" ഹാ! അഴകും ആനന്ദവും അലതല്ലുന്ന ഒരു മധുരനാമം! ഭാഗ്യത്തിന്റെ ഭാവാത്മകത്വം; പുണ്യത്തിന്റെ പാരമ്യം, ഹൃദ്യതയുടെ പരിസ്ഫുരണം, നിത്യതയുടെ നൈർമ്മല്യം. സൗന്ദര്യത്തിന്റെ വിഭ്രാന്തിയാൽ കാടുകയറിയോടുന്ന ലോകമേ! നിന്റെ നേട്ടങ്ങൾ ഒന്നൊന്നായി അവളുടെ സന്നിധിയിൽവച്ചു നമസ്കരിക്കൂ. (J. K. C.)




### ചട്ടിണി
(കുടുംബിനി)

ഒരു തേങ്ങാ, നാഴി തൈരു്, 15 പച്ചമുളകു്, സ്വല്പം ഇഞ്ചി, ഉപ്പു്.

തേങ്ങ ചുരണ്ടി, ഉപ്പു്, മുളകു്, ഇഞ്ചി ഇവ ചേർത്തു നല്ലപോലെ അരച്ചു തൈരിൽ കലക്കുക. ആവശ്യമനുസരിച്ചു് ഉപ്പും ചേർക്കണം. അതിൽ, കടുകു്, ഉള്ളി, വേപ്പില ഇവ അരിഞ്ഞു് അരത്തുടം വെളിച്ചെണ്ണയിൽ മൊരിച്ചു ചേർത്തു് ഇളക്കി ഉപയോഗിക്കാം.



## ഫ്‌റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | | | | |
|---|---|---|---|---|
| പലിശനിരക്കു് കറൻറു് | 1½% | 6 മാസം കാലാവധി | | 4% |
| സേവിംഗ്സ് | 3% | 12 | ” | 4½% |
| ഷോർട്ടു് നോട്ടിസ് | 3% | 24 | ” | 5% |
| | | 36 | ” | 5½% |

ഇതിനുംപുറമെ ആവശ്യക്കാർക്കു 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ് സർട്ടിഫിക്കററുകളും വാങ്ങാവുന്നതാണ്. ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം, പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുംകുന്നം, ചങ്ങനാശ്ശേരി, ഉല്ലല.



പുസ്തകാഭിപ്രായം

## യാക്കോബായ സഭയിലെ സമാധാന പരിശ്രമങ്ങൾ

(ഗ്രന്ഥകർത്താ: ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി. പക്കം 53. വില ഒററ പ്രതിക്കു 4ണ; 5 പ്രതികൾക്കു 1രൂപ. സെൻറ് ജോസഫ്സ് പ്രിൻറിംഗ് ഹൗസ്, തിരുവല്ല)

സത്യദീപത്തിന്റെ ഇക്കഴിഞ്ഞ ജൂൺ 8, 15 എന്നി തീയതികളിലെ ലക്കങ്ങളിൽ "യാക്കോബായ സഭയിലെ സമാധാന പരിശ്രമങ്ങൾ" എന്ന ശീർഷകത്തിൽ വിമർശനപടുവായ റവ. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി ഒരു ലേഖനം പ്രസിദ്ധംചെയ്തിരുന്നല്ലൊ. അതിനൊരു മറുപടിയെന്നോണം, ഓർത്തഡോക്സുകാരുടെ വകയായി കോട്ടയത്തുനിന്നും പ്രസിദ്ധീകരിച്ചുവരുന്ന "ചർച്ച്‌വീക്‌ലി" എന്ന വാരിക "റീത്തുകാരുടെ സമാധാനനിർദ്ദേശം" എന്ന ശീർഷകത്തിൽ ഒരു മുഖപ്രസംഗം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ആ മുഖപ്രസംഗത്തിലെ അബദ്ധപ്രസ്താവങ്ങളെ ചൂണ്ടിക്കാണിക്കണമെന്നുള്ളതാണ് ഈ ഗ്രന്ഥരചനയിൽ ഫാദർ ഇഞ്ചയ്ക്കലോടിക്കുള്ള പ്രധാനോദ്ദേശ്യം. എന്നാൽ അതോടുകൂടിത്തന്നെ, അദ്ദേഹത്തിന്റെ മേൽപ്പറഞ്ഞ ലേഖനത്തിനും, റവ. ഫാദർ ഏബ്രഹാം മാർക്കോട്ട് "കാലവൈപരീത്യംതന്നെ, സംശയമില്ല" എന്ന തലക്കെട്ടിൽ സത്യദീപത്തിൽ എഴുതിയ ലേഖനത്തിനും കോട്ടയത്തെ "മലങ്കരസഭാ"മാസിക എഴുതിയിരുന്ന മറുപടികളേയും ഗ്രന്ഥകാരൻ വിമർശിക്കുന്നുണ്ട്. യാക്കോബായസഭവിട്ടു് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടവരെ "റീത്തുകാർ" എന്നു വിളിക്കുന്നതിലും "മലങ്കരസുറിയാനിക്കാർ" തങ്ങൾമാത്രമാണെന്ന മിഥ്യാബോധം പുലർത്തുന്നതിലും യാക്കോബായക്കാർ പ്രദർശിപ്പിക്കുന്ന ഔചിത്യരാഹിത്യത്തെ ചൂണ്ടിക്കാണിച്ചശേഷം, "ചർച്ച്‌വീക്‌ലി" പത്രാധിപരുടെ മററുപ്രസ്താവനകളെ ഓരോന്നായി എടുത്തു് അവയുടെ അബദ്ധത്തെ അദ്ദേഹം വായനക്കാരുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുന്നു. ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള തിരുവല്ലാതിരുവനന്തപുരം രൂപതാതിരൂപതകളുടെ സ്ഥിതിവിവരക്കണക്കും, പുനരൈക്യപ്പെട്ട സർവ്വകലാശാലാബിരുദധാരികളുടെലിസ്ററും (74 പേർ) ആർച്ചുബിഷപ്പ് മാർ ഈവാനിയോസുതിരുമേനി സമാരംഭിച്ച പുനരൈക്യപ്രസ്ഥാനം വിജയപ്രദമായില്ല എന്ന വാദത്തിന്റെ പൊള്ളത്തരം ചൂണ്ടിക്കാണിക്കുന്നതിനു തികച്ചും പര്യാപ്തമാണ്. അതുപോലെതന്നെ യാക്കോബായസഭയുടെ ശോച്യാവസ്ഥയെപ്പററി ഗ്രന്ഥത്തിൽ ഉദ്ധരിച്ചിരിക്കുന്ന യാക്കോബായനേതാക്കന്മാരുടെ സാക്ഷ്യങ്ങൾ സത്യാന്വേഷികളുടെ കണ്ണുതുറപ്പിക്കുന്നതിനുതകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. മാർത്തോമ്മാ സഭാംഗമായി ജനിച്ചു വളർന്നശേഷം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകയും പ്രസ്തുതസഭയിലെ ഒരു വൈദികനായിത്തീർന്നു ദൈവസേവനത്തിനായി സ്വയം പ്രതിഷ്ഠിക്കയുംചെയ്ത ഫാദർ ഇഞ്ചയ്ക്കലോടി സ്വമാതൃസഭയായ മാർത്തോമ്മാസഭയുടെ മാതാവായ യാക്കോബായ സഭയിലെ അംഗങ്ങളായ സഹോദരങ്ങളെ ഏകസത്യസഭയിലേക്കു് ആകർഷിക്കുവാൻ വേണ്ടി വിശിഷ്ടവും പ്രയോജനകരവുമായ ഈ ഗ്രന്ഥം രചിച്ചതിൽ ഞങ്ങൾ അദ്ദേഹത്തെ ഹാർദ്ദമായി അനുമോദിക്കുകയും ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കുകയും ചെയ്യുന്നു.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ സുഖക്കേടു് സുഖമായതിനു് ഉപകാരസ്മരണ.

എന്നു് Aleykutty K. P.,
Thodupuzha.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ മകൻ ഏബ്രഹാമിന്റെ സുഖക്കേടു സുഖമായതിനു കൃതജ്ഞത.

വി. എം. കൊച്ചിക്കുന്നേൽ, തോട്ടക്കര

ചെറുകഥ

# കുമ്പസാരം

(ജി. സി. ടിലാർ)

അതു മനോഹരമായ ഒരു പട്ടണമാണ്. ടാർ പൂശിയ റോഡുകൾ; സൗരഭ്യം വീശുന്ന പൂന്തോട്ടങ്ങൾ; റേഡിയോ പാട്ടുകൾ അയച്ചുവിടുന്ന മണിസൗധങ്ങൾ. അനേകം ആളുകൾ അവിടെ വന്നും പോയുമിരിക്കുന്നു. മിസ്റ്റർ ശിവറാം ആണ് ആ പട്ടണത്തിലെ ഒരു വലിയവക്കീൽ. അദ്ദേഹത്തിന്റെ ഇരുമ്പുപെട്ടിയിലുണ്ടു പണം വളരെ. ഓരോമുറിയിലും ഉള്ള മേശകസേരകളുടെ കിടപ്പുതന്നെ ആകർഷകം. ആ ഈട്ടി സാമാനങ്ങളുടെമേൽകണ്ണുവയ്ക്കാതെ ഒരുത്തരും അവിടെനിന്നും പടികടക്കാറില്ല. കേസുകാരായും സന്ദർശകന്മാരായും ദിവസന്തോറും അനേകംപേർ അവിടെ വന്നുകൊണ്ടിരിക്കുന്നു. ജോലിക്കൂടുതൽ കൊണ്ടു ശിവറാം വളരെ ഇരുട്ടിയാണ് കിടക്കാറുള്ളതു്. കിടന്നാൽ ഉടനെ ഉറങ്ങുകയുംചെയ്യും.

അവിടത്തെ വിശ്വസ്തനായ ഒരു വേലക്കാരനത്രെ കൊച്ചുകൃഷ്ണൻ. അവൻ വെളുപ്പിനേ എഴുന്നേൽക്കാറുണ്ട്. ഒരു ദിവസം പതിവുപോലെ അവൻ എഴുന്നേററു. അടുപ്പിൽ തീയ് കത്തിക്കുവാൻ അടുക്കളവശത്തേക്കു മാറി. അപ്പോൾ കണ്ട ഒരു കാഴ്ച! അവൻ പരിഭ്രാന്തചിത്തനായി. ഒരു കതകിൽ മുട്ടി, കൊച്ചമ്മേ, കൊച്ചമ്മേ എന്നു വിളിച്ചു. സരസ്വതിയമ്മയ്ക്കു്, അതത്ര രസിച്ചില്ല, സൂര്യൻ ഉദിക്കുന്നതിനുമുമ്പുള്ള വിളി.

"എന്താടാ, കൊച്ചുകൃഷ്ണാ? ഉറങ്ങുന്നവരെ ഇങ്ങനെ ഉപദ്രവിക്കുവയോ?"

"കിടാത്തതു കണ്ടിട്ടു സഹിക്കാമ്മേലാഞ്ഞോണേ വിളിച്ചതു്."

ഏതോ അപകടമാണെന്നു സരസ്വതിയമ്മയ്ക്കു മനസ്സിലായി. അവർ പിടച്ചെഴുന്നേററു കതകുതുറന്നു. "എന്തുപററി കൊച്ചുകൃഷ്ണാ?"

"അങ്ങേ മുറിയിലെ മേശേം കസേരേം ഒന്നും കാണാനില്ല. വാതലു തൊറന്നു കെടന്നു. കള്ളന്മാരാരാണ്ടു വന്നെന്നാ തോന്നണതു്."

സരസ്വതിയമ്മയുടെ നെഞ്ചിടിപ്പു വർദ്ധിച്ചു. വിളക്കു തെളിച്ചു മുറിമുഴുവൻ പരിശോധിച്ചുനോക്കി. വിലപ്പിടിപ്പുള്ള സാമാനങ്ങളെല്ലാംതന്നെ നഷ്ടപ്പെട്ടിരിക്കുന്നു. അവർ ഒരു കൊച്ചുകുട്ടിയെപ്പോലെ വാവിട്ടു നിലവിളിച്ചുപോയി. കരച്ചിൽകേട്ടു ശിവറാം ഞെട്ടിയുണർന്നു പുറത്തുവന്നു. അദ്ദേഹത്തിനും ആ കാഴ്ച കണ്ടു നിൽക്കുവാൻ കഴിഞ്ഞില്ല. വാതലിനോടടുത്തു് ഭിത്തി തുരന്നു സാക്ഷാ നീക്കിയതായി തോന്നും. പലരേയും ആനന്ദപുളകംകൊള്ളിച്ചിട്ടുള്ള ഒരു മുറിയാണതു്. അതു് ആവുന്നതും മോടിപിടിപ്പിക്കുന്നതിലായിരുന്നു ആ ദമ്പതിമാരുടെ ശ്രദ്ധ മുഴുവനും. അതിനോടു ബലാൽക്കാരം നടത്തിയ മനുഷ്യാധമരെ കണ്ടുപിടിക്കുവാൻ എന്തു ചെലവു ചെയ്യുവാനും ശിവറാം തയാറായി. അദ്ദേഹം തന്റെ ഇരുമ്പുപെട്ടിതന്നെ തുറന്നുവച്ചു.

വെളുക്കുന്നതിനുമുമ്പ പല പോലീസ് സ്റ്റേഷനിലും ഫോൺ ലഭിച്ചു. കളവെന്നു കേട്ടാൽ പോലീസുദ്യോഗസ്ഥന്മാർക്കു് ഒരു കലികയറും. കള്ളനെ പിടികിട്ടുന്നതുവരെ അവർ അടങ്ങിയിരിക്കയില്ല. അവരുടെ കൃതാർത്ഥതയ്ക്കുവേണ്ടി ചിലപ്പോൾ നിർദ്ദോഷികൾ കുററമേൽക്കേണ്ടതായും വരും. പല സാധുക്കളും ആ രാത്രിയിൽ നല്ല ഇടികൊണ്ടു. മർദ്ദനത്തെ ഭയന്നു് ചിലർ മോഷണക്കുററം ഏററുകളഞ്ഞു. അവരെയുംകൊണ്ടു് പല സ്ഥലങ്ങളിലും അവർ ചുററി. ഒരിടത്തുനിന്നും തൊണ്ടി കണ്ടെടുത്തില്ല. രണ്ടു കൂട്ടരും വലഞ്ഞപ്പോൾ നിർദ്ദോഷികളെന്നു കണ്ടവരെ പോലീസുകാർ വിട്ടയച്ചു.

പോലീസുകാരുടെ ഒരു സിൽബന്ധിയാണു മാത്തപ്പി. മോഷ്ടാവിനെ കണ്ടുപിടിക്കുവാൻ അയാൾ പോലീസുകാരോടുകൂടി വളരെ ദൂരം നടന്നു. അക്കാലത്തു അയാളുടെ ശുപാർശയനുസരിച്ചാണ പല നിരപരാധികളും തല്ലുകൊണ്ടതു്. അയാളെപ്പററി എല്ലാവർക്കും ഒരു ഭീതിയുണ്ടായിരുന്നു. വല്ലപ്പോഴും അയാളുടെ അതൃപ്തി സമ്പാദിച്ചിട്ടുള്ളവർക്കായിരുന്നു കൂടുതൽ. മാത്തപ്പിയോടു പിണങ്ങിയിട്ടു് രണ്ടുമാസങ്ങൾക്കുള്ളിൽ സ്റ്റേഷനിൽ കയറാത്തവർ ചുരുങ്ങും. ശിവറാമിന്റെ വീട്ടിലെ സംഭവം മാത്തപ്പിക്കു് ഒരു കൊയ്ത്തുതന്നെ സജ്ജമാക്കി തീററികിടക്കപ്പുറമേ പണവും. ഏകദേശം അഞ്ചാറുമാസം മാത്തപ്പിയും പോലീസുകാരുംകൂടി ഇങ്ങനെ മേളിച്ചുകഴിഞ്ഞു. മോഷ്ടാവിനെപ്പററി ഒരു തുമ്പും കിട്ടിയില്ല.

മാത്തപ്പി ഒരു വർക്കഷാപ്പിന്റെ ഉടമസ്ഥനായി ഉയർന്നു. മേശകസേരകൾ പണിയിച്ചു വിൽക്കുകയായി പ്രധാന തൊഴിൽ. അവിടെ പ്രത്യക്ഷപ്പെട്ട മേശകസേരകൾ ഒന്നാംതരമാണ്. അയാളുടെ വീട്ടിലും ധാരാളം ഈട്ടിസാമാനങ്ങൾ നിറന്നു. പെട്ടെന്നു് അയാൾ ഒരു പണക്കാരനായതു കണ്ടു് അസൂയക്കാർ പിറുപിറുക്കുവാൻ തുടങ്ങി. എങ്കിലും പോലീസിനെ ഭയന്നു് ആരും മുമ്പോട്ടുവന്നില്ല. എങ്കിലും ഒളിച്ചുവയ്ക്കാൻ പാടില്ലാത്ത ഒരു കാര്യം അയാളിലുണ്ടെന്നു എല്ലാവർക്കും അറിയാം. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കണമെന്നുള്ള തിരുസ്സഭയുടെ നിയമം മാത്തപ്പി ലംഘിച്ചിട്ടു കൊല്ലം എട്ടുപത്തു കഴിഞ്ഞിരുന്നു.

ഫാദർ പീയൂസ് വളരെ എരിവുള്ള ഒരു വികാരിയച്ചനാണെന്നു് ഇടവകക്കാർക്കു ബോദ്ധ്യമുണ്ട്. അദ്ദേഹത്തിന്റെ ഉപദേശങ്ങളെ അവഗണിക്കുവാൻ ദുഷ്ടന്മാർപോലും ശങ്കിക്കുമായിരുന്നു. അദ്ദേഹത്തിനു പല അത്ഭുതസിദ്ധികളുമുണ്ടെന്നാണ് പരക്കെ ഒരു വിശ്വാസം. ഫാദർ പീയൂസ് ഒരിക്കൽ മാത്തപ്പിയെ വഴിക്കുവച്ചു കണ്ടുകൂടി. അദ്ദേഹം ചോദിച്ചു: "അപ്പോൾ പിന്നെ, മാത്തപ്പി, നീ ആണ്ടികുമ്പസാരം കഴിച്ചില്ല"

"അടുത്ത ദിവസം അങ്ങോട്ടു വന്നേക്കാവേ."

"എററു കൊല്ലമായില്ലേ നീ ആണ്ടികുമ്പസാരം കഴിച്ചിട്ടു്?"

"എന്റെ അച്ചോ, ഇതുവരെയും ഒന്നൊത്തുവന്നില്ല."

"അപ്പോൾ അതു വലിയ കഷ്ടമായിപ്പോയി. ഇനിം താമസിച്ചുണ്ട. ഇപ്പോൾ തന്നെ എന്റെ കൂടെ ബാ."

"രണ്ടു ദിവസം കഴിഞ്ഞങ്ങ് വന്നേക്കാം. ഇപ്പോഴൊരുങ്ങിയിട്ടില്ല."

"അതു വേണ്ട, അതു വേണ്ടാ, ഞാനൊരുക്കാം. ബാ."

"നാളെ കാലത്തെ അങ്ങു വന്നേക്കാം."

"വേണ്ടാ വേണ്ടാ, നാളത്തെ കാര്യം നിന്റെ കയ്യിലൊണ്ടോ?"

ആ യുക്തി കുറിക്കുകൊണ്ടു. മാത്തപ്പി ഫാദർ പീയൂസിന്റെകൂടെ പോയി. ദീർഘമായ ഒരു ചരിത്രമായിരുന്നു മത്തപ്പിക്കു പറയുവാനുണ്ടായിരുന്നതു്.

"എടുത്ത മൊതലു തിരിച്ചു കൊടുക്കണം മകനേ, അല്ലാണ്ടു ദോഷം പോകൂല."

"അതെങ്ങനെ കൊടുക്കും, എന്റച്ചോ? ഉടമസ്ഥൻ അറിഞ്ഞാൽ ഞാൻ ജയിലിലാകയില്ലേ?"

"ആട്ടെ, കൊടുക്കാൻ നീ സമ്മതിക്കുന്നോ?"

"പത്തുവട്ടം സമ്മതിക്കുന്നു. മുതലു കൊടുക്കാതെ പാപത്തിനു പൊറുതിയില്ലെന്നെനിക്കറിയാം. പക്ഷേ ഞാനെങ്ങനെ കൊടുക്കും?"

"പേടിച്ചണ്ട, പേടിച്ചണ്ട. നീ സാമാനമെല്ലാം എന്റെ മുറിയിൽ കൊണ്ടുവന്നുവെച്ചേക്കു. ഞാൻ കൊടുക്കാം."

"അതു ഞാൻ ചെയ്യാം. പക്ഷേ അച്ചന്റെ പേരിൽ ആ വക്കീൽ കേസുകൊടുക്കും. അദ്ദേഹം മഹാദുഷ്ടനാ."

"അതു സാരമില്ല മകനെ, മൂപ്പച്ചനേററിരിക്കുന്നു എല്ലാം."

"എന്നാലങ്ങനെ തന്നെ."

ഫാദർ പീയൂസ് മി. ശിവറാമിനു് കൊടുത്തയച്ച ഒരു കുറിപ്പ്—സർ, താങ്കളുടെ കുറേ സാമാനങ്ങൾ എന്റെ കൈവശം വന്നു ചേർന്നിട്ടുണ്ട്. ഇവിടെ വന്നാൽ അതു കൊണ്ടുപോകാം. എന്നാൽ ഈ സാമാനങ്ങൾ എങ്ങനെ ഇവിടെവന്നു എന്നോ ആരു് എന്നെ ഏല്പിച്ചു എന്നോ താങ്കൾ എന്നോടു ചോദിക്കരുതു്. പാവനമായ എന്റെ മതശാസനങ്ങൾ ഇക്കാര്യത്തിൽ എന്റെ അധരങ്ങൾ പൂട്ടിയിരിക്കുന്നു.

ശിവറാം കസേരയിൽനിന്നും എഴുന്നേററുനിന്നുകൊണ്ടുതന്നെയാണ് ആ കുറിപ്പു വായിച്ചതു്. ഒരു കൊല്ലമായിട്ടും തെളിവിൽവരാഞ്ഞ ഒരു കേസ്. അദ്ദേഹത്തിനും ഭാര്യക്കും സാമാനങ്ങൾ തിരിച്ചുകിട്ടിയാൽ മതിയെന്നേ ഉണ്ടായിരുന്നുള്ളു. ഫാദർ പീയൂസിനോടു് അവർക്കുണ്ടായ കൃതജ്ഞത സീമാതീതമായിരുന്നു. സരസ്വതിയമ്മയ്ക്കു് ഒരു സംശയം ഈ സാമാനങ്ങൾ എങ്ങനെ അച്ചന്റെ കൈവശം വന്നുചേർന്നു എന്നു്. ശിവറാമിനു് അതിന്റെ രഹസ്യം ഏറെക്കുറെ അറിയാമായിരുന്നു. അദ്ദേഹം പറഞ്ഞു: "ക്രിസ്ത്യാനികളുടെ ഇടയിൽ കുമ്പസാരം എന്നൊരു സമ്പ്രദായമുണ്ട്."

"കുമ്പസാരമോ? അതെന്താണു്?"

"സ്വന്തം കുററങ്ങൾ വൈദികന്റെ പക്കൽ ഒരുവൻ ഏററുപറയണം. ആ വൈദികനു് അതൊരിക്കലും പുറത്തു പറയുവാൻ പാടില്ല."

"അതുകൊണ്ടുള്ള ഗുണമെന്താണു്?"

"ഗുണമോ! കൊള്ളാം. ക്രിസ്ത്യാനികൾ നല്ലവരായി ജീവിക്കുവാൻ കാരണമതാണ്. എടുത്ത മുതൽ തിരിച്ചുകൊടുക്കാതെ തെററുകൾക്കു പൊറുതി ലഭിക്കയില്ല. അതുകൊണ്ടാണു് നമ്മുടെ സാധനങ്ങൾ അച്ചന്റെ പക്കൽ വന്നുചേർന്നതു്."

"ഓഹോ, ഇതു വളരെ നല്ല ഒരു കാര്യം. നമ്മുടെ ഡ്രൈവർ കുമ്പസാരിക്കുന്നുണ്ടോ എന്നു തിരക്കണം. ഇല്ലെങ്കിൽ അവനെ പറഞ്ഞയച്ചിട്ടു് കുമ്പസാരിക്കുന്ന ഒരുത്തനെ നമുക്കെടുക്കണം."

"പോത്തൻ പള്ളിയിലുംമററുംപോകുന്ന ആളാ. അവനിൽ കുഴപ്പമൊന്നുമില്ല."

തന്റെ സാമാനങ്ങൾ തിരിച്ചുകിട്ടിയ കാര്യം ശിവറാം പല സ്നേഹിതന്മാരോടും പറഞ്ഞു. കുമ്പസാരത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു് അദ്ദേഹം ഒട്ടുവളരെ പ്രസംഗിക്കയും ചെയ്തു. ചില പ്രോട്ടസ്റ്റന്റു് സ്നേഹിതന്മാർക്കു് അതൊട്ടും രസിച്ചില്ല. കുമ്പസാരത്തിന്റെ ആവശ്യകതയെ നിഷേധിക്കുന്ന ഒരു കൂട്ടരാണു് അവർ. പക്ഷേ അതെപ്പററിയുള്ള പ്രശംസകൾ ഒരു ഹൈന്ദവനിൽനിന്നും അവർ കേൾക്കുന്നു. അതെങ്ങനെ സഹിക്കാനാണു്? അവരിൽ ചിലർ പറഞ്ഞു: 'മി. ശിവറാം ഏതോ തെററിദ്ധരിച്ചിരിക്കയാണു്. താങ്കൾ പറയുന്ന ഗുണങ്ങളൊന്നും കത്തോലിക്കരുടെ കുമ്പസാരത്തിനില്ല. അൽമേനികളെ കൈയടക്കി ഭരിക്കുവാനുള്ള ഒരു തന്ത്രം മാത്രമാണു കത്തോലിക്കരുടെ കുമ്പസാരം. ഫാദർ പീയൂസുതന്നെ ഈ മോഷണത്തിൽ ഒരു പങ്കാളിയല്ലേ എന്നാണു ഞങ്ങളുടെ സംശയം. പങ്കാളിയല്ലെങ്കിൽ മോഷ്ടിച്ച ആൾ ആരാണെന്നു് ആ കത്തനാർ പറയട്ടെ. ഇത്ര ചങ്കൂററത്തോടുകൂടി താങ്കളുടെ ഭവനത്തിൽനിന്നും മോഷണംനടത്തിയ ആ മനുഷ്യനെ വിടാൻ പാടില്ല." ക്രിസ്ത്യാനികൾ പറയുന്നതല്ലേ. ശരിയായിരിക്കും എന്നു് അദ്ദേഹത്തിനു തോന്നി. ഫാദർ പീയൂസിന്റെ അടുക്കലേക്കു് അദ്ദേഹം നടന്നു.

ഏകദേശം സന്ധ്യയോടടുത്തിരിക്കുന്ന സമയം. ശിവറാം വാതലിൽ മുട്ടി അകത്തുകടന്നു. കൃതജ്ഞതയുടെ ഭാരത്തോടെയാണു് തലേദിവസം അദ്ദേഹം ആ മുറിക്കു പുറത്തിറങ്ങിയതു്. എന്നാൽ ഇന്നു് അദ്ദേഹത്തിന്റെ മുഖഭാവം മാറിയിരിക്കുന്നു. തന്റെ സാമാനങ്ങൾ മോഷ്ടിച്ച പെരുങ്കള്ളനെ താൻ പിടികൂടിയിരിക്കുന്നു എന്ന മട്ടിലാണു സംസാരം.

"ഫാദർ, എനിക്കൊരു സംശയം. ആ സാമാനങ്ങൾ എങ്ങനെ ഇവിടെ വന്നുചേർന്നു?"

"സ്നേഹിതാ, ആ ചോദ്യം ചോദിക്കണ്ട, ചോദിക്കരുതെന്നു ഞാൻ അറിയിച്ചിട്ടില്ലേ?"

"അതുശരി. എന്നാലും ഫാദർ സാമാനങ്ങൾ ഇവിടെ ഏല്പിച്ച ആളിന്റെ ഒരു ലക്ഷണംമാത്രം പറഞ്ഞാൽമതി."

"അതു സാദ്ധ്യമല്ല. അതിനുവേണ്ടി ഇവിടെ ഇരുന്നു സമയം കളയേണ്ട."

"ഇതേപ്പററി യാതൊന്നും ഫാദർ എന്നോടു പറയുകയില്ലേ?"

"ഒററ അക്ഷരം പറയാൻപാടില്ല. നീങ്കൾ അതിനു ശ്രമിക്കണ്ട."

"എന്നാൽ ഫാദറിനു് അതപകടമാണു്. ഞാൻ കിട്ടിയ തെളിവു വച്ചുകൊണ്ടു് കേസുകൊടുക്കും."

"കേസുകൊടുത്താൽ?"

"ഫാദർ ശിക്ഷ വാങ്ങിക്കും."

"ശിക്ഷ വാങ്ങിയാൽ?"

"അപമാനമുണ്ടാകും."

"അപമാനപ്പെട്ടാൽ!"

"ഫാദർ അതും വകവയ്ക്കയില്ലെന്നാണോ പറയുന്നതു്? എന്നാൽ ഒന്നു പരീക്ഷിച്ചുകളയാം."

ക്രിസ്ത്യാനികളുടെ മതാചാരങ്ങളെ അവഹേളിക്കുവാൻ തക്കം നോക്കിയിരുന്ന പത്രങ്ങൾ പലതുണ്ടായിരുന്നു. അവയെല്ലാം ശിവറാമിനെ അനുമോദിച്ചും വൈദികന്മാരെ അധിക്ഷേപിച്ചും മുഖപ്രസംഗങ്ങൾ പ്രസിദ്ധപ്പെടുത്തി. രാഷ്ട്രത്തിനനർത്ഥമെന്നു ഭാവിക്കുന്ന ഒരു മതത്തെ നിർമ്മൂലനംചെയ്യുവാൻ അവ ഗവൺമെന്റിനു് ഉൽബോധനം കൊടുത്തു. ഫാദർ പീയൂസ് ഒരു മോഷണക്കേസിലെ പ്രതിയായിത്തീർന്നതിൽ ചില പശ്ശിയവാദികൾ സന്തോഷിക്കയുണ്ടായി. എന്നാൽ നീതിയെപ്രതി പീഡനങ്ങൾ സഹിക്കുന്നു അദ്ദേഹം എന്നാണു നിഷ്പക്ഷവാദികൾ അഭിപ്രായപ്പെട്ടതു്. വളരെ വാശിയോടുകൂടി നടന്നു കേസ്. വക്കീലന്മാർ വൈദികരെ ആക്ഷേപിക്കുവാൻവേണ്ടി കരുതിക്കൂട്ടി ചോദിച്ചു അനേകം ചോദ്യങ്ങൾ. ചിലർക്കു കൃതാർത്ഥതയുണ്ടായി. എന്നാൽ അമർഷംകൊണ്ടവരുമുണ്ട്.

"നമുക്കുപകാരംചെയ്ത ആ ഫാദറിന്റെ പേരിൽ നിങ്ങൾ എന്തിനാണു കേസുകൊടുത്തതു്?" ചോദിച്ചു സരസ്വതിയമ്മ.

"ഇരിക്കപ്പൊറുതി വേണ്ടേ? എന്റെ ചില പ്രോട്ടസ്റ്റന്റു സ്നേഹിതന്മാരും ഹൈന്ദവസ്നേഹിതന്മാരും നിർബന്ധിച്ചു കേസുകൊടുത്തില്ലെങ്കിൽ എന്നോടുള്ള സ്നേഹമേ അവർ ഉപേക്ഷിക്കുമെന്നു ഭീഷണിപ്പെടുത്തി."

"അർത്ഥമില്ലാത്ത ഭീഷണികൾക്കു വഴങ്ങി എന്റെ ഭർത്താവു് ഒരു അനീതി പ്രവർത്തിക്കുമെന്നു് ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല."

"യാതൊരു അനീതിയും പ്രവർത്തിക്കണമെന്നു് എനിക്കുദ്ദേശമില്ലായിരുന്നു. മോഷ്ടാവാരെന്നറിയുവാൻ ഒരു ഭീഷണി പ്രയോഗിക്കണമെന്നേ കരുതിയുള്ളു. പക്ഷേ ഒടുവിൽ ഞാൻതന്നെ അപകടത്തിൽ ചാടി."

"ആ അപകടം എനിക്കു മനസ്സിലാകുന്നില്ല. നിങ്ങൾതന്നെയല്ലേ കുമ്പസാരം എന്നാൽ എന്താണെന്നും അതു പുറത്തു പറയുവാൻ പാടില്ലാത്ത രഹസ്യമാണെന്നും എന്നെ പറഞ്ഞു മനസ്സിലാക്കിയതു്?"

"അതു ശരി. പക്ഷേ അതിന്റെ പരിപാവനതയെ കാക്കുവാൻ കേസോ, മാനഹാനിയോ, ജീവഹാനിയോ തൃണവൽഗണിച്ചുകളയും ഒരു കത്തോലിക്കാവൈദികൻ എന്നു വിചാരിക്കുവാൻമാത്രം പഠനം എനിക്കുണ്ടായിരുന്നില്ല."

"ഇപ്പോഴെങ്കിലും അതു പഠിച്ചുകാണുമല്ലോ. അതുകൊണ്ടു് ആ കേസു വേഗം പിൻവലിച്ചു് മഹാമനസ്കനായ അദ്ദേഹത്തോടു ക്ഷമായാചനംചെയ്യണം. പല രാത്രികളായി ഞാൻ ഉറങ്ങിയിട്ടു്. നമുക്കു ഏതോ നാശംവരാൻ പോകുന്നു എന്നൊരു ഭീതി."

"പ്രിയപ്പെട്ട സരസ്വതി, നീ ഇതു നേരത്തെ എന്നോടു പറയേണ്ടതായിരുന്നു. ഈ വിപത്തിൽനിന്നും തലവലിക്കേണ്ടതു് എങ്ങനെ എന്നു ഞാൻ ആലോചിച്ചുതുടങ്ങിയിട്ടു മാസങ്ങൾതന്നെ കഴിഞ്ഞു."

"എന്നാൽ കേസു് ഉടനെ പിൻവലിക്കതന്നെവേണം."

ശിവറാം പുറത്തേക്കിറങ്ങി.

മനോഹരമായ ഒരു സന്ധ്യാസമയം. ശിവറാമിന്റെ ബംഗ്ലാവിൽ ആനന്ദം ഓളംവെട്ടിനിൽക്കുന്നു. ഫാദർ പീയൂസ് ഇപ്പോൾ അവിടത്തെ ഏററംവലിയ സുഹൃത്താണ്. സ്വന്തം പിതാവിനോടെന്നപോലെ അവർ ഇരുവരും അദ്ദേഹത്തോടു ഭക്തിബഹുമാനങ്ങൾ പ്രദർശിപ്പിക്കുന്നു. കമനീയമായ ഒരു വട്ടമേശ നടുക്കു്; അതിനു ചുററിലും വെ

(ശേഷം 9-ാം പേജിൽ)

പ്രഭാഷണം

# വലിയ തിന്മ

"തിന്മയിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളേണമെ" (കർത്തൃപ്രാർത്ഥനയിലെ അവസാനയാചന)

"സ്ത്രീയിൽനിന്നു ജനിക്കുന്ന മനുഷ്യനു കുറച്ചു സമയം മാത്രമെ ജീവിക്കുവാനുള്ളു: അതാകട്ടെ ദുരിതങ്ങളാൽ സമ്പൂർണ്ണവുമാണു" (യോബ് XIV, 1).

തിന്മ—ദുരിതങ്ങളും ദുഃഖങ്ങളും പാപങ്ങളും ദുഷ്ടതയും—നമ്മുടെ ചുററും നടമാടുന്നുണ്ടെന്നുള്ളതു് അവിതർക്കിതമായ ഒരു പരമാർത്ഥമാണു്. നാം ശ്വസിക്കുന്ന വായുവും കുടിക്കുന്ന വെള്ളവുംപോലെ അത്ര സാധാരണമാണു് ലോകത്തിൽ തിന്മ. കവികൾ അതിനെക്കുറിച്ചു പാടിയിട്ടുണ്ടു്; വേദശാസ്ത്രജ്ഞന്മാർ അതിനെക്കുറിച്ചു ചർച്ചചെയ്തിട്ടുണ്ടു്; തത്വവാദികൾ അതിന്മേൽ തലപുകച്ചിട്ടുണ്ടു്. ഒരു പുരാതനകവിയായ ലുക്രേഷ്യസ് പറയുന്നു: "ക്ഷോഭിച്ച തിരമാലകളാൽ സമുദ്രതീരത്തു് അടിച്ചുകയററപ്പെട്ട ഒരു നാവികനെപ്പോലെ ശിശു, നഗ്നനായും നിസ്സാരശക്തിയില്ലാത്തവനായും ആലംബഹീനനായും ജീവിതം ആരംഭിക്കുന്നു. അവൻ ലോകരംഗത്തു് പ്രവേശിക്കുന്ന ആ മാത്രയിൽ തന്നെ അശുഭസൂചകമായ രോദനംകൊണ്ടു് പരിസരങ്ങളെ മാറ്റൊലികൊള്ളിക്കുന്നു. ഇതു് ഒട്ടും നിരർത്ഥകമല്ല. എന്തുകൊണ്ടെന്നാൽ ഈ ദുർഭഗനു് വളരെയധികം തിന്മകളെ തരണം ചെയ്യേണ്ടതായിട്ടുണ്ടു്." പൂർവ്വപിതാവായ യോബിന്റെ മുകളിലുദ്ധരിച്ച വാക്യവും ഈ ആശയംതന്നെ ഉൾക്കൊള്ളുന്നുണ്ടു്.

പുരാതനഗ്രീക്കുകാർ പദാർത്ഥം അനശ്വരമാണെന്നു വിശ്വസിച്ചു ഈശ്വരൻ ഗുണമൂലവും പദാർത്ഥം ദോഷമൂലവുമായും അവർ സങ്കല്പിച്ചു. പദാർത്ഥം ഈശ്വരനിയമനത്തിനു് അധീനമാകാതിരുന്നതിൽനിന്നാണു് തിന്മകളുടെ ഉത്ഭവമത്രെ. ഭൗതികവാദികൾ തിന്മകളുടെ പാരമാർത്ഥ്യം ഉൽഘോഷിക്കയും അതേ സമയം സ്നേഹമൂർത്തിയും സർവ്വജ്ഞനുമായ ഒരു ദൈവത്തിന്റെ അസ്തിത്വത്തിനു് അവ വിരുദ്ധമാകയാൽ ഈശ്വരബോധംതന്നെ അവർ തിരസ്കരിക്കയും ചെയ്യുന്നു മനിക്കേയരുടെ അഭിപ്രായം, പരമനന്മ, പരമതിന്മ എന്നിങ്ങനെ രണ്ടു ഭിന്നതത്വങ്ങൾ ഈ ലോകത്തിലുണ്ടെന്നാണു്. ഇവയിൽ പരമമായ തിന്മയിൽനിന്നാണു് ഈ ലോകത്തിലെ സകല ദുഃഖങ്ങളും ഉത്ഭവിക്കുന്നതത്രെ. പാഴ്സികളും ഈ അഭിപ്രായംതന്നെയാണു് സ്വീകരിക്കുന്നതു്. അസ്തിത്വംതന്നെ ഒരു തിന്മയാണെന്നാണു് ബുദ്ധമതക്കാർ പറയുന്നതു്; കാരണം, ഈ ജീവിതത്തിൽ ഒരിക്കലും ശാന്തി ലഭിക്കയില്ല. ഹിന്ദുക്കളിൽ പലരും ജീവിതക്ലേശങ്ങൾ കർമ്മഫലമാണെന്നു—പൂർവ്വജന്മങ്ങളിൽചെയ്തിട്ടുള്ള പ്രവൃത്തികളുടെ ഫലാനുഭവമാണെന്നു—വിശ്വസിക്കുന്നു. ക്രൈസ്തവതത്വശാസ്ത്രം ദുഃഖങ്ങളുടെ യഥാർത്ഥസ്വഭാവം, ഉത്ഭവം, ഉദ്ദേശ്യം ആദിയായവ സമ്യക്കായി പ്രതിപാദിച്ചിട്ടുണ്ടു്. 4-ാം ശതകത്തിൽ വി. ആഗസ്തീനോസ് ഇപ്രകാരമെഴുതി: "തിന്മ ഒരു സത്തയല്ല; അതു നന്മയുടെ അഭാവമാകുന്നു." അതായതു് അവശ്യം വേണ്ടിയിരുന്ന ഒരു സത്തയുടെ അസാന്നിദ്ധ്യമാണു തിന്മയെന്നു പറയുന്നതു്. ഈ അസാന്നിദ്ധ്യം ഒരു യഥാർത്ഥവസ്തുവിലേ സംഭവിക്കയുള്ളു. ഉദാഹരണമായി അന്ധത, കാഴ്ച അവശ്യം വേണ്ട ഒരു ജീവിക്കു അതില്ലാതിരിക്കുക; പല്ലുവേദന, പല്ലുകളുടെ സ്വാഭാവികപ്രവർത്തനത്തിനു് ആവശ്യകമായ ഒരു സ്നായുവിനു് നേരിടുന്ന വൈകല്യം.

മനുഷ്യനെ സംബന്ധിച്ചേടത്തോളം തിന്മകളെ പ്രകൃതിജന്യങ്ങ(Physical)ളെന്നും, ധാർമ്മിക(Moral)ങ്ങളെന്നും ഇരണ്ടായി തിരിക്കാം. ശരീരത്തിനേയും മനസ്സിനേയും ബാധിക്കുന്ന—രോഗം, മരണം, അജ്ഞത തുടങ്ങിയ—ദുഃഖങ്ങളാകുന്നു പ്രകൃതിജന്യങ്ങളായ തിന്മകൾ. ധാർമ്മികമായ തിന്മ അഥവാ പാപം, ഈശ്വരകല്പനകളുടെ മനഃപൂർവ്വമായ ലംഘനം—മനുഷ്യന്റെ സ്വാതന്ത്ര്യവ്യാപാരത്തിൽ സംഭവിക്കുന്ന മാർഗ്ഗഭ്രംശം—ആണു്. യാഥാർത്ഥ്യം നോക്കുന്നപക്ഷം ശാരീരികദുരിതങ്ങൾ ധാർമ്മികദുരിതങ്ങളായ പാപങ്ങളോളം ഗൗരവാവഹമല്ല. പക്ഷെ ഭൗതീകങ്ങളായ സുഖൈശ്വര്യങ്ങളിൽ ശ്രദ്ധാലുവായിരിക്കുന്ന മനുഷ്യൻ പ്രധാനമായി പരിഗണിക്കുന്നതു് ഭൗതീകതിന്മകളാണു്.

കൃതയുഗം അഥവാ സത്യയുഗം എന്നറിയപ്പെടുന്ന ഒരു കാലഘട്ടത്തിൽ മനുഷ്യൻ യാതൊരുതരം തിന്മകളാലും അസ്പൃഷ്ടനായി ഈശ്വരഹിതാനുവർത്തിയായി കഴിഞ്ഞുപോന്നിരുന്നെന്നു് പുരാണങ്ങൾ ഘോഷിക്കുന്നു. ഈ വസ്തുത ക്രൈസ്തവവേദാഗമത്തിലും വിശദമായി പ്രസ്താവിച്ചിട്ടുണ്ടു്. മനുഷ്യകുലത്തിന്റെ പ്രഥമപിതാക്കളായ ആദവും ഹവ്വായും പാപത്തിൽ നിപതിച്ചതാണു് തിന്മകളുടെ ഉത്ഭവഹേതു. അവർ സകലവിധതിന്മകൾക്കും അതീതരായി നിഷ്കളങ്കതയുടെയും ആനന്ദത്തിന്റെയും മൂർത്തികളെന്നോണം സൃഷ്ടിക്കപ്പെട്ടു. പാപം ചെയ്യുന്നതിനു മുമ്പു് അവർക്കു ദൈവപ്രസാദം, അമർത്യത, ക്ലേശരാഹിത്യം, പൂർണ്ണത, ജ്ഞാനം തുടങ്ങിയ ഉൽകൃഷ്ടവരങ്ങൾ ഉണ്ടായിരുന്നു. എന്നാൽ അധഃപതനാനന്തരം ദൈവപ്രസാദവരവും മററു സ്വാഭാവാതീതദാനങ്ങളും അവനു നഷ്ടപ്പെട്ടു അവൻ മൃത്യുവശഗനും ക്ലേശങ്ങൾക്കു പാത്രവുമായി. സ്വാഭാവികഗുണങ്ങൾക്കുതന്നെ അപകർഷം സംഭവിക്കയും ദുർവികാരങ്ങൾ ശക്തി പ്രാപിക്കയും ചെയ്തു ബുദ്ധിയും മന്ദീഭവിച്ചു. ഇങ്ങനെയാണു ദുരിതങ്ങളുടെ ഉത്ഭവം. തന്നിമിത്തം സകല തിന്മകളുടേയും ഉത്ഭവസ്ഥാനമായ പാപം ഏറ്റവും വലിയ ഒരു തിന്മയായിരിക്കുന്നെന്നുള്ളതു സ്പഷ്ടമാണല്ലൊ.

മനുഷ്യന്റെ ജീവിതോദ്ദേശ്യം ദൈവത്തെ പ്രാപിക്കുകയെന്നുള്ളതാണു്. മരണത്തോടുകൂടി എല്ലാം അവസാനിക്കുന്നില്ല; കഴിമാനില്ലാത്തവും ഒരു ജീവിതമുണ്ടു്—സനാതനമായ പാരത്രികജീവിതം. ഐഹികജീവിതം സ്വർഗ്ഗസമ്മാനലബ്ധിക്കുള്ള ഒരു പരീക്ഷണകാലമാണു്; സ്വർഗ്ഗീയഭവനത്തിലേക്കുള്ള ഒരു യാത്രയാണു്, ദൈവത്തെ പ്രാപിക്കുന്നതിനുള്ള ഒരു ക്രമമാണു്. ഈ തത്വങ്ങൾ മുറുകെപ്പിടിച്ചുകഴിഞ്ഞാൽ മനുഷ്യന്റെ ഏററവും വലിയ തിന്മ പാപമാണെന്നു നമുക്കു ബോദ്ധ്യമാകും. എത്ര കടുത്ത ദാരിദ്ര്യമായാലും, എത്ര അസഹനീയമായ രോഗപീഡയായാലും, എത്ര ആഴമേറിയ മനോവേദനയായാലും അവയൊന്നുംതന്നെ നമ്മുടെ ജീവിതലക്ഷ്യപ്രാപ്തിയിൽനിന്നു നമ്മെ വ്യതിചലിപ്പിക്കയില്ല; ദൈവത്തിൽനിന്നു നമ്മെ അകററുകയില്ല. എന്നാൽ, നേരെമറിച്ചു് പാപം ചെയ്യുമ്പോൾ നാം ദൈവത്തെ ഉപേക്ഷിക്കയും ധിക്കരിക്കയും ചെയ്യുന്നു; നമ്മുടെ ആത്മാവിന്റെ ജീവനാകുന്ന പ്രസാദവരം നശിക്കയും ആദ്ധ്യാത്മികമായ മരണം നമുക്കു സംഭവിക്കയും ചെയ്യുന്നു; സ്വർഗ്ഗം നമുക്കു് നഷ്ടപ്പെടുന്നുവെന്നു മാത്രമല്ല പാപാധിക്യത്താൽ ഭയങ്കരമായ നരകശിക്ഷയും നമുക്കു വിധിക്കപ്പെടുകയുംചെയ്യുന്നു നമ്മുടെ ജീവിതംതന്നെ പാഴായിപ്പോകുന്നു. "ലോകം മുഴുവനും നീ നേടിയാലും നിന്റെ ആത്മാവു നശിച്ചാൽ നിന്റെ നേട്ടംകൊണ്ടെന്തു ഫലം?" എന്നുള്ള ചോദ്യത്തിൽ സംഭരിതമായിരിക്കുന്ന അർത്ഥം നാം ഗ്രഹിക്കണം. അപ്പോൾ ആത്മാവിനെ നശിപ്പിക്കുന്ന ഏക ഹേതുവായ പാപം എത്ര വലിയ തിന്മയാണെന്നു നമുക്കു സ്പഷ്ടമാകും. വിശ്വാസത്തിന്റെ ഉൾക്കണ്ണുകൾകൊണ്ടു നോക്കുമ്പോൾ ഈ തിന്മയുടെ ഗൗരവം ഉപര്യുപരി വ്യക്തമാകയും ചെയ്യും. "തിന്മയിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളേണമെ" എന്നുള്ള യാചനയിൽ ഭൗതികങ്ങളായിട്ടുള്ള തിന്മകളിൽനിന്നു മാത്രമല്ല, സർവ്വോപരി, ഏററവും വലിയ തിന്മയായ പാപത്തിൽനിന്നും ഞങ്ങളെ കാത്തുരക്ഷിക്കേണമെ എന്നു ഹൃദയപൂർവ്വം നാം അഭ്യർത്ഥിക്കണം.

"നന്മയെ തിന്മയെന്നും തിന്മയെ നന്മയെന്നും വിളിക്കുന്ന നിങ്ങൾക്കു ദുരിതം" (ഇസ. V—20) എന്ന ഇസയ്യാസ് ദീർഘദർശിയുടെ ശാപവാക്യങ്ങൾ ശ്രവിക്കുമ്പോൾ ഇന്നത്തെ ജനങ്ങൾ ഭയവിഹ്വലരാകണം. പാപം അത്ര കാര്യമായ ഒരു തിന്മയല്ലെന്നും, അതു് അത്ര തന്നെ നിഷിദ്ധമല്ലെന്നും, അതിനെച്ചൊല്ലി ഇത്രയേറെ വ്യസനിക്കുവാനും ഭയപ്പെടുവാനുമില്ലെന്നും, പോരാ, പ്രകൃതിവാസനകൾക്കനുസരിച്ചു ജീവിക്കുന്നതു നന്മയാണെന്നും, ജീവിതത്തിൽ വിജയം കൈവരിക്കുവാൻ വേണ്ടി ചെയ്യുന്നതെല്ലാം പരമുഷമാണെന്നും പെരുമ്പറയടിച്ചു കാണിക്കുന്ന ഒരു ലോകത്തിൽ പാപത്തിന്റെ നികൃഷ്ടതയും നിഷിദ്ധതയും അതിൽ നിന്നുൽഭവിക്കുന്ന വലിയ തിന്മയും നാശവും മൂണ്ടിക്കാണിച്ചുകൊണ്ടു തങ്ങളുടെ ജീവിതം നയിക്കേണ്ടുമതലൊരോരോ കത്തോലിക്കനുമുണ്ടെന്നുള്ളതു് പ്രത്യേകം ശ്രദ്ധേയമാണു്. ഭൗതികമാത്രമായ ഇന്നത്തെ അന്തരീക്ഷത്തിൽ ജീവിക്കുന്നതുകൊണ്ടു് പാപത്തെക്കുറിച്ചുള്ള ഭയവും വെറുപ്പും നമ്മിൽ ക്രമേണ കുറഞ്ഞുവരുന്നുണ്ടോ എന്നു നാം പരിശോധിച്ചുനോക്കണം. പാപത്തെക്കാൾ മരണം എന്നുള്ള മുദ്രാവാക്യത്തെ മുറുകെപ്പിടിച്ചുകൊണ്ടു ജീവിച്ചു മരിച്ചവരല്ലെ ലക്ഷക്കണക്കിനുള്ള വിശുദ്ധന്മാർ? ഫ്രാൻസിലെ ബ്ലാങ്ക് രാജ്ഞി തന്റെ പുത്രനായ ലൂയിസ് ഒരു പാപം ചെയ്യുന്നതിനെക്കാൾ അവന്റെ മൃതശരീരം കാണുന്നതിനിഷ്ടപ്പെട്ടതു് പുത്രവാത്സല്യത്തിന്റെ കുറവുകൊണ്ടല്ല, പ്രത്യുത, പാപത്തോടുള്ള വെറുപ്പുകൊണ്ടാണു്. "കുട്ടികളേ, നിങ്ങൾ കളിച്ചുവിനോദിച്ചുകൊള്ളുവിൻ; പക്ഷെ പാപം ചെയ്യരുതു്" എന്നു വി. ഡോൺബോസ്കോ തന്റെ കുട്ടികളോടുപദേശിച്ചിരുന്നതും ഇതുകൊണ്ടല്ലയോ? പത്തോ നൂറോ രൂപ നഷ്ടപ്പെടുമ്പോൾ നമുക്കുണ്ടാകുന്ന വ്യസനവും പരിഭ്രമവും ഒരു ചാവുദോഷം ചെയ്യുമ്പോൾ നമുക്കു് അനുഭവപ്പെടുന്നുണ്ടോ, എന്നു ഓരോരുത്തനും പരിശോധിച്ചുനോക്കട്ടെ. സാംക്രമിക രോഗങ്ങൾ പിടിപെടാതിരിപ്പാൻ പലേ പരിരക്ഷകളും മുൻകരുതലുകളും ചെയ്യുകയും, ആ സാഹചര്യങ്ങളിലേക്കു സന്താനങ്ങളെ അയക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കയും ചെയ്യുന്ന കത്തോലിക്കർ പാപമാകുന്ന മാരകരോഗം പിടപെടാതിരിക്കാൻ പരിരക്ഷകളും മുൻകരുതലുകളുമെടുക്കയും തങ്ങളുടെ സന്താനങ്ങൾ പാപസാഹചര്യങ്ങളിൽ വർത്തിക്കുന്നുണ്ടോ എന്നു് അന്വേഷിക്കയും ചെയ്യാറുണ്ടോ? രോഗത്തിനു ചികിത്സിക്കുവാനും വിശപ്പിനു ഭക്ഷിക്കുവാനും മക്കൾക്കു് ഉന്നതവിദ്യാഭ്യാസവും ഉദ്യോഗവും നൽകുവാനും തത്രപ്പെടുന്നവർ പാപത്തിൽനിന്നു കുമ്പസാരംവഴി രക്ഷപ്രാപിക്കുന്നതിനും ആദ്ധ്യാത്മികഭക്ഷണമായ വി. കുർബാന സ്വീകരിക്കുവാനും മക്കൾക്കു മതപഠനം നൽകുവാനും ഉത്സാഹിക്കാറുണ്ടോ? പാപത്തോടുള്ള പോരാട്ടത്തിൽ ദൈവത്തിന്റെ സഹായഹസ്തം നമുക്കു ആലംബമായിരിക്കും. കാരണം "പാപം വർദ്ധിച്ചിരിക്കുന്നിടത്തു ദൈവവരപ്രസാദവരം അതിലധികം സമൃദ്ധമായിട്ടുണ്ടു്."

(ജെ. ചെമ്മണൂർ)

—

## അസ്സീസിയുടെ ആദർശങ്ങൾ

(12-ാം പേജ് തുടർച്ച)

യും ദ്വേഷ്യാഗ്രഹവും അല്ലയോ? അവയ്ക്കെല്ലാക്കയും ഒരു പരിഹാരമുണ്ടാക്കി, ക്രിസ്തീയമായ സൗഹാർദ്ദവും, ജീവിതലാളിത്യവും, ഉപവിയും, ഔദാര്യബുദ്ധിയും നീതിയും, ആന്തരികദാരിദ്ര്യവും സംജാതമാക്കേണ്ടതു് സാമുദായികസുസ്ഥിതിക്കു, രാഷ്ട്രീയശാന്തിക്കുതന്നെയും, അത്യാവശ്യമല്ലയോ? സമുദായത്തിന്റെ അടിത്തറ ഒന്നു പുതുക്കിപ്പണിയുന്നതിനു് 13-ാം ശതകത്തിൽ അസ്സീസിയുടെ ആദർശങ്ങൾക്കു സാധിച്ചുവെങ്കിൽ, ആ മഹാകാര്യം 20-ാം ശതകത്തിലും അതേ ആദർശങ്ങൾക്കു തീർച്ചയായും സാധിക്കും.

—

## കുർബാനയോടുകൂടി ആരംഭിച്ചു

മി ജെ. പി. ഹേർഡ് മാക്‌ഗ്രാത്തു് അമേരിക്കൻ ഐക്യനാടുകളുടെ അററാർണീജനറലായി ചാർജ്ജെടുക്കുന്നതിനുമുമ്പു് വാഷിംഗ്ടനിലെ സ്വഭവനത്തിൽവച്ചു് പ. കുർബാനയിൽ ശുശ്രൂഷിക്കുകയുണ്ടായി. 8 കൊല്ലംമുമ്പു് ആരംഭിച്ച ഒരു പതിവാണിതു്. ഉന്നതമായ ഏതെങ്കിലും ഒരു പുതിയ ഉദ്യോഗം സ്വീകരിക്കുന്നതിനുമുമ്പെല്ലാം സ്വന്തഭവനത്തിൽ വിശുദ്ധബലിയർപ്പിക്കുന്നതിനു് അദ്ദേഹം ഏർപ്പാടുചെയ്തിരുന്നു. മി. മാക്‌ഗ്രാത്തു് ഒരു പ്രാവശ്യം അമേരിക്കൻ ഐക്യനാടുകളുടെ സോലിസിററർ ജനറലും മൂന്നു പ്രാവശ്യം റോഡ് (Rhode) ദ്വീപിലെ ഗവർണ്ണരുമായിരുന്നിട്ടുണ്ടു്. 1947-ൽ അദ്ദേഹം ഐക്യനാടുകളിലെ ഒരു സെനററംഗമായി.


—

## നിങ്ങൾക്കറിയാമോ?

(2-ാം പേജ് തുടർച്ച)

(ഉത്തരം)

വഴിയിൽവച്ചു് ഒരു സിംഹം സംസോനെ എതിർത്തു. അദ്ദേഹം അതിനെ ഒരാട്ടിൻകുട്ടിയെ എന്നവണ്ണം വലിച്ചുകീറി ദൂരെ എറിഞ്ഞു. കുറെദിവസങ്ങൾക്കുശേഷം അദ്ദേഹം ആ വഴി കടന്നുപോയപ്പോൾ ചത്തുകിടന്ന സിംഹത്തിന്റെ വായിൽ ഈച്ചകൾ കൂടുണ്ടാക്കി തേൻ ശേഖരിക്കുന്നതായി കണ്ടു. അദ്ദേഹം ആ തേനെടുത്തു ഭക്ഷിക്കുകയും, തന്റെ മാതാപിതാക്കന്മാർക്കു കൊടുക്കുകയും ചെയ്തു. ആത്മീയമായി മൃതിയടഞ്ഞ് തന്ന യഹൂദവംശത്തിൽനിന്നു് മാധുര്യപൂർണ്ണയായ അമലോത്ഭവരാജ്ഞി ജാതയായ സംഗതി ഇവിടെ അനുസ്മരിക്കപ്പെടുന്നു.

ST. ALOYSIOUS ELECTROPLATING WORKS AND CATHOLIC DEPOT,

MUNICIPAL OFFICE ROAD, TRICHUR.

PROPRIETOR; C. O. LOUIS.

*Large stock of Catholic devotional articles in Silver and Electroplated ready for sale viz:*

1· Chalices 2· Ciboriums 3· Monstrances 4· Incense Boats 5· Thuribles 6· Communion Plates 7· Candle-sticks 8. Holy Oil Stoks Etc·

AND ALL KINDS OF CHURCH REQUISITES

NEAT ELECTROPLATING

*N· B. Prepared to go over to anywhere for neat execution if so wanted·*

കർബാനക്കുപ്പായം, കാപ്പ മുതലായ വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്സ്, ബ്രോഡ്‌വെ- എറണാകുളം

# Sathya Deepam

Vol. 23 | Ernakulam October 5 1949 | No. 8


# അസ്സീസിയുടെ ആദർശങ്ങൾ


(കെ. ഇ. ജോബ്, എം. എ., എൽ. ടി.)


ഒക്ടോബർ മാസം ആദ്യവാരത്തിലാണല്ലോ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ പ്രതിവത്സരം കത്തോലിക്കാതിരുസ്സഭയിൽ ആഘോഷിക്കപ്പെട്ടുവരുന്നത്. ആകയാൽ ഈ അവസരത്തിൽ അസ്സീസിയുടെ ആദർശങ്ങളെപ്പററിയുള്ള ചില സാമാന്യചിന്തകൾ സത്യദീപവായനക്കാർക്ക പ്രയോജകീഭവിക്കുമെന്നു വിശ്വസിക്കട്ടെയോ?

ഫ്രാൻസിസ് അസ്സീസി ജീവിച്ചിരുന്നത് 13-ാം ശതകാരംഭത്തിലായിരുന്നു. അക്കാലത്തു യൂറോപ്പു ഭൂഖണ്ഡത്തിലെ ആളുകൾ ക്രിസ്തീയവിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും, മിശിഹായുടെ ജീവിതരംഗങ്ങൾ മുസ്ലിംശക്തിയിൽനിന്നു വീണ്ടെടുക്കുന്നതിനുവേണ്ടി തീവ്രപ്രയത്നങ്ങൾ ചെയ്യുകയും ചെയ്തിരുന്നു എന്നുള്ളതു ചരിത്രപ്രഖ്യാപിതമായ ഒരു വാസ്തവമാണ്. എന്നുവരികിലും സാമുദായികമായ പലതിന്മകൾ അന്നും പാശ്ചാത്യലോകത്തിൽ നടമാടിയിരുന്നു. ഈ തിന്മകളെ ഉന്മൂലനംചെയ്ത്, ക്രൈസ്തവാദർശങ്ങളെ പുനരുജ്ജീവനം ചെയ്യണമെന്നുള്ളതായിരുന്നു ആ വിശുദ്ധനു മിശിഹായിൽനിന്നും ലഭിച്ച ആജ്ഞ.




12-ാം ശതകത്തിലെ സാമുദായിക ദൂഷ്യങ്ങളെപ്പററി 13-ാം ലെയോൻ മാർപ്പാപ്പാ 1882 സെപ്തംബർ 17-ാം നു എഴുതി പ്രസിദ്ധപ്പെടുത്തിയ അവുസ്പിക്കാത്തോ എന്ന വിശ്വലേഖനത്തിൽ വിവരിച്ചിരിക്കുന്നതു ഇങ്ങനെയാണ്:—

"ബഹുമതികളുടെയും ധനത്തിന്റെയും പുറകെ അന്ധരായിപ്പോകുകയും, ആഡംബരങ്ങളിലും അശനശയനാദികളിലും തങ്ങളുടെ ജീവിതംമുഴുവൻ ചെലവഴിക്കുകയും ചെയ്തുവന്ന ലോകായതികന്മാരുടെ എണ്ണം അന്നു അധികമായിരുന്നു. ചുരുക്കം ചില വ്യക്തികൾക്കു അന്നു സീമാതീതമായ അധികാരങ്ങളും സ്വാധീനവും ലഭിച്ചു. ഇവരുടെ പ്രശസ്തിയും സ്വാധീനബലവുമെല്ലാം, അശരണരായ പാവങ്ങളെ മർദ്ദിക്കുന്നതിനാണു ഉപയോഗപ്പെടുത്തിയിരുന്നതു. ഇപ്രകാരമുള്ള മർദ്ദനങ്ങളിൽനിന്നും പാവപ്പെട്ടവരെ രക്ഷിക്കുന്നതിനു ചുമതലയുള്ള സ്ഥാനങ്ങളിൽ ഇരുന്നവർപോലും, ഈ വക പാപങ്ങളുടെ അടിമകളായിരുന്നു. ക്രിസ്തീയ ഉപവി പാടെ അസ്തമിച്ചു. അപ്പോൾ അസൂയ, മത്സരം, വിദ്വേഷം ഇവ തഴച്ചുവളരുകയും ചെയ്തു. തന്മൂലം ഏററം ചെറിയ പ്രകോപനം മതിയായിരുന്നു, അയൽരാജ്യങ്ങൾ തമ്മിൽ കൊടിയയുദ്ധങ്ങൾ ആരംഭിക്കുവാനും, വ്യക്തികൾ തങ്ങളുടെ തർക്കങ്ങൾ തീർക്കുവാൻ വാളെടുക്കുവാനും." വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ 700-ാം ചരമവാർഷികം പ്രമാണിച്ച് 11-ാം പീയൂസ് മാർപ്പാപ്പാ 1926 ഏപ്രിൽ 30-ാം നു പ്രസിദ്ധപ്പെടുത്തിയ റീതെ എക്സ്പിയാത്തിസ് എന്ന വിശ്വലേഖനത്തിലും അക്കാലത്തെ സാമുദായികദൂഷ്യങ്ങളെപ്പററി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

ഇങ്ങനെയുള്ള സാമുദായികതിന്മകളിൽനിന്നും അന്നത്തെ ലോകത്തെ രക്ഷിക്കുവാനായി ഇററലിയിലെ ഒരു ചെറുനഗരമായ അസ്സീസിയിൽനിന്നും "സൂര്യനെപ്പോലെ ഫ്രാൻസിസ് ഉയർന്നുവന്നു" എന്നും, "അന്ധകാരത്തെ തട്ടിമാററുന്ന പൊൻപുലരിപോലെയും, പാതിരാക്കൂരിരുട്ടിൽ പ്രഭചൊരിയുന്ന വെള്ളിനക്ഷത്രം പോലെയും ഫ്രാൻസിസ് ശോഭിച്ചു" എന്നും, മഹാകവിയായ ഡാൻറി എന്ന മഹാൻ പാടിയിരിക്കുന്നതു തികച്ചും അന്വർത്ഥമാണെന്നു സകല ചരിത്രകാരന്മാരും ഇപ്പോൾ കൂപ്പുകൈയോടുകൂടി സമ്മതിക്കുന്നുണ്ട്. ഇത്ര ബൃഹത്തായ ഒരു സാമുദായികപരിവർത്തനം നടത്തുന്നതിനു ഫ്രാൻസിസിനു സാധിച്ചതെങ്ങനെയാണെന്നുള്ള ചോദ്യത്തിനുത്തരം ലഭിക്കണമെങ്കിൽ, അദ്ദേഹത്തിന്റെ ആദർശങ്ങളെന്തൊക്കെയായിരുന്നു എന്നു പരിശോധിച്ചുനോക്കിയാൽ മതിയാകുന്നതാണ്.

ഫ്രാൻസിസിന്റെ ആദർശങ്ങൾ സാക്ഷാൽ ലോകരക്ഷകനായ മിശിഹായുടെ ആദർശങ്ങൾതന്നെയായിരുന്നു. അദ്ദേഹം ലൗകികസമ്പത്തുകളെ വെറുക്കുകയും, ദാരിദ്ര്യമാകുന്ന കന്യകയെ സർവ്വാത്മനാ വരിക്കുകയും ചെയ്തു. "ഏതൊരു കുബേരനും തന്റെ സ്വർണ്ണപണ്ടങ്ങൾ സൂക്ഷിക്കുവാൻ പ്രദർശിപ്പിച്ചതിൽ കൂടുതൽ ജാഗ്രതയോടുകൂടിയാണ്, തന്റെ സുവിശേഷരത്നമായ ദാരിദ്ര്യത്തെ ഫ്രാൻസിസ് സൂക്ഷിച്ചതെന്നു" വിശുദ്ധനായ ബൊനവഞ്ചർ പ്രസ്താവിക്കുന്നു. ഡാൻറി എന്ന വിശ്വമഹാകവിയുടെ ചമൽക്കാരപരമായ ഭാഷയിൽ പറഞ്ഞാൽ, ദാരിദ്ര്യകന്യകയെ ഫ്രാൻസിസ് വിവാഹംചെയ്യുകതന്നെയാണു ചെയ്തിരുന്നതു. ഈഷലററ ഈ ദാരിദ്ര്യവ്രതത്തിന്റെ ഫലമായി, അദ്ദേഹത്തിൽ വിനയം എന്ന സുകൃതം വർദ്ധിക്കുകയും, തൽഫലമായി ജഡികസുഖാനുഭോഗപ്രസക്തിയും ലൗകിക വ്യാമോഹങ്ങളുമെല്ലാം അദ്ദേഹത്തെ സംപൂർണ്ണമായി വിട്ടുമാറുകയും ചെയ്തു. അദ്ദേഹം ഒരു സാമുദായിക പരിഷ്കർത്താവായിരുന്നു എങ്കിലും അദ്ദേഹം ക്രിസ്തീയ സഭാധ്യക്ഷനു സംപൂർണ്ണമായി കീഴ്വഴങ്ങുകയും, വിശുദ്ധ കുർബാനയുടെ മഹത്വത്തെ ആദരിച്ചു വൈദികരെ അത്യധികം ബഹുമാനിക്കണമെന്നു ജനങ്ങളെ ഉൽബോധിപ്പിക്കുകയും ചെയ്തിരുന്നു. മാനസികവും ശാരീരികവുമായ ചാരിത്രശുദ്ധിയെ അഭംഗമായി പരിപാലിക്കുന്നതിലും, തന്റെ പഞ്ചേന്ദ്രിയങ്ങളെ കണിശമായി നിയന്ത്രിക്കുന്നതിലും, ഫ്രാൻസിസ് സദാ ജാഗരൂകനായിരുന്നു. അശുദ്ധമായ ആഗ്രഹങ്ങളുണ്ടാകുന്ന അവസരത്തിൽ മുൾച്ചെടികളുടെ മദ്ധ്യേ കിടന്നുരുളുന്നതിനും, യൂറോപ്പിലെ അത്യുഗ്രമായ ശീതകാലത്തിൽ തണുത്തുറഞ്ഞ വെള്ളത്തിൽ ഇറങ്ങി നിൽക്കുന്നതിനും, അദ്ദേഹം തെല്ലും മടിച്ചിരുന്നില്ല. "ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു തീക്കട്ടപോലെ ഫ്രാൻസിസ് മുഴുവനായി ദൈവസ്നേഹാഗ്നിയാൽ കത്തിക്കാളി" എന്നാണു വിശുദ്ധ ബൊനവഞ്ചർ പറഞ്ഞിരിക്കുന്നതു. ആ ദൈവസ്നേഹാഗ്നിയുടെ ബാഹ്യപ്രകടനമായിരുന്നു അദ്ദേഹം സാധുക്കളോടും കുഷ്ഠരോഗികളോടും പ്രദർശിപ്പിച്ച ധീരോദാത്തമായ കാരുണ്യപ്രചുരിമ, അവരിലെല്ലാം അദ്ദേഹം മിശിഹായെത്തന്നെ ദർശിച്ചിരുന്നു.

ഫ്രാൻസിസിൽ പ്രകാശിച്ചിരുന്ന ഈ മഹാസുകൃതങ്ങൾ താമസിയാതെ യൂറോപ്പിലെ ബഹുസഹസ്രം ജനങ്ങളെ ആകർഷിക്കുകയും പ്രബുദ്ധരാക്കുകയും ചെയ്തതിൽ എന്താണൽഭുതം? പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തന്റെ മേൽവിവരിച്ച വിശ്വലേഖനത്തിൽ ഏതത്സംബന്ധമായി പറയുന്ന ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം:—

"ഫ്രാൻസിസിന്റെ വാക്കുകളും മാതൃകകളും വിസ്മയകരമായ ഫലങ്ങളെ ഉളവാക്കി ...............ഫ്രാൻസിസിന്റെ ചുററിലും എല്ലാ പ്രായത്തിലും നിലയിലുമുള്ള ജനതതി തിങ്ങിക്കൂടി. ഫ്രാൻസിസ് വസിച്ചിരുന്ന ഭവനത്തിനു ചുററിലും അഹോരാത്രം ജനങ്ങൾ തിങ്ങിക്കൂടുകയും, വിശുദ്ധനെ ഒരു കണ്ണു നോക്കുവാനും, അദ്ദേഹത്തിന്റെ സ്വരമൊന്നു കേൾക്കുവാനും, അദ്ദേഹത്തെ ഒന്നു സ്പർശിക്കുവാനും അവർ കാത്തുനിൽക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടാൽ അനുതപിക്കാത്ത പാപികളില്ലായിരുന്നു. അനേകർ തങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ചതിനു ശേഷം, സുവിശേഷത്തിലെ ജീവിതരീതി അവലംബിച്ചു. പൊതുവിൽ, ഫ്രാൻസിസിനെ ഭക്തവരെല്ലാം, തങ്ങളുടെ ജീവിതം നവീകരിക്കുകയും, ഫ്രാൻസിസിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും അനുസരിക്കുകയും ചെയ്തു."

ഇപ്രകാരം അസ്സീസിയുടെ ആദ്ധ്യാത്മികവും സാമുദായികവുമായ ആദർശങ്ങൾ സ്വീകരിച്ചുവക്കുവേണ്ടി അദ്ദേഹം ഓരോ സന്യാസസംഘങ്ങളും സന്യാസിനിസംഘങ്ങളും സ്ഥാപിക്കുകയും, അവർമൂലം, ക്രൈസ്തവരുടെ ഇടയിൽ സുവിശേഷോപദിഷ്ടമായ സാമൂഹ്യപരിവർത്തനം ഉളവാക്കുകയും, അവർമൂലം അജ്ഞാനാന്ധകാരത്തിൽ മുഴുകിയിരുന്ന ഇൻഡ്യാ, ചൈനാ മുതലായ രാജ്യങ്ങളിൽ സുവിശേഷദീപം പ്രകാശിപ്പിക്കുകയും ചെയ്തു. പുരുഷന്മാർക്കുവേണ്ടി അദ്ദേഹം സ്ഥാപിച്ച സഭയെ ഒന്നാംസഭയെന്നും, സ്ത്രീകൾക്കുവേണ്ടി അദ്ദേഹം സ്ഥാപിച്ച സഭയെ രണ്ടാംസഭയെന്നും വിളിച്ചുവരുന്നു. ഇവകൂടാതെ ലോകജീവിതം നയിച്ചുവരുന്ന സ്ത്രീപുരുഷന്മാർക്കുവേണ്ടി അദ്ദേഹം ഒരു മൂന്നാംസഭകൂടി സ്ഥാപിക്കുകയുണ്ടായി. അതിലും അനേകം സാധാരണജനങ്ങളും വൈദികരും, മെത്രാന്മാരും പ്രഭുക്കന്മാരും, രാജാക്കളും കർദ്ദിനാളന്മാരും, ചക്രവർത്തികളും മാർപ്പാപ്പാമാരും കാലാന്തരത്തിൽ അംഗങ്ങളായിച്ചേർന്നു. ഈ സഭാംഗങ്ങളുടെ മാതൃകകളും ഉപദേശങ്ങളും ഹേതുവായി പല രാജ്യങ്ങളിലുമുണ്ടായിരുന്ന പരസ്പരവിരുദ്ധതയും അസൂയയും ദരിദ്രമർദ്ദനവും ചൂഷണവും ദ്രവ്യാശയും അസ്തമിച്ചു. സുവിശേഷത്തിൽ ഉപദേശിക്കപ്പെട്ടിരിക്കുന്ന ദൈവഭക്തിയും സഹോദരസ്നേഹവും തന്മൂലം സമുദായമദ്ധ്യത്തിൽ പ്രശോഭിച്ചു. തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും പിന്നാലെ ചാരിത്രശുദ്ധിയും സന്മാർഗ്ഗികഗുണങ്ങളും ജനതാമദ്ധ്യത്തിൽ ധാരാളമായി വർദ്ധിച്ചു. കുബേരന്മാരുടെ ഇടയിലും കുചേലന്മാരുടെ മദ്ധ്യത്തിലും പലർ പുണ്യജീവിതം നയിച്ചുതുടങ്ങി. അങ്ങനെ ക്രിസ്തുവിന്റെ സ്നേഹോദിതമായ സാമൂഹ്യവാഴ്ച ക്രൈസ്തവരാജ്യങ്ങളിൽ വീണ്ടും പ്രകാശിക്കുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ സാമൂഹ്യജീവിതരംഗത്തിൽ ഏററവും വിസ്മയകരവും പ്രശംസനീയവുമായ ഒരു പരിവർത്തനംതന്നെ ഉളവാക്കുന്നതിനു അസ്സീസിയുടെ ആദർശങ്ങൾക്കു സാധിച്ചു.

ചരിത്രം ആവർത്തിക്കപ്പെടുന്നു എന്നുള്ളതു ഒരു പരമാർത്ഥംമാത്രമാണ്. 12—ം 13—ം ശതകങ്ങളിൽ യൂറോപ്പിൽ അനുഭവപ്പെട്ട സാമുദായികവും ആദ്ധ്യാത്മികവുമായ തിന്മകൾതന്നെയാണു 19—ം 20—ം നൂററാണ്ടുകളിൽ ലോകമാസകലം പ്രത്യക്ഷപ്പെട്ടുകാണുന്നതു. (The more the world changes, the more it remains the same.) "ലോകം എത്രത്തോളം വ്യത്യാസപ്പെടുന്നുവോ, അത്രത്തോളം അതു പഴയപടി തുടരും" എന്നു സ്പാനിഷ് ഭാഷയിൽ ഒരു പഴഞ്ചൊല്ലുണ്ട്. സാക്ഷാൽ ഇന്നും ഭൂമുഖത്തു നാം കാണുന്നതു വർഗ്ഗീയസമരവും സുഖലോലുപതവും പരസ്പരവിരോധവും അസൂയയും അനീതി


(ശേഷം 11-ാം പേജിൽ)



*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam